# പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 3

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2011



## ജമ്മുകാശ്മീരിലെ തിരഞ്ഞെടുപ്പു വിശേഷങ്ങൾ



## പഞ്ചായത്തുകളെ ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റും

സംസ്ഥാനത്തെ പഞ്ചായത്തുകളെ ദൈനംദിന ആവശ്യങ്ങൾക്ക് സാധാരണ ജനങ്ങൾക്ക് വിശ്വാസപൂർവ്വം സമീപിക്കുവാനുള്ള സ്ഥാപനങ്ങളാക്കി മാറ്റുവാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പഞ്ചായത്ത് ഭരണസമിതിയും ജനങ്ങളും തമ്മിൽ അകലം ഉണ്ടാകാൻ പാടില്ല എന്നതാണ് അഭിപ്രായം. അധികാര വികേന്ദ്രീകരണം അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമായാൽ തങ്ങളുടെ സ്വന്തം സ്ഥാപനമായി ജനങ്ങൾ പഞ്ചായത്തിനെ കാണുന്ന അവസ്ഥ സംജാതമാകും. ഈ ദിശയിലേക്കുള്ള നടപടികൾക്കായിരിക്കും തീർച്ചയായും മുൻതൂക്കം.

## സർക്കാരിന്റെ നൂറുദിന കർമ്മപരിപാടികൾ

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്



# ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 സുതാര്യവും അഴിമതിരഹിതവുമായ ഭരണം ലക്ഷ്യം
ഉമ്മൻചാണ്ടി

8 പഞ്ചായത്തുകളെ ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റും
ഡോ. എം.കെ. മുനീർ

10 പഞ്ചായത്തുകൾ കാൽ നൂറ്റാണ്ടിനപ്പുറം
പി.ടി. മാത്യു

11 മന്ത്രിമാരും വകുപ്പുകളും
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

12 സർക്കാരിന്റെ 100 ദിന പരിപാടികൾ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്







16 ചരിത്രം തിരുത്തിക്കുറിച്ചൊരു തിരഞ്ഞെടുപ്പ്
ഡോ. പി.പി. ബാലൻ



19 ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസത്തിന്റെ പ്രായോഗികതയും വനവത്ക്കരണവും
ലിപിൻരാജ് മരുതിക്കൽ



22 'പുര': നഗരസൗകര്യങ്ങൾ ഗ്രാമീണ മേഖലയിൽ
ഡോ. ജെ.ബി. രാജൻ

26 മലയാള ഭാഷയും ക്ലാസിക്കൽ പദവിയും
സി.കെ. രവീന്ദ്രൻ


28 കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011 - ഒരെത്തിനോട്ടം (2)
എൻ. സുരാജ്


32 പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ടിംഗ്
ഉദയഭാനു കണ്ടേത്ത്



35 ചുരുങ്ങുന്ന വനങ്ങൾ, തകരുന്ന ജീവിതങ്ങൾ
അജിത് വെണ്ണിയൂർ

38 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ






40 ഗ്രാമജീവിത കഥാനാടകഭൂവിൽ ഖനനം ചെയ്യുമ്പോൾ
പ്രൊഫ. എ.ജി. ഒലീന

41 സ്മാർത്ത വിചാരം (കവിത)
അശോകൻ സി.ജി.

41 കാക്ക പറയുന്നത് (കവിത)
അജിത് എഴക്കാട്

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




### ഹൃദയസ്പർശിയായി

മെയ് ലക്കം പഞ്ചായത്ത്‌രാജ് മാസികയിൽ ഡോ.എസ്. ശ്രീദേവി എഴുതിയ ലേഖനം (വിദ്യാഭ്യാസ ചിന്തകൾ) വളരെ ഹൃദയസ്പർശിയായിരുന്നു. പഴയ വിദ്യാലയ ജീവിതത്തെപ്പറ്റി ചിന്തിക്കുവാൻ ലേഖനം ഇടയാക്കി. പഴയകാലത്തെ രീതിയിലേക്ക് പൂർണ്ണമായി മാറുവാൻ കഴിയുകയില്ലെങ്കിലും കരുണയും സ്നേഹവും സമത്വവും ഉള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുവാൻ നാമൊരുമിച്ച് ആത്മാർത്ഥതയോടെ ശ്രമിച്ചാൽ തീർച്ചയായും കഴിയും. ഇതിനായി ഗ്രാമപഞ്ചായത്ത് തലം മുതൽ തുടക്കം കുറിക്കണം. തിരക്കേറിയ ഇന്നത്തെ സമൂഹം ഇതിനായി സമയം കണ്ടെത്തിയാൽ നല്ലൊരു ഭാവി തലമുറയെ സൃഷ്ടിക്കാം. അതിനായി പൊരുതേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

***ബെനി രാജ്,*** *കൂടരഞ്ഞി*

### ജനപ്രതിനിധികൾക്ക് മാർഗ്ഗനിർദ്ദേശമായി മാറി

പഞ്ചായത്ത് രാജ് മാസികയിൽ മെയ് ലക്കത്തിൽ മഴക്കാലത്ത് ഉണ്ടാകുന്ന രോഗങ്ങളെ കുറിച്ചും അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലിനെയും നടപടികളെക്കുറിച്ചും ഡോ. ആർ. അജയകുമാർ വർമ്മയും പ്രൊഫ. ഡോ. തോമസ് മാത്യുവും എഴുതിയ ലേഖനങ്ങൾ വളരെ വിജ്ഞാനപ്രദവും ജനപ്രതിനിധികൾക്ക് മാർഗ്ഗനിർദ്ദേശകവുമാണ്. ആർ. ഉണ്ണികൃഷ്ണൻ എഴുതിയ പകർച്ചവ്യാധി നിയന്ത്രണത്തിൽ പങ്കാളികളാവുക എന്ന ലേഖനം മഴക്കാലരോഗങ്ങളെക്കുറിച്ചും അത് നിയന്ത്രിക്കുന്നത് എങ്ങനെ എന്നും നല്ല അറിവ് നൽകുന്നതാണ്.

***രവികുമാർ,*** *നേമം, തിരുവനന്തപുരം*

## ഗുണഭോക്താക്കളിൽ 3 ശതമാനമെങ്കിലും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരായിരിക്കണം

വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രോജക്ടുകളുടെ ഗുണഭോക്താക്കളിൽ കുറഞ്ഞത് മൂന്ന് ശതമാനമെങ്കിലും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർ ആയിരിക്കണമെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും എല്ലാ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിലും മൂന്ന് ശതമാനത്തിൽ കുറയാതെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സംവരണം ചെയ്യണമെന്ന് 1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് (PWD Act) അനുശാസിക്കുന്നുണ്ട്. ഈ വ്യവസ്ഥ ഫലപ്രദമായി നടപ്പാക്കുന്നതിനാണ് 15.06.2007 ലെ 4827/ഡി.എ.1/2007/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പരിഷ്ക്കരിച്ച് ഉത്തരവായത്. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാ വ്യക്തിഗത തൊഴിൽ സംരംഭ പ്രോജക്ടുകളുടെയും വീട്, വീടുകളുടെ അറ്റകുറ്റപ്പണി, വീടുകളുടെ വയറിംഗ്, സാനിട്ടറി കക്കൂസ്, കുടിവെള്ള കിണർ മുതലായ കുടുംബങ്ങളെ അടിസ്ഥാനമാക്കിയുള്ള പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകളുടെയും ഗുണഭോക്താക്കളിൽ കുറഞ്ഞത് മൂന്ന് ശതമാനമെങ്കിലും നിർബന്ധമായും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആയിരിക്കണം. ഭൂവിസ്തൃതിയുമായി ബന്ധപ്പെടുത്തി ധനസഹായ നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പരിപാടികൾക്ക് ഈ നിർദ്ദേശം ബാധകമല്ല (ഉദാ: കാർഷികമേഖലയിലും മത്സ്യ വികസന മേഖലയിലും ഭൂവിസ്തൃതിയെ അടിസ്ഥാനമാക്കി ധനസഹായം നൽകുന്ന പരിപാടികൾ). എന്നാൽ കാലിവളർത്തൽ, മുട്ടക്കോഴി വളർത്തൽ തുടങ്ങി മൃഗസംരക്ഷണ മേഖലയിലെ വ്യക്തിഗത തൊഴിൽ സംരംഭ പ്രോജക്ടുകൾക്ക് ഇവ ബാധകമാണ്. വീട്, സാനിട്ടറി കക്കൂസ് തുടങ്ങി കുടുംബങ്ങളെ അടിസ്ഥാനമാക്കിയുള്ള പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകളുടെ കാര്യത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരംഗമെങ്കിലുമുള്ള കുടുംബത്തെ മേൽപ്പറഞ്ഞ പ്രകാരം സംവരണ ഗുണഭോക്തൃ കുടുംബമായി കണക്കാക്കാവുന്നതാണ്. (സ.ഉ.(സാധാ.) നമ്പർ.1360/2011/തസ്വഭവ, തീയതി 04.06.2011).

## ചെലവ് കണക്ക് നൽകാത്തവരെ അയോഗ്യരാക്കാൻ നടപടി തുടങ്ങി

തദ്ദേശഭരണ പൊതുതെരഞ്ഞെടുപ്പിൽ ചെലവ് കണക്ക് നൽകാത്തവരെ അയോഗ്യരാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി തുടങ്ങി. ഗ്രാമപഞ്ചായത്തിൽ മത്സരിച്ചവർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും ബ്ലോക്കിലെ സ്ഥാനാർത്ഥികൾ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും ജില്ലാ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ സ്ഥാനാർത്ഥികൾ ജില്ലാ കളക്ടർക്കുമാണ് ചെലവ് കണക്ക് നൽകേണ്ടിയിരുന്നത്. നിശ്ചിത സമയത്ത് കണക്ക് നൽകുന്നതിൽ വീഴ്ച വരുത്തിയവർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ കാരണം കാണിക്കൽ നോട്ടീസ് നൽകി തുടങ്ങി. നോട്ടീസ് ലഭിച്ച് ഇരുപത് ദിവസത്തിനകം കമ്മീഷന് വിശദീകരണം നൽകുകയും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് വിശദീകരണത്തിന്റെ പകർപ്പും ചെലവ് കണക്കും നൽകുകയും വേണം. ഇതിൽ വീഴ്ച വരുത്തുന്നവരെ ഇനിയൊരറിയിപ്പില്ലാതെ പഞ്ചായത്ത് രാജ് നിയമത്തിലെ 33-ാം വകുപ്പും മുൻസിപ്പാലിറ്റി നിയമത്തിലെ 89-ാം വകുപ്പും പ്രകാരം അയോഗ്യരാക്കി കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കും. അയോഗ്യരാകുന്നവർക്ക് അഞ്ചുവർഷത്തേക്ക് തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ കഴിയില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അറിയിച്ചു.



**പഞ്ചായത്ത് രാജ്**
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2011
പുസ്തകം 51
ലക്കം 3
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്,** ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

*എഡിറ്ററുടെ പേന*

## വാർഷിക ധനകാര്യപത്രികയും ആഡിറ്റും

**2010-11** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനു പരിശോധനയ്ക്കായി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഒരു സാമ്പത്തിക വർഷം അവസാനിച്ച് നാലു മാസങ്ങൾക്കകം ലോക്കൽ ഫണ്ട് ആഡിറ്റിന് വാർഷിക കണക്കുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകണമെന്നാണ് നിയമവ്യവസ്ഥ.

കേരള പഞ്ചായത്ത്‌രാജ്, മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരം പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ഓഡിറ്റർ ലോക്കൽ ഫണ്ട് ഡയറക്ടറാണ്. അതുകൊണ്ടുതന്നെ പ്രാദേശിക ഭരണരംഗത്ത് അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്നതിൽ വലിയൊരു പങ്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന ലോക്കൽ ഫണ്ട് ആഡിറ്റുമായി ബന്ധപ്പെട്ടിരിക്കുന്നു. 73,74 ഭരണഘടനാ ഭേദഗതിയെ തുടർന്ന് കേരളത്തിന് വികേന്ദ്രീകൃതാസൂത്രണത്തിലും അധികാര-ധന കൈമാറ്റത്തിലും തനത് മുദ്ര പതിപ്പിക്കുവാൻ കഴിഞ്ഞുവെങ്കിലും ഒമ്പതും പത്തും പഞ്ചവത്സരക്കാലയളവിൽ കൃത്യമായി കണക്കുകളെഴുതി സൂക്ഷിക്കാതിരുന്നത് വലിയ ആക്ഷേപങ്ങൾക്കിടവരുത്തിയിരുന്നു. കണക്കെഴുത്തിലെ കാര്യക്ഷമതക്കുറവ്, ഒരു വേള കേരളത്തിന് അധികാരവികേന്ദ്രീകരണത്തിനുള്ള ദേശീയ പുരസ്ക്കാരം നഷ്ടപ്പെടുത്തുന്നതിനു തന്നെ കാരണമായി. എന്നാൽ പതിനൊന്നാം പഞ്ചവത്സരപദ്ധതി കാലത്ത് സർക്കാർ ഈ രംഗത്ത് കൈക്കൊണ്ട ബോധപൂർവ്വമായ ശ്രമങ്ങൾ കണക്കെഴുത്തിന്റെ ചിത്രമാകെ മാറ്റിമറിച്ചു. ഇന്ന് കേരളത്തിൽ ഒറ്റപ്പെട്ട ചില സ്ഥാപനങ്ങളൊഴിച്ച് ഒട്ടെല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2009-10 വരെയുള്ള വാർഷിക ധനകാര്യ പത്രിക ആഡിറ്റിന് തയ്യാറാക്കി ലോക്കൽ ഫണ്ട് വകുപ്പിനു നൽകിക്കഴിഞ്ഞു. ഇത് അഭിമാനകരമായ നേട്ടം തന്നെയാണ്. നൂറ്റിയമ്പതോളം ഗ്രാമപഞ്ചായത്തുകൾ ഇക്കഴിഞ്ഞ മേയ് മാസത്തിനകം തന്നെ 2010-11ലെ ധനകാര്യ പത്രിക ആഡിറ്റിനു നൽകിക്കഴിഞ്ഞിട്ടുണ്ട്.


വാർഷിക ധനകാര്യ പത്രികയിന്മേലുള്ള പരിശോധനകൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻവർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ യഥാസമയം നടപടി കൈക്കൊള്ളുന്നുണ്ടോ എന്ന കാര്യം ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. വാർഷിക ധനകാര്യ പത്രിക സമർപ്പിക്കുന്നതുപോലെ തന്നെ അതീവ പ്രാധാന്യമുള്ള സംഗതിയാണ് ആഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം തുടർനടപടി സ്വീകരിക്കുക എന്നതും. മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളായതിനാൽ അക്കാലയളവിൽ ജോലിചെയ്തിരുന്ന ഉദ്യോഗസ്ഥരിൽ പലരും പ്രമോഷൻ നേടിയും സ്ഥലം മാറ്റം ലഭിച്ചും മറ്റിടങ്ങളിലേക്ക് പോയതിനാൽ ചിലയിടങ്ങളിൽ നിലവിലുള്ള ജീവനക്കാർ ആഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ വലിയ ശുഷ്കാന്തി പുലർത്തുന്നില്ലായെന്ന ആക്ഷേപം ഉയർന്നുവരുന്നുണ്ട്. അത്തരം അവസ്ഥ ഉണ്ടാകുവാൻ പാടില്ല. ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി കൈക്കൊള്ളുന്നുവെന്ന് ഭരണസമിതിയും ബന്ധപ്പെട്ടവരും ഉറപ്പുവരുത്തണം. ആഡിറ്റ് അദാലത്തുകൾ സംഘടിപ്പിച്ച് പഴക്കം ചെന്ന റിപ്പോർട്ടുകൾ പലതും തീർപ്പാക്കിയ തിരുവനന്തപുരം പോലുള്ള ജില്ലകൾ നടത്തിയ മാതൃകാപരമായ പ്രവർത്തനം മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കണം.

ഏറ്റവുമധികം ധനവിഭവം കൈമാറ്റം ചെയ്തു നൽകിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്ത്യയിൽ കേരളത്തിലുള്ളവയാണ്. കൂടുതൽ സമ്പത്തും സാമ്പത്തികാധികാരങ്ങളും താഴേക്ക് കൈമാറ്റം ചെയ്യുന്നതോടൊപ്പം അക്കൗണ്ടിംഗ് രംഗവും കുറ്റമറ്റതാക്കി തീർക്കേണ്ടതുണ്ട്. വാർഷിക ധനകാര്യ പത്രികകളിലെയും അനുബന്ധ രജിസ്റ്ററുകളിലെയും കണക്കുകളും തുകകളും പൊരുത്തപ്പെടുന്നവയായിരിക്കണം. ഭാവിയിൽ കൂടുതൽ ഫണ്ടിനും വായ്പയ്ക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഓഡിറ്ററുടെ ക്ലീൻ ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ ഒരു ഘടകമായിരിക്കും. കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന് ഇത് ബാധകമാക്കിയിട്ടുണ്ട്. അതിനാൽ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കുന്നതോടൊപ്പം ലഭിക്കുന്ന ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ കൃത്യമായി നടപടി സ്വീകരിക്കുവാനും ഓഡിറ്ററുടെ വിശേഷണങ്ങളില്ലാത്ത ഓഡിറ്റ് സാക്ഷ്യപത്രം (unqualified certificate) നേടുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ സമയബന്ധിതമായി നടപടി കൈക്കൊള്ളണം.

പഞ്ചായത്ത് രാജ്



# സുതാര്യവും അഴിമതിരഹിതവുമായ ഭരണം ലക്ഷ്യം



**ഉമ്മൻചാണ്ടി**
മുഖ്യമന്ത്രി

**പാവപ്പെട്ടവരോടു ചേർന്നു നില്ക്കുന്ന സർക്കാർ, വികസനപ്രവർത്തനങ്ങളിൽ ശുഷ്കാന്തിയോടെ ഏർപ്പെടുന്ന സർക്കാർ, അഴിമതിരഹിത സർക്കാർ, അതിവേഗം പ്രവർത്തിക്കുന്ന, കരുതൽ ഉറപ്പാക്കുന്ന സർക്കാർ, ഇവയായിരിക്കും ഈ സർക്കാരിന്റെ മുഖമുദ്രകൾ. ജനങ്ങളുടെ സഹായസഹകരണത്തോടെ ലക്ഷ്യം കൈവരിക്കുക തന്നെ ചെയ്യും.**

നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിലെ ജനവിധിയിൽ അടങ്ങിയിരിക്കുന്ന സന്ദേശം പൂർണ്ണമായും ഉൾക്കൊള്ളുന്നു. യു.ഡി.എഫിനു ലഭിച്ച ചെറിയ ഭൂരിപക്ഷം മികവാർന്ന പ്രകടനത്തിനുള്ള ചാലകശക്തിയായി മാറുമെന്നു വിശ്വസിക്കുന്നു. നിതാന്ത ജാഗ്രതയോടെയും ഉത്തരവാദിത്വത്തോടെയും കാര്യക്ഷമതയോടെയും യുഡിഎഫ് പ്രവർത്തിക്കണമെന്നാണ് ജനങ്ങളുടെ തീരുമാനമെന്ന് തിരിച്ചറിയുന്നു. വികസനവും കരുതലുമുള്ള, തികച്ചും സുതാര്യമായ, അഴിമതി രഹിതമായ, നിയമവ്യവസ്ഥ ഉയർത്തിപ്പിടിക്കുന്ന നല്ല ഭരണമാണ് ലക്ഷ്യം. ആദ്യന്തം ജനങ്ങളോടൊത്ത്, ജനങ്ങൾക്കുവേണ്ടി നില്ക്കുന്ന സർക്കാരായിരിക്കും ഇതെന്നു ഞാൻ ഉറപ്പു നല്കുകയാണ്.

തുടർച്ചയായ മൂന്നു ജനവിധികളിൽ തെളിഞ്ഞുനില്ക്കുന്ന മാറ്റത്തിനുവേണ്ടിയുള്ള ശക്തമായ വികാരം പ്രചോദനം നല്കുന്നു. കഠിനാധ്വാനത്തിലൂടെ ജനങ്ങളുടെ അഭിലാഷങ്ങൾ സഫലമാക്കാമെന്നാണ് പ്രതീക്ഷ. 24 മണിക്കൂറും സദാ ജാഗ്രതയോടെ പ്രവർത്തിക്കുന്ന സർക്കാരായിരിക്കും ഇത്. സാമൂഹിക നീതിയാണ് കേരളത്തിന്റെ അടിത്തറ. എല്ലാവരെയും സമഭാവനയോടെ കാണുന്ന നീതിബോധമാണ് യുഡിഎഫിനെ നയിക്കുന്നത്. അതിന് ഒരു പോറൽപോലും ഏൽക്കാതെ കാത്തുസൂക്ഷിക്കും.

പാവപ്പെട്ടവരോടു ചേർന്നു നില്ക്കുന്ന സർക്കാർ, വികസനപ്രവർത്തനങ്ങളിൽ ശുഷ്കാന്തിയോടെ ഏർപ്പെടുന്ന സർക്കാർ, അഴിമതിരഹിത സർക്കാർ, അതിവേഗം പ്രവർത്തിക്കുന്ന, കരുതൽ ഉറപ്പാക്കുന്ന സർക്കാർ, ഇവയായിരിക്കും ഈ സർക്കാരിന്റെ മുഖമുദ്രകൾ. ജനങ്ങളുടെ സഹായസഹകരണത്തോടെ ലക്ഷ്യം കൈവരിക്കുക തന്നെ ചെയ്യും.

സ്വാതന്ത്ര്യം നേടി ആറര ദശാബ്ദം കഴിഞ്ഞിട്ടും നമ്മുടെ നാട്ടിലെ എല്ലാവർക്കും വീട്, വെള്ളം, വെളിച്ചം എന്നീ അടിസ്ഥാനസൗകര്യങ്ങൾ ഇനിയും എത്തിയിട്ടില്ല എന്ന യാഥാർത്ഥ്യത്തിനു മുന്നിൽ ഇനിയും ഒളിച്ചുകളിച്ചിട്ടു കാര്യമില്ല. പാവപ്പെട്ടവർക്കും ആദിവാസികൾക്കും മറ്റു പിന്നാക്കവിഭാഗങ്ങൾക്കുമുള്ള ക്ഷേമപ്രവർത്തനങ്ങളുമായി ശക്തമായി മുന്നോട്ടു പോകും. തകർച്ചയിലൂടെ കടന്നുപോകുന്ന കാർഷിക മേഖലയ്ക്കു വേണ്ടി ഭാവനാപൂർണ്ണമായ നടപടികൾ ഉണ്ടാകും. നാട്ടിൽ ക്ഷേമവും ഐശ്വര്യവും ഉണ്ടാകണമെങ്കിൽ പിന്നോക്കം നില്ക്കുന്നവരും മുമ്പോട്ടു കയറിവരണം. അവരോടു നീതികേടു കാട്ടിക്കൊണ്ട് ഒരു സമൂഹത്തിനും മുന്നോട്ടു കുതിക്കാനാവില്ല.

ക്ഷേമപ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ടുകൊണ്ടു പോകണമെങ്കിൽ വികസന പ്രവർത്തനങ്ങളും ഉണ്ടാകണം. പുതിയ നിക്ഷേപങ്ങളിലൂടെ കൂടുതൽ തൊഴിലും സമൂഹത്തിനും സർക്കാരിനും കൂടുതൽ സമ്പത്തുമുണ്ടാകും. അതിന്റെ നീതിപൂർവ്വകമായ വിതരണത്തിലൂടെ എല്ലാ വിഭാഗം ജനങ്ങളെയും മുന്നോട്ടുകൊണ്ടു പോകാനാണ് യുഡിഎഫ് ലക്ഷ്യമിടുന്നത്. വികസനരംഗത്ത് നമുക്കു നഷ്ടങ്ങളുടെ കണക്കുകൾ മാത്രമേയുള്ളു. കേരളത്തേക്കാൾ ഏറെ പിന്നിലായിരുന്ന അയൽസംസ്ഥാനങ്ങൾ അതിവേഗം നമുക്കു മുന്നിൽ ഓടിക്കയറി. ലോകം സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ നമ്മുടെ യുവാക്കൾക്ക് ഓടിപ്പോകാൻ ഇടമില്ല. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കണം. അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കണം. കേരളത്തെ ബഹുദൂരം മുന്നോട്ടുകൊണ്ടുപോകുന്ന വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം. വികസനരംഗത്തു സർക്കാർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ഞാൻ തികച്ചും ബോധവാനാണ്. വികസനത്തിന്റെ കാര്യത്തിൽ നമുക്കൊരു സമവായം ഉണ്ടാകണം. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ടുള്ള സമീപനമായിരിക്കും സർക്കാർ സ്വീകരിക്കുന്നത്.

സമൂഹത്തിൽ വളർന്നു വരുന്ന അഴിമതി തന്നെയാണ് നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ വിപത്ത്. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസംപോലും തകർക്കുന്ന ഈ നീരാളിക്കെതിരേ സർക്കാർ അതീവ ജാഗ്രത പാലിക്കും. ജനങ്ങൾക്കു ലഭ്യമാകേണ്ട സേവനങ്ങൾ വച്ചുതാമസിപ്പിച്ചും അട്ടിമറിച്ചുമാണ് അഴിമതി താഴെത്തട്ടിൽ എത്തുന്നത്. ജനങ്ങളുടെ പങ്കാളിത്തത്തോടെയും സർക്കാരിന്റെ ശക്തമായ നടപടികളോടെയും ഇതിനു പരിഹാരം ഉണ്ടാകും. അഴിമതി ആരോപണം ഉണ്ടായാൽ വിശ്വസനീയമായ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ നിർദാക്ഷിണ്യമായ നടപടികൾ സ്വീകരിക്കും.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുക എന്നതാണ് സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം. നിയമവാഴ്ചയാണ് ജനങ്ങൾക്കു നല്കാവുന്ന ഏറ്റവും വലിയ സംരക്ഷണം. അതിനു നേരിട്ട വെല്ലുവിളികളാണ് നമ്മുടെ നാട്ടിൽ കഴിഞ്ഞ വർഷങ്ങളിൽ ഒട്ടേറെ അസ്വസ്ഥതകൾ സൃഷ്ടിച്ചത്. പ്രതിഷേധിക്കാനും സമരം ചെയ്യാനുമുള്ള അവകാശത്തെ യുഡിഎഫ് മാനിക്കും. പക്ഷേ, അതു മറ്റുള്ളവരുടെ അവകാശങ്ങളും സ്വാതന്ത്ര്യവും തകർത്തുകൊണ്ടാകരുത്. നീതി നടപ്പാക്കുമ്പോൾ ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന ഉണ്ടാകും.

വിലക്കയറ്റമാണ് എല്ലാ വിഭാഗം ജനങ്ങളും ഇന്നു നേരിടുന്ന വെല്ലുവിളി. എല്ലാവരുടെയും കുടുംബ ബജറ്റ് തകിടംമറിയുന്ന രീതിയിലാണു കാര്യങ്ങൾ. വിലക്കയറ്റത്തിൽ നട്ടംതിരിയുന്ന ജനങ്ങൾക്ക് ആശ്വാസം എത്തിക്കാനുള്ള സുപ്രധാനമായ ദൗത്യം ഏറ്റെടുക്കും. യാഥാർത്ഥ്യബോധത്തോടെയുള്ള ശക്തമായ നടപടികളുമായി മുന്നോട്ടുപോകും. വിലക്കയറ്റത്തിന്റെ ഉത്തരവാദിത്വം ആരുടെയെങ്കിലും തലയിൽ കെട്ടിവച്ചുള്ള സമീപനം ഈ സർക്കാർ സ്വീകരിക്കില്ല.

സാധാരണക്കാരെ ഏറ്റവും അലട്ടുന്ന പ്രശ്നം വർധിച്ചുവരുന്ന ചികിത്സാച്ചെലവ് ആണ്. ലോകത്തിലെ തന്നെ ഏറ്റവും നല്ല ചികിത്സാസൗകര്യങ്ങൾ കേരളത്തിൽ ലഭ്യമാണ്. പക്ഷേ, അതു സാധാരണക്കാരനു താങ്ങാനാവുന്നതല്ല. പണക്കാർക്കു മാത്രമുള്ള ഈ സൗകര്യം എല്ലാവർക്കും ലഭ്യമാക്കുക എന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണ്. അതിന് ആവശ്യമായ സമഗ്രമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും സന്നദ്ധ-സേവന സംഘടനകളുടെയും പങ്കാളിത്വത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സാധാരണജനങ്ങളുടെ

**സമൂഹത്തിൽ വളർന്നു വരുന്ന അഴിമതി തന്നെയാണ് നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ വിപത്ത്. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസംപോലും തകർക്കുന്ന ഈ നീരാളിക്കെതിരേ സർക്കാർ അതീവ ജാഗ്രത പാലിക്കും. ജനങ്ങൾക്കു ലഭ്യമാകേണ്ട സേവനങ്ങൾ വച്ചുതാമസിപ്പിച്ചും അട്ടിമറിച്ചുമാണ് അഴിമതി താഴെത്തട്ടിൽ എത്തുന്നത്. ജനങ്ങളുടെ പങ്കാളിത്തത്തോടെയും സർക്കാരിന്റെ ശക്തമായ നടപടികളോടെയും ഇതിനു പരിഹാരം ഉണ്ടാകും. അഴിമതി ആരോപണം ഉണ്ടായാൽ വിശ്വസനീയമായ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ നിർദാക്ഷിണ്യമായ നടപടികൾ സ്വീകരിക്കും.**

**സർക്കാരിനെ നിലനിർത്താൻ വേണ്ടി മാത്രം ഒത്തുതീർപ്പുകളോ, വിട്ടുവീഴ്ചകളോ ഉണ്ടാകില്ല. ഉറച്ച തീരുമാനങ്ങളും ശക്തമായ നടപടികളുമായി മുന്നോട്ടു പോകും. സർക്കാർ എടുക്കേണ്ട തീരുമാനങ്ങൾ എടുത്തിരിക്കും. അതു നടപ്പാക്കിയിരിക്കും.**

തണൽവൃക്ഷമായി ഈ സർക്കാർ ഉണ്ടായിരിക്കുമെന്ന് ഞാൻ ഉറപ്പുനല്കുന്നു.

കുട്ടികൾക്കു വേണ്ടി വ്യക്തിപരമായും കുടുംബപരമായും ചെയ്യാവുന്നതെല്ലാം നമ്മൾ ചെയ്യാറുണ്ട്. എന്നിരുന്നാലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള സീറ്റുകൾ കേരളത്തിൽ പഠിച്ചിറങ്ങുന്ന കുട്ടികൾക്കു പോലും തികയാറില്ല. കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പതിനായിരത്തിൽപ്പരം കോടി രൂപയാണ് മലയാളികൾ അയൽ സംസ്ഥാനങ്ങളിൽ മുടക്കിയിട്ടുള്ളത്. അപ്പോൾ നമ്മൾ ഇവിടെ പ്രത്യയശാസ്ത്ര തർക്കങ്ങളിൽ മുഴുകിക്കിടന്ന് അത്തരം സ്ഥാപനങ്ങളുടെ വഴിമുടക്കുകയായിരുന്നു. കേരളത്തെ വിദ്യാഭ്യാസ ഹബ് ആക്കി മാറ്റുവാൻ ഉതകുന്ന രീതിയിലുള്ള ലോകോത്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാനുള്ള സാഹചര്യം സൃഷ്ടിക്കും.

കഴിഞ്ഞ അഞ്ചു വർഷമായി കേരളത്തിൽ പുതിയ നിക്ഷേപകരോ, നിക്ഷേപങ്ങളോ എത്തിയിട്ടില്ല. കേരളം നിക്ഷേപ സൗഹാർദ്ദ സംസ്ഥാനം ആണെന്നു വന്നാൽ അവരെല്ലാം കേരളത്തിലേക്കു വരും. മൂലധനമുള്ളവർക്ക് പണം മുടക്കാൻ വിശ്വാസം വരണം. സംരംഭകർക്കും മാനേജുമെന്റുകൾക്കും പ്രൊഫഷണലുകൾക്കും വിശ്വാസം വരണം. വിദേശ മലയാളികൾക്ക് വിശ്വാസം വരണം. വിദേശമലയാളികൾ മാത്രം കേരളത്തിൽ നിക്ഷേപിക്കുവാൻ തീരുമാനിച്ചാൽ തന്നെ കേരളത്തിന്റെ വികസന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സംഭവിക്കും.

പ്രകൃതിരമണീയതകൊണ്ട് അനുഗ്രഹീതമായ നമ്മുടെ നാട് ടൂറിസം സർക്യൂട്ടിൽ അസൂയാവഹമായ സ്ഥാനം നേടിയിട്ടുണ്ടെങ്കിലും 2009ൽ കേരളം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകൾ 5.50 ലക്ഷം മാത്രമാണ്. മലേഷ്യ 2 കോടി 35 ലക്ഷവും സിംഗപ്പൂർ 75 ലക്ഷവും പേരാണ് സന്ദർശിച്ചത്. കേരളം ടൂറിസ്റ്റുകളുടെ പറുദീസയാണെന്ന പ്രചാരണവുമായി ഒട്ടും പൊരുത്തപ്പെടുന്നതല്ല ഈ കണക്കുകൾ.

രാജ്യത്ത് ഇദംപ്രഥമമായി ഐടി പാർക്കു തുറന്ന് ആരംഭശൂരത്വം കാട്ടിയ കേരളം ഇന്ന് ഐടി രംഗത്ത് വളരെ പുറകിലാണ്. അയൽസംസ്ഥാനങ്ങൾ കേരളത്തേക്കാൾ ഇരുപത്തഞ്ചിരട്ടിയിലധികം വളർച്ച നേടിയപ്പോൾ, പ്രതിപക്ഷം പൂർണ്ണ പിന്തുണ നല്കിയ സ്മാർട്ട് സിറ്റി പദ്ധതിപോലും നടപ്പാക്കാൻ കേരളത്തിന് സാധിച്ചില്ല. ടൂറിസം, ഐടി മേഖലകളിലെ അനന്ത സാധ്യതകൾ പൂർണ്ണമായി വിനിയോഗിക്കുവാനുള്ള സാഹചര്യം സർക്കാർ ഒരുക്കുന്നതാണ്.

വികസനം ഒരു വിധത്തിലും പരിസ്ഥിതിയുടെ ചെലവിലാകരുതെന്ന് സർക്കാരിനു നിർബന്ധമുണ്ട്. പരിസ്ഥിതിയും വികസനവും ശാസ്ത്രീയമായി കൈകോർക്കുന്ന സന്തുലിതമായ സമീപനമായിരിക്കും സ്വീകരിക്കുന്നത്.

കഴിഞ്ഞ സർക്കാരിന്റെ ഏറ്റവും വലിയ പോരായ്മ വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരമായിരുന്നു. പ്രതിപക്ഷത്തിരുന്ന് അവർ വിളിച്ചുപറയാവുന്നതെല്ലാം വിളിച്ചു പറഞ്ഞു. എതിർക്കേണ്ടാത്തതിനെ വരെ എതിർത്തു. ഭരണത്തിലേറിയപ്പോൾ അവയെല്ലാം മറന്നു. യുഡിഎഫ് പ്രതിപക്ഷത്തിരുന്നു പറഞ്ഞ കാര്യങ്ങളിൽ ഉറച്ചു നില്ക്കുന്നു. ജനങ്ങളെ വെല്ലുവിളിച്ചു നടത്തിയ എല്ലാ അനധികൃത ഇടപാടുകളും നിയമലംഘനങ്ങളും നിയമനങ്ങളും പരിശോധിക്കപ്പെടുക തന്നെ ചെയ്യും. എന്നാൽ, അതിൽ പ്രതികാര നടപടി ഉണ്ടാകില്ല. ഒരാൾപോലും വേട്ടയാടപ്പെടുകയുമില്ല.

സർക്കാരിനെ നിലനിർത്താൻവേണ്ടി മാത്രം ഒത്തുതീർപ്പുകളോ, വിട്ടുവീഴ്ചകളോ ഉണ്ടാകില്ല. ഉറച്ച തീരുമാനങ്ങളും ശക്തമായ നടപടികളുമായി മുന്നോട്ടു പോകും. സർക്കാർ എടുക്കേണ്ട തീരുമാനങ്ങൾ എടുത്തിരിക്കും. അതു നടപ്പാക്കിയിരിക്കും.

നമ്മളെല്ലാവരും ചേർന്ന് പൊതുവായ ലക്ഷ്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മ രൂപപ്പെടുമെന്നും അത് വികസനത്തിന്റെയും കരുതലിന്റെയും പാതയിലൂടെ കേരളത്തിനെ അതിവേഗം മുന്നോട്ടു കൊണ്ടുപോകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ■





# പഞ്ചായത്തുകളെ ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റും



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

സംസ്ഥാനത്തെ പഞ്ചായത്തുകളെ ദൈനംദിന ആവശ്യങ്ങൾക്ക് സാധാരണ ജനങ്ങൾക്ക് വിശ്വാസപൂർവ്വം സമീപിക്കുവാനുള്ള സ്ഥാപനങ്ങളാക്കി മാറ്റുവാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പഞ്ചായത്ത് ഭരണസമിതിയും ജനങ്ങളും തമ്മിൽ അകലം ഉണ്ടാകാൻ പാടില്ല എന്നതാണ് അഭിപ്രായം. അധികാര വികേന്ദ്രീകരണം അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമായാൽ തങ്ങളുടെ സ്വന്തം സ്ഥാപനമായി ജനങ്ങൾ പഞ്ചായത്തിനെ കാണുന്ന അവസ്ഥ സംജാതമാകും. ഈ ദിശയിലേക്കുള്ള നടപടികൾക്കായിരിക്കും തീർച്ചയായും മുൻതൂക്കം.

പൊതുജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളും അന്തസ്സോടെ ജീവിക്കാനുള്ള അവകാശവും സമന്വയിപ്പിക്കാൻ പഞ്ചായത്തുകളിലൂടെ മാത്രമേ കഴിയൂ എന്ന അവബോധം ഗവൺമെന്റിനുണ്ട്. ഖരമാലിന്യ നിർമ്മാർജ്ജനം ഇന്ന് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ്. സംസ്ഥാനത്തെ മുഴുവൻ രോഗാതുരമാക്കുന്ന ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് പരിഹാര നടപടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പഞ്ചായത്തുകളിൽ നിന്ന് സാധാരണക്കാരന് ലഭിക്കേണ്ട സേവനത്തിൽ കാലവിളംബം പാടില്ല. ഇത് അവന്റെ അവകാശം നിഷേധിക്കുന്നതിന് തുല്യമാണ്. പഞ്ചായത്തുകളുടെ കാര്യക്ഷമതയും സേവനക്ഷമതയും വർദ്ധിപ്പിക്കാൻ ഇ-ഗവേർണൻസ് കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

നഗരവാസികളുടെ മാത്രം ഭൗതിക സാഹചര്യങ്ങൾ വർദ്ധിച്ചാൽ പോര എന്നതാണ് ഗവൺമെന്റിന്റെ വീക്ഷണം. ബഹുഭൂരിപക്ഷം ജനങ്ങൾ താമസിക്കുന്ന ഗ്രാമങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചേ മതിയാകൂ. എങ്കിൽ മാത്രമേ ഗ്രാമ-നഗര ജീവിത സൗകര്യങ്ങളിൽ ഇന്നു കാണുന്ന അന്തരം കുറച്ചുകൊണ്ടുവരാൻ കഴിയുകയുള്ളൂ. ഗ്രാമ നഗര സ്പന്ദങ്ങൾ ഒരേ ജീവതാളത്തിലുള്ള കേരള ഹൃദയസ്പന്ദമാവുകയുള്ളൂ.

നാം ആവിഷ്ക്കരിക്കുന്ന ഏത് പദ്ധതിയുടെയും നയത്തിന്റെയും വിജയം പഞ്ചായത്ത് ഭരണ സമിതികളുടെയും ജീവനക്കാരുടെയും സഹകരണത്തിലൂടെ മാത്രമേ ഉറപ്പാക്കാൻ കഴിയൂ. അവരിൽ നിന്നും അത് ലഭിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. ഒരു പുതിയ തുടക്കം ഒരു പുതിയ മുഖം നമുക്ക് പഞ്ചായത്ത് വകുപ്പിന് നൽകാം. ■

**നാം ആവിഷ്ക്കരിക്കുന്ന ഏത് പദ്ധതിയുടെയും നയത്തിന്റെയും വിജയം പഞ്ചായത്ത് ഭരണ സമിതികളുടെയും ജീവനക്കാരുടെയും സഹകരണത്തിലൂടെ മാത്രമേ ഉറപ്പാക്കാൻ കഴിയൂ. അവരിൽ നിന്നും അത് ലഭിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. ഒരു പുതിയ തുടക്കം ഒരു പുതിയ മുഖം നമുക്ക് പഞ്ചായത്ത് വകുപ്പിന് നൽകാം.**



*പഞ്ചായത്തു വകുപ്പിലെയും കുടുംബശ്രീ മിഷനിലെയും ഉന്നത ഉദ്യോഗസ്ഥരുമായി പഞ്ചായത്ത് വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ കൂടിക്കാഴ്ച നടത്തുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, സെക്രട്ടറി ആർ.കെ. സിംഗ്, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ തുടങ്ങിയവർ സമീപം.*

പി.ടി. മാത്യു

# പഞ്ചായത്തുകൾ കാൽ നൂറ്റാണ്ടിനപ്പുറം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഭരണസമിതികൾ നിലവിൽ വന്നിട്ട് 6 മാസം പിന്നിട്ടിരിക്കുന്നു. ഒട്ടേറെ ഉത്തരവാദിത്വങ്ങളും ചുമതലകളും നമുക്ക് നിറവേറ്റേണ്ടതായിട്ടുണ്ട്. അഴിമതി വിമുക്തമായ, തികച്ചും സുതാര്യമായ, ജനപങ്കാളിത്തമുള്ള സൽഭരണമാണ് നമ്മുടെ ലക്ഷ്യമെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയേണ്ടതായിട്ടുണ്ട്. ജനസേവകരാണ് നമ്മൾ. പരമാവധി സേവനം അർഹരായവർക്ക് കാലവിളംബമില്ലാതെ ലഭ്യമാക്കാനുള്ള കടമയും ഉത്തരവാദിത്വവും നമുക്കുണ്ട്.

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നമുക്ക് ഏറെ സമയം നഷ്ടമായി. ഇനിയും പദ്ധതി രൂപീകരണം പൂർത്തിയാക്കാത്ത പഞ്ചായത്തുകൾ കൃത്യമായ ഒരു പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി അംഗീകാരം വാങ്ങണം. ഇനിയുള്ള നാളുകൾ ഒട്ടും നഷ്ടപ്പെടുത്താതെ വ്യക്തമായ ദിശാബോധത്തോടെ സമഗ്രവും സമ്പൂർണ്ണവുമായ ഒരു വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കി വേണം നമുക്ക് മുന്നേറാൻ.

90 ശതമാനം ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തുകൾ വഴിയാണ് നടപ്പാകുന്നത് എന്നത് നമ്മുടെ ഉത്തരവാദിത്വവും ചുമതലകളും കടമകളും ഏറെയാണെന്ന് നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു.

വിവിധ തലങ്ങളിൽ നിന്നു വന്നുചേരുന്ന ഫണ്ടുകൾ ഉപയോഗിച്ച് തനത് വാർഷിക പദ്ധതികൾ രൂപീകരിക്കുന്ന പതിവു രീതിയിൽ നിന്നും മാറി ചിന്തിക്കേണ്ട കാലം കഴിഞ്ഞു. ചുരുങ്ങിയത് അടുത്ത 25 വർഷം കഴിയുമ്പോൾ എന്റെ പഞ്ചായത്ത് എങ്ങനെയായിരിക്കണം എന്ന് സ്വപ്നം കാണാനും അന്നത്തെ പൊതുസമൂഹത്തിന്റെ ആവശ്യത്തോട് നീതി പുലർത്തുവാൻ കഴിയുന്ന വിധത്തിലുമാകണം വികസന പ്രവർത്തനങ്ങൾക്ക് രൂപം നല്കാൻ.

> **പവിത്രവും വിശുദ്ധവുമായി സംരക്ഷിക്കേണ്ട പുഴകളും കൈത്തോടുകളും കുളങ്ങളടക്കമുള്ള ജലസ്രോതസ്സുകളും ഏറെ മലിനമാക്കപ്പെട്ടുകഴിഞ്ഞു. അവയെ വീണ്ടെടുത്ത് വരും തലമുറകൾക്ക് വേണ്ടി സംരക്ഷിക്കാൻ പഞ്ചായത്തുകൾക്ക് കഴിയണം. വിപുലമായ ജനപങ്കാളിത്തത്തോടെ അതിനുള്ള പരിപാടികൾ അടിയന്തരമായി ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. ഈ തലമുറയ്ക്കും വരും തലമുറകൾക്കുമായി ഈ ദൗത്യം ഏറ്റെടുക്കേണ്ടത് നമ്മുടെ പ്രഥമവും പ്രാധാന്യമേറിയതുമായ കടമയാണ്.**

വിവിധ മേഖലകളിൽ നിന്ന് പഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന തുക എത്രയെന്നും ഏകദേശം നമുക്ക് കണക്കുകൂട്ടാൻ കഴിയും. അതിന്റെ അടിസ്ഥാനത്തിൽ അഞ്ച് വർഷത്തേക്കുള്ള ഒരു വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നമുക്കു കഴിയണം. ഭരണത്തിലും വികസന പ്രവർത്തനത്തിലും പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുമ്പോഴാണ് ക്രിയാത്മകമായ ഒരു ഭരണം കാഴ്ച വെയ്ക്കാൻ കഴിയുന്നത്. വിപുലമായി വിളിച്ച് ചേർക്കപ്പെടുന്ന ഗ്രാമസഭകളിൽ സമഗ്രമായ ചർച്ച നടത്തി രൂപപ്പെടുത്തുന്ന ആശയങ്ങൾ പഞ്ചായത്ത് തലത്തിൽ വിവിധ വിഷയ വിദഗ്ദ്ധരെയും അനുഭവ സമ്പത്തുള്ളവരെയും പങ്കെടുപ്പിച്ച് നല്ല മുന്നൊരുക്കത്തോടെ നടത്തുന്ന ചർച്ചകളിലൂടെയാവണം പഞ്ചവത്സര പദ്ധതികൾക്ക് രൂപം നല്കാൻ. ഇത്തരത്തിൽ ദീർഘ വീക്ഷണത്തോടെ പദ്ധതികൾ രൂപീകരിക്കുകയാണെങ്കിൽ ലഭ്യമാകുന്ന ഫണ്ടുകൾ വാർഡിന്റെ എണ്ണത്തിനനുസരിച്ച് വീതം വെയ്ക്കുന്ന പതിവ് സമ്പ്രദായം ഇപ്പോഴും പല പഞ്ചായത്തുകളിലും തുടരേണ്ടിവരുന്ന സാഹചര്യങ്ങളെ മറികടക്കാൻ കഴിയും. പഞ്ചായത്തിലെ വികസനാവശ്യങ്ങളുടെ മുൻഗണനാക്രമം നിശ്ചയിച്ച് ഓരോ വർഷത്തേയും പദ്ധതികൾക്ക് അന്തിമ രൂപം നല്കാൻ കഴിയും.

നമ്മളും നമ്മുടെ മുൻ തലമുറകളും വികസനത്തിന്റെ ഭാഗമായി പരിസ്ഥിതിക്കേല്പിച്ച കനത്ത ആഘാതത്തിന്റെ ദുരന്തങ്ങൾ ഒന്നൊന്നായി നമ്മൾ ഏറ്റുവാങ്ങുകയാണ്. അതുകൊണ്ട് തന്നെ ഏത് വികസന പ്രവർത്തനങ്ങളും പരിസ്ഥിതി സംരഷണവുമായി ബന്ധപ്പെടുത്തി വേണം രൂപപ്പെടുത്താൻ.

പവിത്രവും വിശുദ്ധവുമായി സംരക്ഷിക്കേണ്ട പുഴകളും കൈത്തോടുകളും കുളങ്ങളടക്കമുള്ള ജലസ്രോതസ്സുകളും ഏറെ മലിനമാക്കപ്പെട്ടു കഴിഞ്ഞു. അവയെ വീണ്ടെടുത്ത് വരും തലമുറകൾക്ക് വേണ്ടി സംരക്ഷിക്കാൻ പഞ്ചായത്തുകൾക്ക് കഴിയണം. വിപുലമായ ജനപങ്കാളിത്തത്തോടെ അതിനുള്ള പരിപാടികൾ അടിയന്തരമായി ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. ഈ തലമുറയ്ക്കും വരും തലമുറകൾക്കുമായി ഈ ദൗത്യം ഏറ്റെടുക്കേണ്ടത് നമ്മുടെ പ്രഥമവും പ്രാധാന്യമേറിയതുമായ കടമയാണ്.

തിരഞ്ഞെടുപ്പിന്റെ രാഷ്ട്രീയ ആരവങ്ങൾ കെട്ടടങ്ങിക്കഴിഞ്ഞു. കേരള ജനത ഒറ്റക്കെട്ടായി നാടിന്റെ വികസന കാര്യങ്ങൾ ചർച്ച ചെയ്യുകയും പങ്കാളിത്തം വഹിക്കുകയും ചെയ്യേണ്ട നാളുകളാണിനി. ആ മഹത്തായ സംരംഭത്തിന് നേതൃത്വം നല്കാൻ നമ്മുടെ പ്രാദേശിക ഭരണകൂടങ്ങൾക്ക് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ■

*ലേഖകൻ*
*കേരള ഗ്രാമ പഞ്ചായത്ത്*
*അസോസിയേഷൻ പ്രസിഡന്റാണ്.*





## മന്ത്രിമാരും വകുപ്പുകളും

| | | |
|---|---|---|
| **മുഖ്യമന്ത്രി ഉമ്മൻചാണ്ടി** | : | പൊതുഭരണം, അഖിലേന്ത്യാ സർവ്വീസസ്, ആഭ്യന്തരം, ഫയർ സർവ്വീസ്, സിവിൽ ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ, വിജിലൻസ്, ശാസ്ത്ര, സാങ്കേതിക പരിസ്ഥിതി, സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാരം, ഇലക്ഷൻ, ഇന്റഗ്രേഷൻ, സൈനികക്ഷേമം, ദുരിതാശ്വാസം, സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി, അന്തർസംസ്ഥാന നദീജലം, ഫിഷറീസ്, മറ്റു മന്ത്രിമാർക്ക് നൽകാത്ത വകുപ്പുകളും. |
| **പി.കെ. അബ്ദു റബ്ബ്** | : | കോളേജ് വിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, കാർഷിക സർവ്വകലാശാല ഒഴികെയുള്ള സർവ്വകലാശാലകൾ, എൻട്രൻസ് എക്സാമിനേഷൻ, ലിറ്ററസി മൂവ്മെന്റ്, എൻ.സി.സി. |
| **അടൂർ പ്രകാശ്** | : | ആരോഗ്യം, കുടുംബക്ഷേമം, മെഡിക്കൽ വിദ്യാഭ്യാസം, ഡ്രഗ്സ് കൺട്രോൾ, പൊല്യൂഷൻ കൺട്രോൾ, ഹോമിയോപ്പതി. പ്രകൃതിചികിത്സ, കയർ, ഇൻഡിജീനസ് മെഡിസിൻസ്. |
| **എ.പി. അനിൽകുമാർ** | : | പട്ടികജാതി പിന്നോക്കവിഭാഗ ക്ഷേമം, ടൂറിസം. |
| **ആര്യാടൻ മുഹമ്മദ്** | : | വൈദ്യുതി, റെയിൽവേ, പോസ്റ്റ് ആന്റ് ടെലിഗ്രാഫ്. |
| **കെ. ബാബു** | : | എക്സൈസ്, തുറമുഖം, ഹാർബർ എഞ്ചിനീയറിങ്, എയർപോർട്ട്. |
| **സി.എൻ. ബാലകൃഷ്ണൻ** | : | സഹകരണം, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്. |
| **വി.കെ. ഇബ്രാഹിംകുഞ്ഞ്** | : | പൊതുമരാമത്ത്. |
| **കെ.ബി. ഗണേഷ് കുമാർ** | : | വനം, വന്യജീവി സംരക്ഷണം, സ്പോർട്സ്, സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള കൾച്ചറൽ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്. |
| **ടി.എം. ജേക്കബ്** | : | ഭക്ഷ്യ സിവിൽ സപ്ലൈസ്, ഉപഭോക്തൃ സംരക്ഷണം, രജിസ്ട്രേഷൻ. |
| **പി.കെ. ജയലക്ഷ്മി** | : | പട്ടികവർഗ്ഗക്ഷേമം, യുവജനകാര്യം, മ്യൂസിയം, മൃഗശാല. |
| **കെ.സി. ജോസഫ്** | : | ഗ്രാമവികസനം, ആസൂത്രണ സാമ്പത്തികകാര്യം, ക്ഷീരവികസനം, ക്ഷീരസഹകരണ സംഘങ്ങൾ, സാംസ്ക്കാരികം, നോർക്ക, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്. |
| **പി.ജെ. ജോസഫ്** | : | ജലസേചനം, കാഡ, ഭൂഗർഭ ജലവികസനം, ജലവിതരണം, സാനിട്ടേഷൻ, ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം). |
| **പി.കെ. കുഞ്ഞാലിക്കുട്ടി** | : | വ്യവസായം (വ്യാവസായിക സഹകരണ സംഘങ്ങൾ ഉൾപ്പെടെ), വാണിജ്യം, മൈനിങ് ആന്റ് ജിയോളജി, ഹാന്റ്ലൂംസ് ആന്റ് ടെക്സ്റ്റൈൽസ്, ഇൻഫർമേഷൻ ടെക്നോളജി, വഖഫും ഹജ്ജ് തീർത്ഥാടനവും, ന്യൂനപക്ഷ ക്ഷേമം, മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും, ടൗൺ പ്ലാനിങ്, റീജിയണൽ ഡവലപ്മെന്റ് അതോറിറ്റി. |
| **കെ.എം. മാണി** | : | ധനകാര്യം, നാഷണൽ സേവിങ്സ്, സ്റ്റോർ പർച്ചേസ്, വാണിജ്യ നികുതി, കാർഷികാദായ നികുതി, ട്രഷറികൾ, ലോട്ടറി, ലോക്കൽ ഫണ്ട് ഓഡിറ്റ്, കെ.എസ്. എഫ്.ഇ, സ്റ്റേറ്റ് ഇൻഷുറൻസ്, സ്റ്റാമ്പും സ്റ്റാമ്പ് ഡ്യൂട്ടിയും, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, നിയമം, ഹൗസിങ്. |
| **കെ.പി. മോഹനൻ** | : | കൃഷി, മണ്ണു സംരക്ഷണം, സോയിൽ സർവ്വേ, വെയർ ഹൗസിങ് കോർപ്പറേഷൻ, കാർഷിക സർവ്വകലാശാല, മൃഗസംരക്ഷണം, പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി. |
| **എം.കെ. മുനീർ** | : | പഞ്ചായത്ത്, സാമൂഹ്യക്ഷേമം, കില. |
| **ഷിബു ബേബി ജോൺ** | : | തൊഴിൽ, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിങ്, പുനരധിവാസം, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, ലേബർ കോടതികൾ. |
| **വി.എസ്. ശിവകുമാർ** | : | റോഡ് ഗതാഗതം, മോട്ടാർ വാഹനം, ജലഗതാഗതം, ദേവസ്വം. |
| **തിരുവഞ്ചൂർ രാധാകൃഷ്ണൻ** | : | ലാന്റ് റവന്യൂ, ലാന്റ് റിഫോംസ്, സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ്, ലീഗൽ മെട്രോളജി. |

### പഞ്ചായത്ത് - സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്

ഓഫീസ് ഫോൺ : 0471-2327796, 2327895 ഫാക്സ് : 0471-2327796
ഇ-മെയിൽ: minister-panchayat@kerala.gov.in, minister- socialwelfare@kerala.gov.in

| | | | |
|---|---|---|---|
| **സി.എം. ഷെറീഫ്**<br>*പ്രൈവറ്റ് സെക്രട്ടറി* | ഫോൺ | : | 0471-2327796, 2327895(ഓഫീസ്)<br>0471-2457056(വസതി), 9447780733(മൊബൈൽ) |
| **സി.എം. യൂസഫ്**<br>*അഡിഷണൽ പ്രൈവറ്റ് സെക്രട്ടറി* | ഫോൺ | : | 0471-2327796, 2327895(ഓഫീസ്), 0471-2436281(വസതി)<br>9446557645(മൊബൈൽ), ഇ-മെയിൽ: youseph@gmail.com |
| **വി.വി. മുഹമ്മദ്**<br>*അഡിഷണൽ പ്രൈവറ്റ് സെക്രട്ടറി* | ഫോൺ | : | 0471-2327796, 2327895 (ഓഫീസ്)<br>0471-2301107(വസതി) |
| **എം. അബ്ദുള്ളകോയ**<br>*അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി* | ഫോൺ | : | 0471-2327895, 0495-2853472(വസതി),<br>09895557492(മൊബൈൽ) |
| **ബി. ഹർഷൻ**<br>*അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി (പ്രസ് റിലേഷൻസ്)* | ഫോൺ | : | 0471-2327796, 2518122(ഓഫീസ്)<br>9400493556(മൊബൈൽ) |

പഞ്ചായത്ത് രാജ്

# സർക്കാരിന്റെ 100 ദിനപരിപാടികൾ

**സുതാര്യത സർക്കാരിന്റെ മുഖമുദ്ര ◆ അഴിമതിക്കെതിരെ അതി ശക്തമായി ◆ അതിവേഗം ബഹുദൂരം ◆ വികസനവും കരുതലും**

### സ്വത്ത് വിവരം ജനപരിശോധനയ്ക്ക്

- മന്ത്രിമാരും കുടുംബാംഗങ്ങളും.
- അഖിലേന്ത്യാ സർവീസ് ഓഫീസർമാർ, ഡിപ്പാർട്ട്മെന്റ് തലവന്മാർ, - കാറ്റഗറിയിലെ സീനിയർ ഓഫീസർമാർ.
- മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫും കുടുംബാംഗങ്ങളും.
- അഡ്വക്കേറ്റ് ജനറലും സർക്കാർ ലോ ഓഫീസർമാരും അവരുടെ കുടുംബാംഗങ്ങളും.

### സർക്കാർ ഉത്തരവുകൾ ജനപരിശോധനയ്ക്ക്

- സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അതേ ദിവസം വെബ്സൈറ്റിൽ.
- എല്ലാ സർക്കാർ ടെണ്ടറുകളുടെയും പ്രൈസ് ബിഡ് റിസൾട്ട്, ബിഡ് തുറക്കുന്ന അതേ ദിവസം വെബ്സൈറ്റിൽ.
- എല്ലാ സർക്കാർ കരാറുകളും എഗ്രിമെന്റുകളും ഒപ്പിട്ട് അതേ ദിവസം വെബ്സൈറ്റിൽ.
- വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ സർക്കാർ ഫയലുകളുടെ കോപ്പി നിർദിഷ്ട സമയത്തിനുള്ളിൽ നല്കാതെ വച്ചു താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ വകുപ്പുതല നടപടി.
- വിവരാവകാശ പ്രകാരമുള്ള അപേക്ഷയും ഫീസും ഓൺലൈനായി സ്വീകരിക്കുന്നതിന് സൗകര്യം.
- സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വിവരാവകാശ അപേക്ഷ ഫീസ് പോസ്റ്റൽ ഓർഡറായോ, മണിഓർഡറായോ സ്വീകരിക്കും.

### അഴിമതിക്കെതിരെ ജനകീയ പോരാട്ടം

- അഴിമതിയെക്കുറിച്ചു വിവരം നല്കുന്നവരുടെ രഹസ്യസ്വഭാവം നിലനിർത്തി ചീഫ് വിജിലൻസ് കമ്മീഷന്റെ whistle blower protection policy മാതൃകയിൽ അവർക്ക് പൂർണ്ണ സംരക്ഷണം. ഇത്തരം വിവരങ്ങൾ സ്വീകരിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ പ്രത്യേക സംവിധാനം.
- അഴിമതി കണ്ടെത്താൻ സഹായിക്കുന്നവർക്ക് റിവാർഡ്.
- എല്ലാ ഓഫീസുകളിലും പൗരാവകാശരേഖ.

### അഴിമതിക്കെതിരെ ഇൻസ്റ്റിറ്റ്യൂഷണൽ പോരാട്ടം

- ടെണ്ടർ/പ്രോക്യൂർമെന്റ്/പർച്ചേസ് നടപടികൾക്ക് ചീഫ് വിജിലൻസ് കമ്മീഷന്റെ മാർഗ്ഗരേഖ നടപ്പാക്കും.
- കേന്ദ്രസർക്കാരും പൊതുസമൂഹവും ചേർന്നു രൂപീകരിക്കുന്ന ലോക്പാൽ ബില്ലിന് അനുസൃതമായി സംസ്ഥാന ലോകായുക്ത ബിൽ ഭേദഗതി ചെയ്ത് ശക്തിപ്പെടുത്തും.
- കേരളത്തിലെ പ്രധാനപ്പെട്ട പദ്ധതികൾക്ക് ആസൂത്രിതമായ വിഭവ വിനിയോഗവും പദ്ധതിയിൽ നിന്നുള്ള സാമൂഹിക നേട്ടവും സുതാര്യതയും മുന്നിൽ കണ്ട് മുൻകൂർ സാമൂഹിക സാമ്പത്തിക പരിശോധനയ്ക്ക് (Financial & Social Pre Audit) സംവിധാനം ഒരുക്കും.




*സർക്കാരിന്റെ 100 ദിന കർമ്മപരിപാടികൾ മുഖ്യമന്ത്രി ഉമ്മൻചാണ്ടി തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ പ്രഖ്യാപിക്കുന്നു.*

### സുതാര്യതയും കാര്യക്ഷമതയും

- മുഖ്യമന്ത്രിയുടെ ഓഫീസ് 24x7 പ്രവർത്തിക്കും.
- മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം വെബ്ബിലൂടെ തത്സമയ സംപ്രേക്ഷണം (Live Web Casting).
- ജില്ലാ കളക്ടറേറ്റിൽ പരാതി പരിഹാരസെൽ പ്രവർത്തിക്കും.

### ഭരണം ജനങ്ങളുടെ പ്രശ്നങ്ങളിലേക്ക്

- മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ജനസമ്പർക്ക പരിപാടി.
- ഓരോ ജില്ലയിലും വികസന-ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ മന്ത്രിയെ ചുമതലപ്പെടുത്തും.
- ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ താലൂക്ക് ആസ്ഥാനങ്ങളിൽ മാസത്തിലൊരിക്കൽ ജനസമ്പർക്ക പരിപാടി.

### സൂക്ഷ്മമായ വിലയിരുത്തൽ

- മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും കീഴിൽ പരിപാടികളുടെ നടത്തിപ്പിനും വിലയിരുത്തലിനും പ്രത്യേക സംവിധാനം. ഇത് മുഖ്യമന്ത്രി മോണിറ്റർ ചെയ്യും.
- ത്രിതല പഞ്ചായത്തുകളിൽ വികസന പരിപാടികളിൽ target & goal setting exercise നടപ്പാക്കുന്നതിന് നടപടികൾ.
- കേന്ദ്ര ക്യാബിനറ്റ് സെക്രട്ടേറിയേറ്റിന്റെ കീഴിലുള്ള Performance management & Evaluation system നടപ്പാക്കും.
- കേന്ദ്രസർക്കാരിന്റെ ദേശീയ ഇ-ഗവർണൻസ് പദ്ധതിയിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ വകുപ്പുതല കോർഡിനേഷനും ഇ-ഗവേർണൻസ് പദ്ധതികൾ സംയോജിപ്പിക്കാനും ഊന്നൽ കൊടുക്കും.
- ഐഐഎം കോഴിക്കോടുമായി സഹകരിച്ച് ക്യാബിനറ്റിന് ശില്പശാല.

### കേരള വിഷൻ 2030 ഐഡിയ ബാങ്ക്

- കേരളത്തെ അതിവേഗം മുന്നോട്ടു കൊണ്ടുപോകാനുള്ള ബഹുജന സംവാദത്തിന്റെ ഭാഗമായി ജനങ്ങളിൽ നിന്ന് ആശയങ്ങൾ സ്വീകരിക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ നൂതന ഓൺലൈൻ സംവിധാനം.

## കരുതൽ

### വിലവർധനയ്ക്കെതിരെ

- ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും ഒരു രൂപയ്ക്ക് 25 കിലോ അരി 100 ദിവസത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തികരിച്ച് ഓണത്തിന് നല്കും. ഒരു രൂപ അരി അനാഥർക്കും നല്കുന്നതാണ്.
- കെട്ടിക്കിടക്കുന്ന മൂന്നു ലക്ഷം അപേക്ഷകൾ തീർപ്പാക്കി റേഷൻ കാർഡ് നല്കും. തുടർന്ന് അപേക്ഷ നല്കുന്ന അന്നു തന്നെ റേഷൻ കാർഡ് നല്കും.
- സർക്കാർ ഉദ്യോഗസ്ഥരോ, 25,000 രൂപയ്ക്ക് മുകളിൽ വരുമാനം ഇല്ലാത്തവരോ ആയ ആദിവാസികളെ ബിപിഎൽ പട്ടികയിൽ ചേർക്കും.
- പച്ചക്കറി വിത്ത് കിറ്റ് വീടുകളിൽ വിതരണം ചെയ്യും.

### പാവപ്പെട്ടവരിലേക്ക്

- ആശ്രയ പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. നിരാലംബരെയും പരമദരിദ്രരെയും ഇതിൽ ഉൾപ്പെടുത്തും.
- പൂർണ്ണമായും തളർന്നുപോയവരെ ആശ്രയ പദ്ധതിയിൽ സംരക്ഷിക്കും.
- തദ്ദേശ സ്ഥാപനങ്ങളിൽ മത്സരിക്കാൻ ജോലി രാജിവച്ച അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും പുനർനിയമനം നല്കും. ഭാവിയിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കു മത്സരിക്കാൻ അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും ജോലി രാജിവയ്ക്കേണ്ടതില്ല. തിരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് അവരുടെ കാലാവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുവാൻ അവസരം നല്കും.
- ഉച്ചക്കഞ്ഞി പദ്ധതിയിലെ പാചകത്തൊഴിലാളികളുടെ വേതനം കൂട്ടും.

### ജീവൽ പ്രശ്നങ്ങളിലേക്ക്

- എൻഡോസൾഫാൻ ദുരിതബാധിതർക്ക് പാക്കേജ്.
- മൂലമ്പള്ളി പാക്കേജ് നടപ്പിലാക്കും.
- ചെങ്ങറ പുനരധിവാസത്തിലെ വീഴ്ചകൾ കണ്ടെത്തി പരിഹാരമാർഗ്ഗം കണ്ടെത്തും.
- ബാലവേലയും ബാലഭിക്ഷാടനവും കർശനമായി തടയാൻ നടപടി.
- വയനാട്ടിലെ അവിവാഹിതരായ അമ്മമാരുടെ പുനരധിവാസ നടപടികൾ പൂർത്തിയാക്കും.
- കടൽമാക്രിമൂലം കേടായ വലകൾക്കു പകരം പുതിയ വലകൾ മത്സ്യത്തൊഴിലാളികൾക്കു നല്കും.
- മുഴുവൻ ബ്ലോക്കുകളിലും വികലാംഗ സർട്ടിഫിക്കറ്റ് നല്കും.
- 14 ജില്ലകളിലും വയോജനങ്ങൾക്ക് സഹായം നല്കുന്ന വയോമിത്രം പദ്ധതി നടപ്പാക്കും.

### സുരക്ഷാകവചങ്ങൾ

- ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി കൂടുതൽ പ്രയോജനകരവും വിപുലവുമായി നടപ്പാക്കും.
- പുകവലിയുടെയും പാൻപരാഗ് ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെയും വ്യാപകമായ ഉപയോഗം കുറയ്ക്കാൻ പോലീസ് നടപടികളും ബോധവത്കരണ പരിപാടികളും.
- റോഡ് അപകടങ്ങളിൽപ്പെട്ട് ആശുപത്രികളിൽ ആകുന്നവരുടെ ചികിത്സാച്ചെലവ് വഹിക്കാൻ ഇൻഷ്വറൻസ് പദ്ധതി.
- കോളേജ് കാമ്പസുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ.

## സുതാര്യത സർക്കാരിന്റെ മുഖമുദ്ര ◆ അഴിമതിക്കെതിരെ അതി ശക്തമായി ◆ അതിവേഗം ബഹുദൂരം ◆ വികസനവും കരുതലും

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

- ഇ – മസ്റ്റർ റോൾ സുതാര്യമായി നടപ്പാക്കും.
- 14 ജില്ലകളിലും മാതൃകാ സോഷ്യൽ ഓഡിറ്റ്.
- 30 മുതൽ 40 ദിവസം വരെ താമസമുള്ള വേതന വിതരണം 15 ദിവസത്തിനുള്ളിലാക്കും (Zero Delay).

**തൊഴിൽനയം**

- തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതും ഉല്പാദനക്ഷമത ഉറപ്പുവരുത്തുന്നതുമായ തൊഴിൽനയം.
- നോക്കുകൂലി നിർത്തലാക്കാൻ നടപടിയെടുക്കും.

**കാർഷികമേഖല**

- കുട്ടനാട്ടിൽ നെല്ലുസംഭരിച്ചവരുടെ കുടിശിക തീർക്കും. വേനൽമഴയിൽ ഉണ്ടായ നാശത്തിന് നഷ്ടപരിഹാരം നല്കും. ആവശ്യമായ കൊയ്ത്തു മെതിയന്ത്രം വാങ്ങും.
- വനഭൂമിയോടു ചേർന്നു കിടക്കുന്ന കൃഷിയിടങ്ങളിലെ കർഷകരെ കാട്ടുമൃഗങ്ങളുടെ ഭീഷണിയിൽ നിന്നു സംരക്ഷിക്കാൻ പദ്ധതി.
- വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഇടയിൽ കൃഷിക്ക് അഭിരുചി വളർത്താൻ കേന്ദ്രസഹായത്തോടെ അഗ്രികൾച്ചർ റിസർച്ച് ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കും.

**മാലിന്യവിമുക്ത കേരളം**

- തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് തുടക്കം. ജനപങ്കാളിത്തത്തോടെ ശുചിത്വ കേരളം എന്ന ലക്ഷ്യത്തിനു തുടക്കം കുറിക്കും.

**കേരള ലോട്ടറിക്ക് ഐശ്വര്യം**

- ആദ്യ സമ്മേളനത്തിൽ തന്നെ ലോട്ടറി ഓർഡിനൻസ് നിയമമാക്കും.
- അന്യസംസ്ഥാന ലോട്ടറിയുടെ ചൂഷണം അവസാനിപ്പിക്കും.
- സംസ്ഥാന ലോട്ടറിയെ പരിപോഷിപ്പിക്കും.

### വികസനത്തിന്റെ ഇരമ്പൽ

**കേരളം വീണ്ടും നിക്ഷേപസൗഹൃദം**

- കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ വ്യക്തമായ നടപടികൾ. ഇതിന് ആവശ്യമായ വ്യവസായ-ഐടി നയങ്ങൾക്കു രൂപം നല്കും.
- നിക്ഷേപം ആകർഷിക്കാൻ മുഖ്യമന്ത്രിയുടെ കീഴിൽ ഇൻവസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് എംപ്ലോയ്മെന്റ് ക്രിയേഷൻ ഏജൻസി രൂപീകരിക്കും.
- മുഖ്യമന്ത്രിയുടെ ഇൻവസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിൽ രൂപീകരിക്കും.
- ഇന്ത്യക്കകത്തും പുറത്തും ഐടി, ടൂറിസം, എഡ്യൂക്കേഷൻ, ഹെൽത്ത് കെയർ നിക്ഷേപകരുമായി മുഖ്യമന്ത്രി – മന്ത്രിതല സംഗമം. ഇതിൽ വിദേശ മലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കും.
- സംസ്ഥാനത്തെ നിക്ഷേപസാധ്യതകളെക്കുറിച്ച് വിവിധ രാജ്യങ്ങളിലെ അംബാസിഡർമാർ, ഹൈക്കമ്മീഷണർമാർ എന്നിവരുമായി ഡൽഹിയിൽ ചർച്ച.
- സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക മേഖല (SEZ) നയം കേന്ദ്ര സർക്കാരിന്റെ നയവുമായി ഏകോപിപ്പിക്കും.

**വൻപദ്ധതികൾ, പരിസ്ഥിതി**

- പരിസ്ഥിതി ആഘാത പഠന സമിതി രൂപീകരിക്കും.
- സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, തലസ്ഥാന നഗരവികസന പദ്ധതികൾ നടപ്പാക്കാൻ തീവ്ര നടപടികൾ.

**ഭൂമി ഏറ്റെടുക്കലിന് പുതിയ നയം**

- ഭൂഉടമകൾക്കു കൂടി സ്വീകാര്യമായ ഭൂമി ഏറ്റെടുക്കൽ നയത്തിനു രൂപം നല്കും.
- ഭൂഉടമകൾക്കു കമ്പോള വില നല്കും.
- സ്ഥലം ഏറ്റെടുക്കുന്നവർക്കു നഷ്ടപരിഹാരമായി പണം വേണ്ടെങ്കിൽ ട്രാൻസ്ഫറബിൾ ഡവലപ്മെന്റ് റൈറ്റിന് അവകാശം.
- ഉടമകൾക്കു നഷ്ടപരിഹാരം നല്കിയ ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കുകയുള്ളൂ.
- വീട് നഷ്ടപ്പെടുന്നവർക്ക് പ്രത്യേക പുനരധിവാസ പാക്കേജ്.
- അവിടെ നടപ്പാക്കുന്ന പദ്ധതികളുടെ ആദ്യത്തെ ഗുണഭോക്താവ് ഭൂമി നഷ്ടപ്പെടുന്നവർ.

**വികസന അതോറിറ്റികൾ**

- മലയോര വികസന അതോറിറ്റി.
- തീരദേശ വികസന അതോറിറ്റി.
- കൊച്ചി മെട്രോപോളിറ്റൻ റീജണൽ ഡവലപ്മെന്റ് അതോറിറ്റി.
- സംസ്ഥാന മാരിടൈം ബോർഡ്.
- കൊല്ലം, തൃശൂർ, കോഴിക്കോട് നഗരസഭകളിൽ വികസന അതോറിറ്റി.
- തലസ്ഥാന നഗര വികസന അതോറിറ്റി.
- ദേശീയ ജലപാതയുടെയും സംസ്ഥാന ജലപാതയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും

**കേന്ദ്രവുമായി കൈകോർത്ത്**

- കേന്ദ്രവുമായുള്ള ബന്ധം കൂടുതൽ സുദൃഢമാക്കി കൂടുതൽ പദ്ധതികളും പാക്കേജുകളും നേടിയെടുക്കുവാനും അതിന്റെ ഫോളോഅപ്പിനുമായി ഡൽഹിയിൽ സംവിധാനം.

**റോഡ്**

- സർക്കാരിന്റെ കീഴിലുള്ള റോഡുകളുടെ പരിപാലനത്തിലെ പരാതികൾ അറിയിക്കാനും അത് പരിഹരിക്കാനുമായി ഹെൽപ്പ്ലൈൻ നടപ്പാക്കും.

**ക്രമസമാധാനപാലനം**

- പോലീസിലെ കുറ്റവാളികൾക്കെതിരെ കർശന നടപടി.
- ഗുണ്ടാവിരുദ്ധ നിയമം കർശനമായി നടപ്പാക്കും. ഗുണ്ടകളുടെ ലിസ്റ്റ് തയ്യാറാക്കി നിയമം ലംഘിക്കുന്നവർക്കെതിരെയും ക്വട്ടേഷൻ സംഘങ്ങൾക്കെതിരെയും കർശന നടപടി.
- സമരത്തിനും പ്രതിഷേധത്തിനുമുള്ള ജനാധിപത്യാവകാശം നിലനിർത്തി തന്നെ മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നിയമനടപടി.

**ശബരമലയിൽ ശരവേഗം**

- ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കാൻ ദേവസ്വം മന്ത്രി അധ്യക്ഷനായി പ്രത്യേക സമിതി രൂപീകരിക്കും

**സിനിമാ വ്യവസായം**

- ഇന്റർനെറ്റ് വഴിയും വ്യാജ സിഡി വഴിയും സിനിമ വ്യവസായത്തെ തകർക്കുന്ന റാക്കറ്റുകൾക്കെതിരേ നടപടി എടുക്കാൻ ഡിഐജിയുടെ നേതൃത്വത്തിൽ സെൽ.

**ചുവപ്പുനാടയ്ക്ക് മോചനം**

- സെക്രട്ടേറിയേറ്റിൽ കെട്ടിക്കിടക്കുന്ന 1.40 ലക്ഷം ഫയലുകളിൽ നിയമപരമായ തടസ്സം ഇല്ലാത്തവ തീർപ്പാക്കും.
- ഡിപ്പാർട്ടുമെന്റുകളിൽ കെട്ടിക്കിടക്കുന്ന മൂന്നു ലക്ഷം ഫയലുകളിൽ നിയമപരമായ തടസം ഇല്ലാത്തവ തീർപ്പാക്കും.
- ജില്ലകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളും അതിവേഗം തീർപ്പാക്കാൻ നടപടി.

**പിഎസ്‌സി ഒഴിവുകൾ**

- മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യും. വിരമിക്കൽ തീയതി ഏകീകരിച്ചതിനെ തുടർന്ന് റാങ്ക് ഹോൾഡേഴ്സിന് ഉണ്ടാകുന്ന ആശങ്ക അകറ്റുന്നതിന് റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്ന ദിവസം വരെയുള്ള ഒഴിവുകൾ കൂടി കണക്കിലെടുത്തായിരിക്കും ഒഴിവുകൾ പി.എസ്.സിയെ അറിയിക്കുന്നത്.

**ദേശീയ ഗെയിംസ്**

- കായിക കേരളം കാത്തിരിക്കുന്ന ദേശീയ ഗെയിംസിന് 560 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏഴു ജില്ലകളിൽ നടപ്പാക്കുന്നതിന്റെ നടപടിക്രമങ്ങൾക്ക് തുടക്കം കുറിക്കും. ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പണിയുടെ പുരോഗതിയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

**വിദ്യാഭ്യാസ മേഖല**

- പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്താൻ സമഗ്ര പരിപാടി.
- ഉന്നത പ്രഫഷണൽ സ്വാശ്രയ കോളേജുകൾക്ക് എൻഒസി.

**ധവളപത്രം**

- സാമ്പത്തികസ്ഥിതിയെക്കുറിച്ച് ധവളപത്രം

**നിയമനങ്ങളിൽ സുതാര്യത**

- സർവ്വകലാശാല നിയമനങ്ങൾ പിഎസ്‌സിക്ക്.
- വികലാംഗർക്കും അന്ധബധിരമൂകർക്കും സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള മൂന്നു ശതമാനം ജോലി സംവരണം കുടിശ്ശിക നികത്തി നടപ്പാക്കും.

**രജിസ്ട്രേഷനിൽ പുതിയ കാൽവയ്പ്**

- മുഴുവൻ രജിസ്ട്രേഷൻ ഓഫീസുകളെയും ഓൺലൈനാക്കുന്നതിനു തുടക്കംകുറിച്ച് 10 സബ് രജിസ്ട്രാർ ഓഫീസുകളിൽ ബാധ്യതാ സർട്ടിഫിക്കറ്റ്, ആധാര പകർപ്പ് എന്നിവയുടെ അപേക്ഷകൾ ഓൺലൈനായി നല്കുന്നതിനു സംവിധാനം.
- പാർട്ട്ണർഷിപ്പ് ഫേം (Partnership Firm) രജിസ്ട്രേഷൻ ഓൺലൈനാക്കും.
- ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ഓൺലൈനിൽ.

**നയിക്കാൻ നയങ്ങൾ**

- ഐടി നയം.
- പാർപ്പിട നയം.
- എക്സൈസ് നയം.
- ടൂറിസം.
- പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് നയം.
- യൂണിഫൈഡ് ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ബിൽ അവതരിപ്പിക്കും.
- സംസ്ഥാന ന്യൂട്രീഷ്യൻ നയം.
- യുവജന നയം.

**വകുപ്പുതല പദ്ധതികൾ**

ഓരോ വകുപ്പും 100 ദിവസത്തിനുള്ളിൽ നടപ്പാക്കാൻ കഴിയുന്ന നിരവധി പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



- ആശ്രയ പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. നിരാലംബരെയും പരമദരിദ്രരെയും ഇതിൽ ഉൾപ്പെടുത്തും.
- പൂർണ്ണമായും തളർന്നുപോയവരെ ആശ്രയ പദ്ധതിയിൽ സംരക്ഷിക്കും.
- തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് തുടക്കം. ജനപങ്കാളിത്തത്തോടെ ശുചിത്വകേരളം എന്ന ലക്ഷ്യത്തിനു തുടക്കം കുറിക്കും.
- ഇ– മസ്റ്റർ റോൾ സുതാര്യമായി നടപ്പാക്കും.
- 14 ജില്ലകളിലും മാതൃകാ സോഷ്യൽ ഓഡിറ്റ്.
- 30 മുതൽ 40 ദിവസം വരെ താമസമുള്ള വേതന വിതരണം 15 ദിവസത്തിനുള്ളിലാക്കും.

# ചരിത്രം തിരുത്തിക്കുറിച്ചൊരു തിരഞ്ഞെടുപ്പ്



**ജമ്മുകാശ്മീരിൽ ഇപ്പോൾ തിരഞ്ഞെടുപ്പ് കാലമാണ്. ഒരു ദശാബ്ദത്തിനുശേഷം നടക്കുന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പ് ജനങ്ങൾ ഉത്സവമാക്കി മാറ്റിയിരിക്കുന്നു.**

ഡോ. പി.പി. ബാലൻ

ജമ്മുകാശ്മീരിൽ പ്രാദേശിക ജനാധിപത്യ പ്രക്രിയയിൽ ഭാഗഭാക്കാകുവാൻ ജനങ്ങൾ കാണിക്കുന്ന താൽപ്പര്യത്തിന് അതിരില്ല. യുവാക്കളും യുവതികളും വന്ദ്യവയോധികരും എല്ലാം ആവേശതിമിർപ്പിൽ. അവരിൽ പലരും ആദ്യമായി സമ്മതിദാനാവകാശം വിനിയോഗിക്കുന്നവരുമാണ്. എല്ലാവരിലും പുതിയ ഒരു ജനാധിപത്യ അവബോധം വന്നതുപോലെ. ഒരു സംസ്ഥാനത്തും നാളിതുവരെ ഒരു തിരഞ്ഞെടുപ്പിലും കാണാത്ത ആവേശം. പൊടുന്നനെ ഉണ്ടായ ഈ ആവേശത്തിമിർപ്പിന് കാരണം പലതാണ്. ഏപ്രിൽ 13ന് തുടങ്ങി ജൂൺ 16ന് അവസാനിക്കുന്ന 16 ഘട്ടം തിരഞ്ഞെടുപ്പിന്റെ അവസാന ഘട്ടത്തിലെത്തുമ്പോഴേക്കും ശരാശരി പോളിങ് നില 82%. 50 ലക്ഷം വോട്ടർമാർ 4130 പഞ്ചായത്ത് അദ്ധ്യക്ഷൻമാരെയും മുപ്പതിനായിരത്തോളം പഞ്ചായത്ത് അംഗങ്ങളെയും തിരഞ്ഞെടുക്കുന്നു, ദീർഘമായ രണ്ടരമാസ കാലയളവിൽ. പോളിങ് ദിവസം തന്നെ വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നു എന്നതാണ് മറ്റൊരു സവിശേഷത. സുഗമമായ പോളിങ്ങാണ് എങ്ങും. കള്ളവോട്ടോ, ആൾമാറാട്ടമോ ഇല്ല. നീതിപൂർവ്വവും നിഷ്പക്ഷവുമായ ഇലക്ഷൻ.

### പ്രാദേശിക വികസനത്തിനൊരു വോട്ട്

ജമ്മുകാശ്മീർ ജനത ഒന്നടങ്കം വോട്ടുചെയ്യാൻ വന്നിട്ടുണ്ടെങ്കിൽ അത് പ്രാദേശിക വികസനം ലക്ഷ്യം വച്ചുകൊണ്ട് മാത്രമാണ്. വോട്ടർമാരുടെ നീണ്ട ക്യൂവിലെ ആരോട് ചോദിച്ചാലും അവർ പറയും വെള്ളത്തിനും വെളിച്ചത്തിനും വേണ്ടിയാണ് ഈ വോട്ട് എന്ന്. പഞ്ചായത്തുകൾ വന്നാൽ ഗ്രാമങ്ങൾ വികസിക്കുമെന്ന അവബോധം സാധാരണക്കാരിൽ രൂഢമൂലമാണ്. വികസനത്തിന് ഒരു വോട്ട് എന്നാണ് അവർ പറയുന്നത്. പഞ്ചായത്തുകൾ വന്നാൽ വികസനം വരുമെന്ന് അവർ പഠിച്ചത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെക്കുറിച്ചുള്ള കേട്ടറിവിലൂടെയാണ് അധികാരവികേന്ദ്രീകരണത്തിലൂടെ ഏറെ മുന്നേറിയ കേരളം പോലുള്ള സംസ്ഥാനങ്ങളെക്കുറിച്ചും അവർക്കറിയാം. അത്തരം കാര്യങ്ങൾ സ്വന്തം സംസ്ഥാനത്തും പ്രാവർത്തികമാക്കാൻ ഇക്കുറി സാധിക്കുമോ എന്നാണ് അവർ ചിന്തിക്കുന്നത്. അവർക്ക് വേണ്ടത് പരിമിതമായ കാര്യങ്ങളാണ്. ആശുപത്രിയിൽ ഡോക്ടർമാരും സ്ക്കൂളുകളിൽ അദ്ധ്യാപകന്മാരും വേണം. ഗതാഗത സൗകര്യമുള്ള റോഡുകളും അത്യാവശ്യ സ്ഥലങ്ങളിൽ പാലങ്ങളും വേണം. പഞ്ചായത്ത് സംവിധാനത്തിലൂടെ ഇതു നേടാൻ കഴിയും എന്ന് അവർ ഉറച്ചു വിശ്വസിക്കുന്നു.

### ദേശീയ തൊഴിലുറപ്പു പദ്ധതി വരുത്തിയ സ്വാധീനം

രാജ്യത്താകമാനം നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി ജമ്മുകാശ്മീരിലും വികസനത്തിന്റെ തീനാളം എത്തിച്ചിട്ടുണ്ട്. ആദ്യ നാളുകളിൽ ലഭിച്ചിരുന്ന തുച്ഛമായ 70 രൂപ കൂലിക്കുപോലും പ്രവൃത്തി ചെയ്യുവാൻ ജനങ്ങൾ തയ്യാറായത് ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഇപ്പോൾ ലഭിക്കുന്ന 110 രൂപയ്ക്ക് ജോലി ചെയ്യാൻ കൂട്ടത്തോടെ പുരുഷന്മാരും സ്ത്രീകളും വന്നെത്തുന്ന ദൃശ്യം സർവ്വ സാധാരണമാണ്. പട്ടിണി മാറ്റാൻ ഒരു പദ്ധതി എന്ന നിലയിലാണ് അവർ ഇതിനെ നോക്കി കാണുന്നത്. കഴിഞ്ഞ 2 വർഷങ്ങളിലായി പലരും ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ പ്രാദേശിക വികസന പ്രക്രിയയിൽ പങ്കാളികളായിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ പഞ്ചായത്ത് എന്ന സംവിധാനമില്ലാത്തതിന്റെ പോരായ്മയെക്കുറിച്ചവർ ബോധവാന്മാരാണ്. ഉദ്യോഗസ്ഥരുടെയും മദ്ധ്യവർത്തികളുടെയും ഇടയിൽ നടമാടുന്ന അഴിമതിയും ദുർവ്യയവും ചോദ്യം ചെയ്യാൻ ഒരു സംവിധാനം വേണമെന്ന ആവശ്യം നിരന്തരമായി ഉന്നയിക്കപ്പെടുന്നുണ്ട്.

**ഭരണഘടനയുടെ 73, 74 ഭേദഗതികൾ ജമ്മുകാശ്മീരിൽ ബാധകമല്ല. അതുകൊണ്ടുതന്നെ ഇവിടെ ത്രിതല പഞ്ചായത്തുകളില്ല. ഇവിടെ ഗ്രാമപഞ്ചായത്തുകളിലേക്ക് മാത്രമാണ് തിരഞ്ഞെടുപ്പ്. മദ്ധ്യതല പഞ്ചായത്തുകളില്ലെങ്കിലും ബ്ലോക്ക് ഡവലപ്മെന്റ് കൗൺസിൽ ആ സ്ഥാനം അലങ്കരിക്കുന്നു.**

ഒരു പ്രാദേശിക ഭരണകൂടമുണ്ടെങ്കിൽ ഇതിനു പരിഹാരമുണ്ടാകും എന്നവർ മനസ്സിലാക്കുന്നു. പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കുന്നതിന് പഞ്ചായത്തുകളിലൂടെ സാധിക്കുന്നുവെന്നവർ വിശ്വസിക്കുന്നു. അതുകൊണ്ട് എന്തു ത്യാഗം ചെയ്തും പഞ്ചായത്തു തിരഞ്ഞെടുപ്പിൽ സജീവമായി ഇടപെടുക, വോട്ടു ചെയ്യുക എന്നത് അവർക്ക് ജീവിതവ്രതമായി മാറി.

### മങ്ങലേൽക്കുന്ന തീവ്രവാദം

ഇക്കുറിയും പതിവ് പരിപാടിയിലൂടെ തിരഞ്ഞെടുപ്പ് അലങ്കോലപ്പെടുത്താൻ തീവ്രവാദികൾ ശ്രമിക്കുകയുണ്ടായി. വനിതാ സ്ഥാനാർത്ഥിയെ വെടിവച്ചു കൊന്നതും പഞ്ചായത്താഫീസ് ചുട്ടെരിച്ചതും നാട്ടുകാരിൽ ഭീതി ഉണ്ടാക്കാൻ മാത്രമായിരുന്നു. തിരഞ്ഞെടുപ്പിന് ഒരാഴ്ച മുൻപ് ബഹിഷ്ക്കരണ ആഹ്വാനവുമുണ്ടായി. തീവ്രവാദി സംഘടനകൾ രംഗത്തെത്തിയിരുന്നു. ജമായതി അഹിലതാസ് നേതാവായ മൗലാന ഷൗക്കത്ത് അഹമ്മദിനെ മൃഗീയമായി കൊലപ്പെടുത്തിയതും ഈ ഘട്ടത്തിൽ അരാചകത്വം സൃഷ്ടിക്കാൻ വേണ്ടിയായിരുന്നു. പക്ഷെ ജനം സത്യം തിരിച്ചറിഞ്ഞു. ഇതെല്ലാം അവഗണിച്ചുകൊണ്ട് രാവിലെ മുതൽ ജനം ക്യൂ നിന്നു. അവരുടെ വിലയേറിയ സമ്മതിദാനാവകാശം വിനിയോഗിക്കുവാൻ. ഹുറിയത്ത് കോൺഫറൻസ് അടക്കമുള്ള വലിയ സംഘടനകൾ നടത്തിയ ആഹ്വാനവും ഫലം കണ്ടില്ല. തുടർന്നു തീവ്രവാദി സംഘടനകളെല്ലാം ഉൾവലിഞ്ഞു. നാട്ടിൽ വേരുകൾ നഷ്ടപ്പെടും എന്ന യാഥാർത്ഥ്യബോധം അവരെ നിശബ്ദരാക്കി.

### 85 അല്ല 100 തന്നെ

തീവ്രവാദ പ്രവർത്തനങ്ങൾക്ക് കുപ്രസിദ്ധമായ കൂപ്പ്‌വാര ജില്ലയിൽ 2001 ലെ തിരഞ്ഞെടുപ്പിൽ 15% ആയിരുന്നു പോളിങ്. ഇപ്രാവശ്യം അത് 86% എത്തിനിൽക്കുന്നു. കൂപ്പ്‌വാര ജില്ലാ കളക്ടർ പറയുന്നത് ഇങ്ങനെ; *ഫലത്തിൽ ഇവിടെ 100% തന്നെയാണ് പോളിങ്. കാരണം സൈനിക അർദ്ധസൈനിക വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്നതിൽ പലർക്കും സാങ്കേതിക കാരണങ്ങളാൽ വോട്ടു ചെയ്യാൻ കഴിഞ്ഞിരുന്നില്ല.* അദ്ദേഹം ഊന്നി പറഞ്ഞ ഒരു കാര്യമുണ്ട്. ജീവിച്ചിരിക്കുന്നവരും വോട്ടർപട്ടികയിൽ പേരുള്ള എല്ലാവരും ഈ പ്രാവശ്യം വോട്ടുചെയ്തിട്ടുണ്ട്. കഴിഞ്ഞകുറി മത്സരിക്കാൻ സ്ഥാനാർത്ഥികൾ ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ നടക്കുന്നത് തീവ്രമായ മത്സരമാണ്. ശരാശരി നാലും അഞ്ചും സ്ഥാനാർത്ഥികൾ ഒരു സ്ഥാനത്തേക്ക് മത്സരിക്കുന്നു. മുസ്ലീം ഭൂരിപക്ഷമുള്ള കേന്ദ്രത്തിൽ ഹിന്ദു (പണ്ഡിറ്റ്) വനിതാ സ്ഥാനാർത്ഥി വിജയിച്ചത് എല്ലാവരെയും അത്ഭുതപ്പെടുത്തിയ സംഭവമാണ്. മതസൗഹാർദ്ദത്തിന്റെ ഇത്തരം നല്ല മാതൃകകളും റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ട്.

### ത്രിതല സംവിധാനത്തിനൊരു ബദൽ

ഭരണഘടനയുടെ 73, 74 ഭേദഗതികൾ ഇവിടെ ബാധകമല്ല. അതുകൊണ്ടു തന്നെ ജമ്മുകാശ്മീരിൽ ത്രിതല പഞ്ചാ

**ഏപ്രിൽ 13ന് തുടങ്ങി ജൂൺ 16ന് അവസാനിക്കുന്ന 16 ഘട്ടം തിരഞ്ഞെടുപ്പിന്റെ അവസാന ഘട്ടത്തിലെത്തുമ്പോഴേക്കും ശരാശരി പോളിങ് നില 82%. 50 ലക്ഷം വോട്ടർമാർ 4130 പഞ്ചായത്ത് അദ്ധ്യക്ഷൻമാരെയും മുപ്പതിനായിരത്തോളം പഞ്ചായത്ത് അംഗങ്ങളെയും തിരഞ്ഞെടുക്കുന്നു, ദീർഘമായ രണ്ടരമാസ കാലയളവിൽ. പോളിങ് ദിവസം തന്നെ വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നു എന്നതാണ് മറ്റൊരു സവിശേഷത. സുഗമമായ പോളിങ്ങാണ് എങ്ങും. കള്ളവോട്ടോ, ആൾമാറാട്ടമോ ഇല്ല. നീതിപൂർവ്വവും നിഷ്പക്ഷവുമായ ഇലക്ഷൻ.**





യത്തുകളില്ല. ഇവിടെ ഗ്രാമപഞ്ചായത്തുകളിലേക്ക് മാത്രമാണ് തിരഞ്ഞെടുപ്പ്. മദ്ധ്യതല പഞ്ചായത്തുകളില്ലെങ്കിലും ബ്ലോക്ക് ഡവലപ്മെന്റ് കൗൺസിൽ ആ സ്ഥാനം അലങ്കരിക്കുന്നു. എല്ലാ ഗ്രാമപഞ്ചായത്തിലെയും പ്രസിഡന്റുമാരടങ്ങുന്ന സമിതിയാണിത്. കൂടാതെ മാർക്കറ്റിങ് സൊസൈറ്റി ചെയർമാൻ കൂടി ഇതിൽ അംഗമാണ്. ബ്ലോക്ക് ഡവലപ്മെന്റ് കൗൺസിൽ ചെയർമാനെ തിരഞ്ഞെടുക്കുന്നത് ബ്ലോക്ക് പരിധിയിൽ വരുന്ന എല്ലാ പഞ്ചായത്ത് അധ്യക്ഷൻമാരും പഞ്ചായത്തംഗങ്ങളും ചേർന്നാണ്. ചെയർമാൻ സ്ഥാനത്തേക്ക് ബ്ലോക്ക് പ്രദേശത്തുള്ള വോട്ടർമാരിൽ ആർക്കും മത്സരിക്കാവുന്നതാണ്. പ്രസ്തുത തിരഞ്ഞെടുപ്പ് നടക്കുന്ന സമയത്തു തന്നെ വൈസ് ചെയർമാനെയും ബ്ലോക്ക് കൗൺസിലിലെ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്നു.

ജില്ലാ പ്ലാനിംങ് ആൻഡ് ഡവലപ്മെന്റ് കൗൺസിൽ ആണ് ജില്ലാ തലത്തിലുള്ള സംവിധാനം. എന്നാൽ ഇവിടെ ഡി.പി.സി.യോ ജില്ലാ പഞ്ചായത്തോ നിലവിലില്ല. പ്രസ്തുത കൗൺസിലിൽ എല്ലാ ബ്ലോക്ക് ചെയർമാൻമാരും ജില്ലയിലെ MP,MLAമാരും അംഗങ്ങളാണ്. കൂടാതെ നഗരസഭ ചെയർമാനും ടൗൺ ഏരിയ കമ്മറ്റി ചെയർമാനും കമ്മറ്റിയിലുണ്ട്. പ്രസ്തുത ബോർഡിൽ നിന്ന് ഒരംഗത്തെ ചെയർമാനായി ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്നു. എന്നാൽ വൈസ് ചെയർമാനെ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്നു. ഇവിടെ ജില്ലാ കളക്ടറാണ് മുഖ്യ നിർവ്വഹണ ഉദ്യോഗസ്ഥൻ.

**പഞ്ചായത്ത് അദാലത്ത്**

ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നാൽ അടുത്തപടി പഞ്ചായത്ത് അദാലത്തുകൾക്ക് രൂപം നൽകലാണ്. പ്രാദേശികമായ പ്രശ്നം പ്രാദേശികമായി തന്നെ പരിഹരിക്കുക എന്ന അതിമഹത്തായ ഗാന്ധിയൻ ആദർശത്തിന്റെ മകുടോദാഹരണമായി അദാലത്തുകൾ രൂപം കൊള്ളുന്നു. അഞ്ച് അംഗങ്ങളുള്ള ഒരു സമിതിയാണിത്. ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഒരു പാനലിൽ നിന്നാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. അദാലത്തംഗങ്ങൾക്ക് പ്രത്യേക യോഗ്യതയും നിശ്ചയിച്ചിട്ടുണ്ട്. 30 വയസ്സ് പൂർത്തീകരിച്ചവർക്ക് മാത്രമേ അദാലത്തംഗമാകാൻ പാടുള്ളൂ എന്നതാണ് ഒന്ന്. കൂടാതെ അവർ സാക്ഷരർ കൂടി ആയിരിക്കണം. എന്നാൽ ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് പ്രസ്തുത സ്ഥാനങ്ങളിൽ എത്താനാവില്ല. അങ്ങനെ വേണമെന്നുണ്ടെങ്കിൽ പഞ്ചായത്തംഗത്വം അവർ രാജിവെയ്ക്കണം. പഞ്ചായത്തോഫീസിൽ പ്രത്യേകമായൊരു മുറി അദാലത്തംഗങ്ങൾക്ക് മാത്രമായി നീക്കിവെച്ചിട്ടുണ്ട്. ഇതു കോടതി മുറിയായി പ്രവർത്തിക്കുന്നു. പഞ്ചായത്ത് അദാലത്ത് കൈകാര്യം ചെയ്യുന്ന ക്രിമിനൽ സിവിൽ കേസുകൾ ഏതൊക്കെ എന്ന് ആക്ടിൽ കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. മുൻസിഫ് കോടതിയെ സമീപിക്കുന്ന പലരേയും തിരിച്ച് പഞ്ചായത്ത് അദാലത്തിലേക്ക് മടക്കുന്ന അവസരങ്ങളുണ്ട്. നീതി നിർവ്വഹണം ചെലവുകുറഞ്ഞ രീതിയിൽ എളുപ്പം നിർവ്വഹിക്കുക എന്ന ലക്ഷ്യമാണിതിനു പിന്നിൽ.

> **കാശ്മീർ പ്രശ്ന പരിഹാരത്തിന് കേന്ദ്രഗവൺമെന്റ് തലത്തിൽ കൂടിയാലോചനകൾ നടക്കുന്ന സമയമാണിത്. ഇതിനായി മൂന്നംഗ സമിതി പ്രവർത്തിച്ചുവരുന്നു. പ്രശ്ന പരിഹാരത്തിന് നിർദ്ദേശിക്കപ്പെട്ട കാര്യമായ നിർദ്ദേശങ്ങളിലൊന്ന് പഞ്ചായത്ത് ഇലക്ഷൻ നടത്തി പ്രാദേശിക ഭരണ സംവിധാനം ശക്തിപ്പെടുത്തുക എന്നതാണ്. ഇതിൽ ഒരു ഘട്ടം തരണം ചെയ്തു. ജനാധിപത്യ പ്രക്രിയയിൽ വലിയ ഒരു ജന വിഭാഗത്തെ ഭാഗഭാക്കാക്കാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്.**

കാശ്മീർ പ്രശ്ന പരിഹാരത്തിന് കേന്ദ്രഗവൺമെന്റ് തലത്തിൽ കൂടിയാലോചനകൾ നടക്കുന്ന സമയമാണിത്. ഇതിനായി മൂന്നംഗ സമിതി പ്രവർത്തിച്ചുവരുന്നു. പ്രശ്ന പരിഹാരത്തിന് നിർദ്ദേശിക്കപ്പെട്ട കാര്യമായ നിർദ്ദേശങ്ങളിലൊന്ന് പഞ്ചായത്ത് ഇലക്ഷൻ നടത്തി പ്രാദേശിക ഭരണസംവിധാനം ശക്തിപ്പെടുത്തുക എന്നതാണ്. ഇതിൽ ഒരു ഘട്ടം തരണം ചെയ്തു. ജനാധിപത്യ പ്രക്രിയയിൽ വലിയ ഒരു ജനവിഭാഗത്തെ ഭാഗഭാക്കാക്കാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും പണവും നല്കി അവയെ പ്രാദേശിക ഗവൺമെന്റുകളാക്കി പ്രവർത്തിപ്പിക്കുക എന്നതാണ് അടുത്തപടി. ഇതിൽ എത്രമാത്രം മുന്നോട്ടു പോകാൻ കഴിയുമെന്നതിനെ ആശ്രയിച്ചായിരിക്കും കാശ്മീരിന്റെ ഭാവിവികസനം. ■

*ലേഖകൻ ചണ്ഡിഗഢിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ ആൻഡ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റിൽ ഡയറക്ടറാണ്.*





# ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസത്തിന്റെ പ്രായോഗികതയും വനവത്കരണവും

**ലിപിൻരാജ് മരുതിക്കൽ**

> "ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളൽ കുറയ്ക്കുന്നതിൽ നിങ്ങളേക്കാളേറെ ഞങ്ങളും ബാദ്ധ്യസ്ഥരാണ്. പക്ഷേ, വ്യവസായവത്കൃത-സമ്പന്നരാജ്യമെന്ന മേൽമൂടിയണിഞ്ഞ് ആഗോളതാപനത്തിനെതിരെയുള്ള പോരാട്ടത്തിൽ നിന്ന് ഒളിച്ചോടാൻ ഞങ്ങൾ തയ്യാറല്ല."
>
> *- ബറാക് ഒബാമയുടെ പ്രസംഗത്തിൽ നിന്ന്*
> *(കോപ്പൻഹേഗൻ കാലാവസ്ഥാ ഉച്ചകോടി, 2010)*
>
> "കണ്ടുമുട്ടിയിട്ടില്ലൊരു കവിതയേയും ഞാനീ-
> സ്നേഹമഴ പൊഴിക്കുമോരോ മരത്തേക്കാളുമിതുവരെ"
>
> *- ജോയ്സ് കിൽമറുടെ 'ദ് ട്രീസ്'*
> *(മലയാളം പരിഭാഷ - 1914)*

ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും കൊണ്ട് കെട്ടുപിണഞ്ഞു കിടക്കുന്ന പരിസ്ഥിതി സമവാക്യങ്ങളിൽ വികസനമെന്ന അജണ്ടയെ -സുസ്ഥിരവികസനത്തിനൊപ്പം ചേർത്തുനിർത്തി- അതൊട്ടും ഉരുകിയൊലിച്ചു പോകാതിരിക്കാനുള്ള അക്ഷീണ പരിശ്രമത്തിലാണ് ലോകമിന്ന്. ഹരിതഗൃഹവാതകങ്ങളുടെ പുറംതള്ളലിൽ അമേരിക്കയെ അട്ടിമറിച്ചുകൊണ്ട് ചൈന ഒന്നാംസ്ഥാനത്തേക്ക് മാറുന്ന കാഴ്ചയ്ക്കും ലോകം സാക്ഷ്യം വഹിച്ചു. ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ചൈനയാണ് വിദേശനിക്ഷേപം ആകർഷിക്കുന്നതിലും നിലവിൽ ഒന്നാം സ്ഥാനത്ത്. പക്ഷേ, പരിസ്ഥിതി സൗഹാർദ്ദത കൂട്ടിയിണക്കിയുള്ള വികസനം ചൈനയിലന്യം നിന്നുപോകുമെന്ന് വേൾഡ് വൈൽഡ് ലൈഫിന്റെ പുതിയ 2010-ലെ റിപ്പോർട്ട് സൂചിപ്പിക്കുന്നു. പരിസ്ഥിതി സൗഹൃദമേഖലകളിൽ തട്ടി ഇന്ത്യയിൽ പോസ്കോ, വേദാന്ത, ജെയ്താപൂർ ന്യൂക്ലിയർ പ്ലാന്റ് തുടങ്ങിയവയിലൊക്കെ പരിസ്ഥിതി മന്ത്രാലയത്തിന്റെ പിടി മുറുകുമ്പോൾ ഹരിതഗൃഹവാതകങ്ങളുടെ കാര്യത്തിൽ ചൈനയടക്കമുള്ള വ്യവസായവത്കൃതരാജ്യങ്ങൾക്ക് യാതൊരു ഉത്തരവാദിത്വവുമില്ലെന്നതാണ് സത്യം. ആഗോളതാപനത്തിന്റെ ഒറ്റമൂലിയല്ല, മറുമരുന്നായ 'ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസവും കാർബൺ ക്രെഡിറ്റും പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ടുനിൽക്കുന്നത് വനവത്കരണത്തിലും സോഷ്യൽ ഫോറസ്ട്രിയിലുമാണ്; നാമെത്ര നിഷേധിച്ചാലും പ്രതിരോധത്തിന്റെ ഭാഗമായി അതിന്റെ സത്തയെ കണ്ടെത്തുകയാണ് നമ്മുടെ ചുമതലകളിലൊന്ന്.

12 മുതൽ 15 മില്യൺ ഹെക്ടർ വനമാണ് ഓരോ വർഷവും ലോകത്ത് അന്യമായി കൊണ്ടിരിക്കുന്നത് എന്നാണ് യുഎൻ ഇ പി (United Nations Environment Programme)യുടെ കണ്ടെത്തൽ. വനവി



**12 മുതൽ 15 മില്യൺ ഹെക്ടർ വനമാണ് ഓരോ വർഷവും ലോകത്ത് അന്യമായി കൊണ്ടിരിക്കുന്നത് എന്നാണ് യുഎൻഇപിയുടെ കണ്ടെത്തൽ. വനവിഭവങ്ങളുടെ നഷ്ടം മാത്രമല്ല, അപൂർവ്വയിനം സസ്യജാലങ്ങളും വനമേഖലയെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളും അസംസ്കൃത വസ്തുക്കളിൽ നിന്നുള്ള വ്യവസായങ്ങളും വേരറ്റു പോകുന്ന, വംശനാശം നേരിടുന്ന ജീവിവർഗ്ഗങ്ങളുമെല്ലാം ഇതിന്റെ ഇരകളാണ്. ആഗോളതാപനത്തിന്റെ ഇരയായ സ്വർണ്ണത്തവള കോസ്റ്ററിക്കയിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു.**

ഭവങ്ങളുടെ നഷ്ടം മാത്രമല്ല, അപൂർവ്വയിനം സസ്യജാലങ്ങളും വനമേഖലയെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളും അസംസ്കൃത വസ്തുക്കളിൽ നിന്നുള്ള വ്യവസായങ്ങളും വേരറ്റു പോകുന്ന, വംശനാശം നേരിടുന്ന ജീവിവർഗ്ഗങ്ങളുമെല്ലാം ഇതിന്റെ ഇരകളാണ്. ആഗോളതാപനത്തിന്റെ ഇരയായ സ്വർണ്ണത്തവള കോസ്റ്ററിക്കയിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു; ഹിമാലയൻ ജൈവമേഖലയും സമാനമായ ഭീക്ഷണി നേരിടുന്നു; മൗറീഷ്യസിൽ അപ്രത്യക്ഷമായ ഡോഡോയും കാലാവസ്ഥാവ്യതിയാനത്തിന്റെയും ചാക്രികപരിസ്ഥിതി സംവിധാനം തകിടം മറിഞ്ഞതിന്റെയും ഇരയാണെന്ന വാർത്തകളും തലമുറയ്ക്ക് നൽകുന്നത് ശുഭസൂചനകളല്ല. പതിനഞ്ചു ശതമാനം വനനശീകരണത്തിനു കാരണം ഹരിതഗൃഹപ്രഭാവം (Green house effect) എന്ന വില്ലനാണെന്നാണ് വേൾഡ് വൈൽഡ് ഫണ്ടിന്റെ കണ്ടുപിടുത്തം. നിരത്തിവയ്ക്കാനേറെ റിപ്പോർട്ടുകളുണ്ടായിട്ടും അവ പ്രിന്റ് ചെയ്യാൻ മുറിക്കുന്ന മരങ്ങളോടു പോലും ഇ-പേപ്പറിലൂടെ മാതൃക കാട്ടാൻ ലോകമിപ്പോഴും തയ്യാറാകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ട്രോപ്പിക്കൽ വനമേഖലകളിലാണ് ഹരിതഗൃഹപ്രഭാവത്തിന്റെ സാന്നിദ്ധ്യം കൂടുതൽ. ലോകത്ത് 87 ശതമാനം വനനശീകരണവും അരങ്ങേറുന്നത് പത്തു പ്രധാന വ്യവസായ രാജ്യങ്ങളിലാണ്. ആഫ്രിക്കൻ ജൈവമേഖലയിന്നും മനുഷ്യസ്പർശമേൽക്കാതെ നിലനിൽക്കുന്നുണ്ടെങ്കിലും ഭൗമരാഷ്ട്രീയത്തിലെ വിപണിയുടെ കടന്നുകയറ്റം അവിടെയും സംഘർഷങ്ങൾക്കും ഉരുൾപൊട്ടലുകൾക്കും തുടക്കമിട്ടിട്ടുണ്ട്.

ആഗോളതാപനത്തിന്റെ മൂർദ്ധന്യതയ്ക്കെതിരെ പരിസ്ഥിതി സൗഹൃദമാവാൻ വേണ്ടി മുഖം മിനുക്കാൻ തയ്യാറായ മറ്റു രാജ്യങ്ങളിലെ ഗവൺമെന്റ് സംവിധാനത്തിൽ നിന്നും വ്യത്യസ്തമാണ് ഇന്ത്യയിൽ പരിസ്ഥിതി സംരക്ഷണത്തിലെ എൻജിഒകളുടെ ഇടപെടൽ. കേന്ദ്ര-സംസ്ഥാന സർക്കാരുകളും വിവിധവകുപ്പുകളും പത്രമാധ്യമങ്ങളും എൻജിഒകളും ഇന്നും കാർബൺ ക്രെഡിറ്റിനെയും ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസത്തെയും സർട്ടിഫൈഡ് കാർബൺ കുറയ്ക്കലി (Certified carbon Reduction) നേയും വനസർട്ടിഫിക്കേഷനെയും (Forest certification) ഉയർത്തിപിടിക്കാറുണ്ട്. സൈലന്റ് വാലിയെ ബഫർ സോൺ മേഖലയാക്കാൻ മുന്നിട്ടിറങ്ങിയ ഏകസംസ്ഥാനമാണ് കേരളം. ടൂറിസത്തെ ഒരു വ്യവസായ ഘടകമായാണ് കേരള ബഡ്ജറ്റ് എന്നും പരിഗണിക്കുന്നതെങ്കിലും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ടൂറിസത്തെയും പരിസ്ഥിതി സംരക്ഷണത്തേയും രണ്ടായി കാണുന്നുണ്ട്. പക്ഷേ, അന്താരാഷ്ട്ര മേഖലയിലടക്കം സജീവ ചർച്ചാവിഷയമായ 'ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസത്തിൽ കേരളത്തിന്റെ സംഭാവനയും പ്രവർത്തനങ്ങളും വളരെ കുറവാണെന്ന യാഥാർത്ഥ്യം നാം അംഗീകരിച്ചേ മതിയാവൂ.

കഴിഞ്ഞ ദശാബ്ദത്തിലെ ഏറ്റവും ചൂടേറിയ വർഷം 2010 ആയിരുന്നുവെന്ന തിരിച്ചറിവിലും നാം കൈകെട്ടിയിരിക്കുന്നത് ഗുരുതര ഭവിഷ്യത്തുകളിലേക്കാവും നമ്മെ നയിക്കുക. ഒരു രാജ്യത്തിലെ മൊത്തം കാർബൺ മാലിന്യവാതകത്തിന്റെ ഉത്പാദനത്തെ ശരാശരി വ്യക്തികൾക്കായി തിരിച്ച്, അതിനെ മൊത്തം ജനസംഖ്യകൊണ്ട് ഗുണിച്ച് ആളോഹരി ശരാശരികൾ നിശ്ചയിച്ച് കാർബൺ പുറന്തള്ളലിനെ രാജ്യാന്തര തരത്തിൽ വീതം വെയ്പ് നടത്തുന്നതാണ് കാർബൺ ട്രേഡിംഗ്. മറ്റൊരർത്ഥത്തിൽ ഇത് കാർബൺ മലിനീകരണ വിപത്തിനെ ലഘൂകരിക്കലാണ്. അടുത്തിടെ ഐപിസിസി (Inter governmental panel on climate change) പുറത്തു വിട്ട മറ്റൊരു റിപ്പോർട്ട് തുടർച്ചയായി ഉണ്ടാകുന്ന ചുഴലികൊടുങ്കാറ്റുകളും സമുദ്രത്തിന്റെ ഉപരിതലത്തിലെ താപനിലയും തമ്മിൽ ബന്ധമുണ്ടെന്നാണ്. കാലാവസ്ഥാവാതകങ്ങളെ (climate winds) നിയന്ത്രിക്കുന്ന സമുദ്രങ്ങളെയാണ് കാർബൺ പുറംതള്ളലിന്റെ സ്വാധീനം കൂടുതൽ ബാധിക്കുക. ബംഗാൾ ഉൾക്കടലിൽ അടുത്തിടെ ആഞ്ഞടിച്ച ഐയ്‌ല (Aila), മുമ്പ് ചീറിയടിച്ച നർഗീസും കത്രീനയും ഗുസ്താവും എല്ലാം കാലാവസ്ഥാ മാറ്റത്തിന്റെ സൃഷ്ടികളാണെന്ന് ചുരുക്കം. സർട്ടിഫൈ ചെയ്ത കാർബൺ പുറംതള്ളലിനെ കുറയ്ക്കുന്ന കാർബൺ പ്രോജക്ടിനെയാണ് സി.ഡി.എം (Clean Development Mechanism) പ്രതിനിധീകരിക്കുന്നത്. ഇത്തരത്തിലുള്ള കാർബൺ ഉത്പന്നങ്ങൾ വിൽക്കുവാനുള്ള നിയമപരമായ വിപണി സർട്ടിഫിക്കറ്റാണ് കാർബൺ ക്രെഡിറ്റ് എന്ന പ്രതീകം നിർവ്വഹിക്കുക. പ്രകൃതിയെ മലിനീകരിക്കുന്ന ഹരിതഗൃഹവാതകങ്ങളുടെ സാന്ദ്രത കുറയ്ക്കുകയെന്ന ലക്ഷ്യമാണ് കാർബൺ ക്രെഡിറ്റിനുള്ളത്. ഒരു കാർബൺ ക്രെഡിറ്റ് എന്നത് ഒരു ടൺ കാർബൺഡയോക്സൈഡിനോടോ, അതിനു തുല്യമായ വാതകങ്ങൾക്കോ തുല്യമായ അളവിലുള്ളതാണ്. കാർബൺ മലിനീകരണം കുറയ്ക്കാൻ ഉപകരണങ്ങളിൽ, വ്യവസായ സ്ഥാപനങ്ങളിൽ, വ്യക്തികളിൽ കാർബൺ ക്രെഡിറ്റിന്റെ സാമ്പത്തിക ലാഭം എത്തിച്ച്, അതുവഴി കാർബൺ വാതകങ്ങളുടെ






പഞ്ചായത്ത് രാജ്



**കഴിഞ്ഞ ദശാബ്ദത്തിലെ ഏറ്റവും ചൂടേറിയ വർഷം 2010 ആയിരുന്നുവെന്ന തിരിച്ചറിവിലും നാം കൈകെട്ടിയിരിക്കുന്നത് ഗുരുതര ഭവിഷ്യത്തുകളിലേക്കാവും നമ്മെ നയിക്കുക. ഒരു രാജ്യത്തിലെ മൊത്തം കാർബൺ മാലിന്യവാതകത്തിന്റെ ഉത്പാദനത്തെ ശരാശരി വ്യക്തികൾക്കായി തിരിച്ച്, അതിനെ മൊത്തം ജനസംഖ്യ കൊണ്ട് ഗുണിച്ച് ആളോഹരി ശരാശരികൾ നിശ്ചയിച്ച് കാർബൺ പുറന്തള്ളലിനെ രാജ്യാന്തര തരത്തിൽ വീതംവെയ്പ് നടത്തുന്നതാണ് കാർബൺ ട്രേഡിംഗ്.**

പുറംതള്ളൽ കുറച്ച് ആഗോളതാപനം നിയന്ത്രിക്കലാണ് കാർബൺ ക്രെഡിറ്റിന്റെ ലക്ഷ്യം.

മറ്റു വ്യവസായ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കാർബൺ ക്രെഡിറ്റ് കൈമാറാനും കമ്പനികൾക്ക് കഴിയും. ഇത് ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസത്തിലൂടെയാണ് നിയന്ത്രിക്കുക. ചുരുക്കത്തിൽ പ്രകൃതിയിൽ നിന്ന് ഓരോ വ്യക്തിയും കമ്പനികളും രാജ്യങ്ങളും അവരുടെ വ്യക്തിപരമായ ശ്രമങ്ങളാൽ എത്രത്തോളം കാർബണിന്റെ അളവു കുറച്ചുവെന്നതിന്റെ തെളിവായി നൽകുന്ന സർട്ടിഫിക്കറ്റാണ് കാർബൺ ക്രെഡിറ്റ്. ക്യോട്ടോ പ്രോട്ടോക്കോളിൽ രൂപപ്പെട്ട കാർബൺ ക്രെഡിറ്റിന്റെ ആദ്യരൂപം പൂർണ്ണമാകുന്നത് മാരക്കേഷ് പ്രഖ്യാപന ഉടമ്പടിയിലാണ് (Marakesh Accord). അന്താരാഷ്ട്രതലത്തിൽ ഐപിസിസിയും യുഎൻഎഫ്സിസിയുമാണ് സിഡിഎം സംവിധാനത്തിന് ചുക്കാൻ പിടിക്കുക. ക്യോട്ടോ പ്രോട്ടോക്കോളിൽ ആർട്ടിക്കിൾ 12-ാം ഭാഗത്തിൽ വികസ്വരരാജ്യങ്ങളിൽ കാർബണിന്റെ അളവു കുറയ്ക്കാൻ സിഡിഎം സംവിധാനത്തിലൂടെ മറ്റൊരു വികസിത രാജ്യത്തിന് സംഭാവന ചെയ്യാൻ കഴിയും. സാമ്പത്തികസഹായത്തിന് പുറമേ സാങ്കേതികവിദ്യ, കാർബൺ പുറംതള്ളൽ കുറയ്ക്കുന്ന ഉപകരണങ്ങൾ, ബദൽ ഊർജ്ജ ഉല്പാദന മാർഗ്ഗങ്ങൾ എന്നിവയെല്ലാം കൈമാറാം. ഉദാഹരണത്തിന് ഇന്ത്യയിൽ ഗ്രാമീണ മേഖലയിലെ വൈദ്യുതോല്പാദനത്തിനും വിതരണത്തിനുമായി സോളാർ പാനലുകളെ ആശ്രയിക്കുന്ന സാങ്കേതികവിദ്യ മറ്റൊരു വിദേശരാജ്യത്തിന്റെ സംയുക്ത സഹകരണത്തോടെ 'ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസം ഫണ്ടി'ന്റെ സഹായത്തോടെയും ചെയ്യാം. പ്രോട്ടോക്കോൾ അനുസരിച്ച് സിഡിഎം പ്രവർ ത്തനങ്ങൾ വിലയിരുത്തുക സിഡിഎം എക്സിക്യൂട്ടീവ് ബോർഡായിരിക്കും. മറ്റും രാജ്യങ്ങളോട് മറുപടി പറയാൻ ഇവർ ബാധ്യസ്ഥരാണ്. രണ്ടായിരത്തിനടുത്ത് സുസ്ഥിരവികസന പദ്ധതികൾ വഴി മൂന്നു ബില്യൺ ടൺ കാർബൺ ഡയോക്സൈഡ് എങ്കിലും കുറയ്ക്കുകയാണ് ക്യോട്ടോ പ്രോട്ടോക്കോളിന്റെ കാലാവധി അവസാനിക്കുന്ന 2012 വരെ ഉള്ള ലക്ഷ്യം.

ലോകത്തിന്റെ ജൈവഘടനയനുസരിച്ച് പ്രധാന പരിസ്ഥിതി മേഖലകളെ ഭൂഖണ്ഡത്തിനപ്പുറം പരിഗണിച്ചാണ് സിഡിഎം പ്രോജക്ടുകൾ യുഎൻഇസിയുടെയും അതിന്റെ ഭാഗമായി ആഗോളതാപനത്തിനെതിരേ നിലകൊള്ളുന്ന യുഎൻഇസിസിയുടേയും സഹായത്തോടെ നടപ്പിലാക്കുന്നത്. ആഫ്രിക്ക, ഏഷ്യ-പസഫിക് മേഖല, ലാറ്റിനമേരിക്കൻ - കരീബിയൻ ഭൂപ്രദേശം, കിഴക്കൻ യൂറോപ്പ് എന്നിങ്ങനെയാണ് ആ തരം തിരിവുകൾ. സ്വാഭാവികവനമേഖലകളെ നിലനിർത്തി, ഒറ്റപ്പെട്ട തുരുത്തുകളെ കണ്ടെത്തി വികസിപ്പിക്കുകയാണ് ഈ പ്രദേശങ്ങളിൽ സിഡിഎം പ്രോജക്ടുകൾ വഴി ചെയ്യുക. എന്നാൽ സ്വാഭാവിക വനങ്ങളെ വ്യവസായ വികസനത്തിനായി ബലി കഴിച്ച് കൃത്രിമവനമോടിയുടെ പുറകേയാണ് ഒട്ടുമിക്ക സിഡിഎം പ്രോജക്ടുകളും. കൊച്ചിയിലെ മംഗളവനം തന്നെ ഉദാഹരണമായിട്ടെടുക്കാം. മംഗളവനത്തെപ്പോലെയുള്ള പ്രോജക്ടുകളെ ഒന്നുകിൽ ഇടിച്ചുനിരത്തി റിയൽ എസ്റ്റേറ്റ് കമ്പനികൾക്ക് നൽകി, അവിടെ കൂറ്റൻ ഫ്ളാറ്റുകളുയർത്തി പിന്നീടു മരം നട്ടുവളർത്തി സ്വഭാവിക പരിസ്ഥിതിയാക്കേണ്ട ആവശ്യമെന്താണ് ? നൈസർഗ്ഗിക തുരുത്തുകളെ വ്യവസായങ്ങൾ സൃഷ്ടിക്കുന്ന തൊഴിലവസരങ്ങളുടെ പേരിൽ തുടച്ചു മാറ്റിക്കൂടാ. എല്ലാവർക്കും തൊഴിൽ ലഭിച്ചിട്ടും കാര്യമില്ലല്ലോ. ജീവിക്കാനും ശ്വസിക്കാനും പരിസ്ഥിതിയും കൂടി വേണ്ടേ? അതിനു നേരെയാണ് സിഡിഎമ്മിന്റെ കണ്ണടയ്ക്കൽ.

ലോകം ചുട്ടുപൊള്ളുമ്പോഴും ബഡ്ജറ്റിന്റെ ഭൂരിഭാഗവും പ്രതിരോധ-സൈനിക അധിനിവേശങ്ങൾക്കായി നീക്കിവെച്ച അമേരിക്ക ആഗോളതാപനത്തിന് വലിയ മുതൽ മുടക്കേണ്ട ഉത്തരവാദിത്വം തങ്ങൾക്കില്ലെന്ന് പറഞ്ഞതായി പുറത്തുവന്ന രഹസ്യരേഖ ഇക്കാര്യത്തിൽ വികസിത രാജ്യങ്ങൾക്കുള്ള ആത്മാർത്ഥതയുടെ പൊള്ളത്തരം വെളിവാക്കി. സൗത്ത് കൊറിയൻ കമ്പനിയായ പോസ്കോയെ പരിസ്ഥിതി നിയന്ത്രണ ചട്ടങ്ങൾ ലംഘിച്ചതിന്റെ പേരിൽ കേന്ദ്രവനംവകുപ്പ് വിലക്കിയതിനെതിരേ നടന്ന പ്രചാരണം തൊഴിലവസരങ്ങളുടെ നഷ്ടത്തെയും വിദേശസഹകരണത്തെയും മുൻനിറുത്തി ഉള്ളതായിരുന്നു. പക്ഷേ, ആദിവാസകളടക്കമുള്ള പ്രാദേശിക പരിസ്ഥിതി മേഖലയെ എത്രത്തോളം അത്തരം ചൂഷണം ദുർബ്ബലമാക്കിയെന്നത് ആരും കണ്ടെന്ന് നടിച്ചില്ല. കണ്ടെങ്കിൽ തന്നെ അത് ബോധപൂർവ്വം മുക്കിക്കളഞ്ഞു. വ്യവസായവും പരിസ്ഥിതിയും രണ്ടുതട്ടിൽ നേർക്കുനേർ അങ്കത്തിനായി തയ്യാറാ

*ശേഷം പേജ് 27*

**സൈലന്റ് വാലിയെ ബഫർ സോൺ മേഖലയാക്കാൻ മുന്നിട്ടിറങ്ങിയ ഏക സംസ്ഥാനമാണ് കേരളം. ടൂറിസത്തെ ഒരു വ്യവസായ ഘടകമായാണ് കേരള ബഡ്ജറ്റ് എന്നും പരിഗണിക്കുന്നതെങ്കിലും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ടൂറിസത്തെയും പരിസ്ഥിതി സംരക്ഷണത്തേയും രണ്ടായി കാണുന്നുണ്ട്. പക്ഷേ, അന്താരാഷ്ട്ര മേഖലയിലടക്കം സജീവ ചർച്ചാവിഷയമായ 'ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസത്തിൽ കേരളത്തിന്റെ സംഭാവനയും പ്രവർത്തനങ്ങളും വളരെ കുറവാണെന്ന യാഥാർത്ഥ്യം നാം അംഗീകരിച്ചേ മതിയാവൂ.**

# പുര

## നഗരസൗകര്യങ്ങൾ ഗ്രാമീണ മേഖലയിൽ

ഡോ. ജെ.ബി. രാജൻ

### ഡോ. കലാമിന്റെ സ്വപ്നം

മുൻ ഇന്ത്യൻ പ്രസിഡന്റ് ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ആശയമാണ് 'പുര' (പ്രൊവിഷൻ ഓഫ് അർബൻ അമനറ്റീസ് ഇൻ റൂറൽ ഏരിയാസ്); നഗരസൗകര്യങ്ങൾ ഗ്രാമീണ മേഖലയിൽ പ്രദാനം ചെയ്യുകയാണ് 'പുര' കൊണ്ടുദ്ദേശിക്കുന്നത്. ഡോ. കലാം 2003 ജനുവരി 25 ന് നൽകിയ റിപ്പബ്ലിക്ദിന സന്ദേശത്തിൽ ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെയും സേവന സംവിധാനങ്ങളുടെയും അഭാവവും, അത് ഗ്രാമീണ ജനതയുടെ ജീവനോപാധിയെ സാരമായി ബാധിക്കുന്ന വിവരങ്ങളും പരാമർശിക്കുകയുണ്ടായി. ഗ്രാമീണ ജനതയുടെ ഉദ്ധാരണത്തിന് പ്രധാനമായും നാല് തരത്തിലുള്ള സംയുക്തതയാണ് ഡോ. കലാം വിവക്ഷിച്ചത്. അവ (1) ഭൗതിക സാഹചര്യങ്ങളുടെ സംയുക്തത (Physical Connectivity), (2) വൈദ്യുതിയുടെ സംയുക്തത (Electronic Connectivity), (3) വിജ്ഞാനപരമായ സംയുക്തത (Knowledge Connectivity), (4) സാമ്പത്തിക സംയുക്തത (Economic Connectivity) എന്നിവയാണ്. തുടർന്ന് പ്രധാനമന്ത്രി 2003 ഓഗസ്റ്റ് 15 ന് നൽകിയ സ്വാതന്ത്ര്യദിന സന്ദേശത്തിൽ 'പുര' പദ്ധതി പ്രഖ്യാപിച്ചതോടെ ഡോ. കലാമിന്റെ സ്വപ്നത്തിന് സാക്ഷാത്കാരമായി.

### ഒരു പരീക്ഷണം

പത്താം പഞ്ചവത്സര പദ്ധതികാലയളവിൽ 'പുര'യുടെ പരീക്ഷണാർത്ഥം ഏഴ് പദ്ധതികൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുകയുണ്ടായി. മഹാരാഷ്ട്രയിലെ ബസ്മത്തിലും ഉത്തർപ്രദേശിലെ ഭർദാനയിലും ആസ്സാമിലെ ഗോഹപൂരിലും ഒറീസ്സയിലെ കുജംഗയിലും ബീഹാറിലെ മോട്ടിപൂരിലും ആന്ധ്രാപ്രദേശിലെ രായഡുർഗ്ഗിലും രാജസ്ഥാനിലെ ഷാഗ്പുരയിലും ആണ് 'പുര' ആരംഭിച്ചത്. ഈ പദ്ധതികളെ സംബന്ധിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് (എൻ.ഐ.ആർ.ഡി.) നടത്തിയ വിലയിരുത്തൽ പഠനത്തിൽ 'പുര'യിൽ ജനങ്ങളുടെയും സ്വകാര്യമേഖലയുടെയും പങ്കാളിത്തത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചു. കൂടാതെ വളർച്ചാ സാധ്യതകൾ പരിഗണിച്ച് പദ്ധതിപ്രദേശം തിരഞ്ഞെടുക്കുവാനും വിവിധ വകുപ്പുകളുടെ പദ്ധതി സംയോജനം ഉറപ്പുവരുത്തുവാനും നിർദ്ദേശിക്കുകയുണ്ടായി. എൻ.ഐ.ആർ.ഡി.യുടെ നിർദ്ദേശങ്ങളും തുടർന്ന് കേന്ദ്ര-സംസ്ഥാന വകുപ്പുതല ഉദ്യോഗസ്ഥരുമായും നടത്തിയ ചർച്ചകളുടെയും വെളിച്ചത്തിൽ പുന:രാവിഷ്ക്കരിച്ച 'പുര' പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായി പരീക്ഷണാർത്ഥം ആവിഷ്ക്കരിക്കുകയുണ്ടായി.



### 'പുര'- ദൗത്യവും ലക്ഷ്യങ്ങളും

ഒരു ഗ്രാമപഞ്ചായത്തിന്റെ (ഒരു കൂട്ടം ഗ്രാമപഞ്ചായത്തുകളുടെ) ബൃഹത്തായതും ത്വരിതപൂർണ്ണവുമായ വികസനം സാധ്യമായ വളർച്ചാകേന്ദ്രങ്ങളെ അടിസ്ഥാനമാക്കി പൊതു-സ്വകാര്യ മേഖലകളുടെ പങ്കാളിത്തത്തിലൂടെ ജീവനോപാധിക്കുള്ള അവസരങ്ങളും ഗ്രാമീണമേഖലയിൽ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നഗരസൗകര്യങ്ങളും പ്രദാനം ചെയ്യുകയാണ് 'പുര'യുടെ ദൗത്യം. ജീവനോപാധിക്കുള്ള അവസരങ്ങളും നഗരസൗകര്യങ്ങളും ഗ്രാമപ്രദേശങ്ങളിൽ പ്രദാനം ചെയ്യുന്നതിലൂടെ ഗ്രാമ-നഗര അന്തരം ഇല്ലാതാക്കുകയാണ് 'പുര'യുടെ പ്രധാന ലക്ഷ്യം.

### നിർവ്വഹണ തന്ത്രം

ഗ്രാമപഞ്ചായത്തും സ്വകാര്യമേഖലയും തമ്മിലുള്ള പങ്കാളിത്ത വ്യവസ്ഥയിലാണ് 'പുര'യുടെ നിർവ്വഹണം ഉറപ്പാക്കേണ്ടത്. പദ്ധതിക്ക് വേണ്ടിയുള്ള ധനസ്രോതസ്സ് മുഖ്യമായും 'പുര'യുടെ കേന്ദ്രാവിഷ്കൃത വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. കൂടാതെ ഇതര കേന്ദ്രാവിഷ്കൃത പദ്ധതികളുമായുള്ള സംയോജന സാധ്യതകളിലൂടെയും ധനസ്രോതസ്സ് കണ്ടെത്തേണ്ടതാണ്. സ്വകാര്യമേഖലയും അവരുടെ പ്രവർത്തനവൈദഗ്ദ്ധ്യത്തോടൊപ്പം ധനവിഹിതവും പങ്കുവെയ്ക്കണം. പദ്ധതിയുടെ നിർവ്വഹണവും മേൽനോട്ടവും സ്വകാര്യമേഖലയ്ക്കായിരിക്കും. സാമ്പത്തിക ക്ഷമതയാണ് പദ്ധതിയുടെ മുഖ്യ പരിഗണനയെങ്കിലും ഗ്രാമവികസനമെന്ന പൊതു ലക്ഷ്യത്തിൽ ഊന്നിയാവണം 'പുര'യുടെ നിർവ്വഹണം. പരീക്ഷണാർത്ഥം നടപ്പിലാക്കുന്ന 'പുര' പദ്ധതിയുടെ സവിശേഷതകൾ വിലയിരുത്തലിന് വിധേയമാക്കുകയും അനുഭവപാഠങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യും. 'പി.പി.പി.' എന്ന ചുരുക്ക നാമത്തിൽ അറിയപ്പെടുന്ന പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തം (Public-Private-Partnership) ഏറ്റെടുക്കാനുള്ള ഗ്രാമപഞ്ചായത്തിന്റെ സ്ഥാപനശേഷി ശക്തിപ്പെടുത്തുവാനും ഗ്രാമീണ പശ്ചാത്തല വികസനത്തിൽ പി.പി.പി.യുടെ പ്രയോഗക്ഷമത വിലയിരുത്തുവാനും 'പുര'യിലൂടെ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

ഒരു ഗ്രാമപഞ്ചായത്തിന്റെ (ഒരു കൂട്ടം ഗ്രാമപഞ്ചായത്തുകളുടെ) ബൃഹത്തായതും ത്വരിതപൂർണ്ണവുമായ വികസനം സാധ്യമായ വളർച്ചാകേന്ദ്രങ്ങളെ അടിസ്ഥാനമാക്കി പൊതു-സ്വകാര്യ മേഖലകളുടെ പങ്കാളിത്തത്തിലൂടെ ജീവനോപാധിക്കുള്ള അവസരങ്ങളും ഗ്രാമീണമേഖലയിൽ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നഗരസൗകര്യങ്ങളും പ്രദാനം ചെയ്യുകയാണ് 'പുര'യുടെ ദൗത്യം. ജീവനോപാധിക്കുള്ള അവസരങ്ങളും നഗരസൗകര്യങ്ങളും ഗ്രാമപ്രദേശങ്ങളിൽ പ്രദാനം ചെയ്യുന്നതിലൂടെ ഗ്രാമ-നഗര അന്തരം ഇല്ലാതാക്കുകയാണ് 'പുര'യുടെ പ്രധാന ലക്ഷ്യം.

### 'പുര' പ്രദാനം ചെയ്യുന്ന സൗകര്യങ്ങൾ

'പുര' പ്രദാനം ചെയ്യുന്ന പശ്ചാത്തല സൗകര്യങ്ങളെയും നഗര സൗകര്യങ്ങളെയും മൂന്നായി തരം തിരിക്കാം (പട്ടിക-1).

**പട്ടിക-1**
**'പുര' പ്രദാനം ചെയ്യുന്ന സൗകര്യങ്ങൾ**

| ഗ്രാമവികസന മന്ത്രാലയത്തിന്റെ പദ്ധതികൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ | ഇതര മന്ത്രാലയങ്ങളുടെ പദ്ധതികൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ | വിശേഷാലുള്ള പദ്ധതികൾ |
|---|---|---|
| 1. ജലം | 7. ഗ്രാമീണ തെരുവുവിളക്കുകൾ | 10. ഗ്രാമീണ ടൂറിസം |
| 2. പൊതു തെരുവുകൾ | 8. ടെലികോം | 11. ഗ്രാമീണ വിപണികൾ |
| 3. അഴുക്കുചാലുകൾ | 9. വൈദ്യുതി ഉൽപ്പാദനം | 12. കാർഷിക മേഖല - പൊതു സേവന കേന്ദ്രങ്ങൾ |
| 4. ഖരമാലിന്യ സംസ്ക്കരണം | | 13. മറ്റു ഗ്രാമീണ സാമ്പത്തികാടിസ്ഥാന പദ്ധതികൾ |
| 5. വൈദഗ്ദ്ധ്യ വികസനം | | |
| 6. സാമ്പത്തിക പ്രവൃത്തികളുടെ വികസനം | | |

ഗ്രാമവികസന മന്ത്രാലയത്തിന്റെ പദ്ധതികൾ പ്രകാരം പ്രദാനം ചെയ്യേണ്ട സൗകര്യങ്ങൾ 'പുര'യുടെ അനിവാര്യ ഘടകമാണ്. സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (SGSY), ദേശീയ ഗ്രാമ കുടിവെള്ള പദ്ധതി (NRDP), സമ്പൂർണ്ണ ശുചിത്വ ക്യാമ്പയിൻ (TSC) തുടങ്ങിയ ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ നിർവ്വഹിച്ചുവരുന്ന പദ്ധതികൾ പ്രകാരമാണ് ജലം, പൊതുനിരത്തുകൾ എന്നീ സൗകര്യങ്ങൾ പ്രദാനം ചെയ്യേണ്ടത്. ഇവയുടെ ഉദ്ഗ്രഥനം ഡി.ആർ.ഡി.എ. (DRDA)







വഴിയാണ് സാധ്യമാക്കേണ്ടത്. വൈദ്യുതി ഉൽപ്പാദനം, ടെലികോം സേവനങ്ങൾ തുടങ്ങിയവ ബന്ധപ്പെട്ട ഇതര മന്ത്രാലയങ്ങളായ ഊർജ്ജമന്ത്രാലയം, ആശയവിനിമയ വിവരസാങ്കേതികവിദ്യ മന്ത്രാലയം എന്നിവയുടെ പദ്ധതികൾ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. ഇതര മന്ത്രാലയങ്ങളുടെ പദ്ധതികൾ സ്വകാര്യ ഏജൻസി കണ്ടെത്തുകയും 'പുര'യുമായി സംയോജിപ്പിക്കേണ്ടതുമാണ്. പ്രായോഗികക്ഷമവും ജനകേന്ദ്രീകൃതവുമായ നഗരസൗകര്യങ്ങൾ പ്രദാനം ചെയ്യാനുള്ള വിശേഷാൽ പദ്ധതികൾ സ്വകാര്യ ഏജൻസി തയ്യാറാക്കണം. ഇവ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തത്തിലാണ് തയ്യാറാക്കേണ്ടത്.

### പ്രോജക്ട് ഫണ്ട്

മേൽ സൂചിപ്പിച്ച ആദ്യത്തെ രണ്ട് വിഭാഗത്തിൽ - ഗ്രാമവികസന മന്ത്രാലയത്തിന്റെയും ഇതര മന്ത്രാലയങ്ങളുടെയും പദ്ധതികളിൽ - ഉൾപ്പെടുന്ന പ്രവൃത്തികൾക്കുള്ള ഫണ്ട് അതാത് പദ്ധതികളിൽ നിന്നും വകയിരുത്തേണ്ടതും അതിന് അധികമായി വേണ്ടിവരുന്ന ഫണ്ട് സ്വകാര്യ ഏജൻസിയുടെ വിഹിതമായി മുതൽമുടക്കേണ്ടതുമാണ്. അതിനാൽ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി സ്വകാര്യ ഏജൻസി പ്രവർത്തിക്കും. ഇത് നിർമ്മിക്കുക -പ്രവർത്തിപ്പിക്കുക-കൈമാറ്റം ചെയ്യുക (BOT : Build-Operate-Transfer) വ്യവസ്ഥയിൽ ആയിരിക്കും. വിശേഷാൽ പദ്ധതികളുടെ ഫണ്ട് സ്വകാര്യ ഏജൻസി തന്നെ മുതൽമുടക്കുകയും നിർവ്വഹണ ചുമതല ഏറ്റെടുക്കുന്നതുമാണ്.

ഓരോ 'പുര' പദ്ധതിയുടെ മൂലധനയിനത്തിലുള്ള പ്രതീക്ഷിത ചിലവ് 120 കോടി രൂപയിൽ കവിയരുതെന്ന് നിഷ്കർഷിക്കുന്നു. ഇവ മൂലധന ചെലവുകൾ, പശ്ചാത്തല സൗകര്യത്തിന്റെ 10 വർഷത്തെ പ്രവർത്തന ചെലവുകൾ, സ്വകാര്യ ഏജൻസിയുടെ അറ്റാദായ കമ്മി എന്നിവയ്ക്ക് വേണ്ടിയാണ്.

### ഭൂമി ലഭ്യമാക്കണം

ഭൂമിയുടെ ലഭ്യതയാണ് 'പുര'യുടെ അത്യാവശ്യ ഘടകം. പൊതു സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനാവശ്യമായ ഭൂമി ഗ്രാമപഞ്ചായത്തോ, സംസ്ഥാന സർക്കാരോ സൗജന്യമായി നൽകണം. വിശേഷാൽ പദ്ധതി പ്രകാരമുള്ള സൗകര്യങ്ങൾക്ക് ഭൂമി ഗ്രാമപഞ്ചായത്തോ സർക്കാരോ നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവർത്തികളിൽ നിന്നുള്ള വരുമാനം ഗ്രാമപഞ്ചായത്തും സ്വകാര്യ ഏജൻസിയും - കരാർ പ്രകാരം - പങ്കിടാവുന്നതാണ്. ഗ്രാമപഞ്ചായത്തോ സംസ്ഥാന സർക്കാരോ ഭൂമി നൽകുന്നില്ലെങ്കിൽ സ്വകാര്യ ഏജൻസിക്ക് തുറന്ന വിപണിയിൽ നിന്നും ഭൂമി വാങ്ങാവുന്നതാണ്. എന്നാൽ അതിനുള്ള ചെലവ് പ്രോജക്ട് ഫണ്ടിൽ ഉൾപ്പെടുന്നതല്ല. 'പുര'യ്ക്കുവേണ്ടി ഗ്രാമപഞ്ചായത്തോ സംസ്ഥാന സർക്കാരോ കൈമാറ്റം ചെയ്യുന്ന ഭൂമി പാവപ്പെട്ട ജനങ്ങളുടെ ജീവനോപാധി സുരക്ഷിതത്വത്തെ ബാധിക്കുന്നില്ലായെന്നും പ്രോജക്ട് അംഗീകരിക്കുന്നവേളയിൽ ഉറപ്പുവരുത്തണം. ഇപ്പോൾ നടന്നുവരുന്നതോ ഇനി ആരംഭിക്കുവാൻ പോകുന്നതോ ആയ സാമ്പത്തിക പ്രോജക്ടിന്റെ നിർവ്വഹണം മൂലം ബാധിക്കപ്പെടുന്നവരുടെ പുനരധിവാസത്തിനാകരുത് 'പുര'യുടെ പ്രവൃത്തികൾ.

## യോഗ്യമായ 'പുര' പ്രോജക്ടുകൾ

നാല് സംസ്ഥാനങ്ങളിലും ഒരു കേന്ദ്ര ഭരണ പ്രദേശത്തിലുമായി എട്ട് പദ്ധതി പ്രദേശങ്ങളിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാനുള്ള യോഗ്യത നേടിയിട്ടുണ്ട്. അതിൻപ്രകാരമാണ് 'പുര'യ്ക്കുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് ഗ്രാമവികസന മന്ത്രാലയത്തിന് ലഭിച്ചിട്ടുള്ളത്.

**'പുര' - വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുള്ള പദ്ധതി പ്രദേശങ്ങൾ**

| ക്രമ നമ്പർ | സംസ്ഥാനം/ കേന്ദ്രഭരണ പ്രദേശം | ജില്ല | സ്വകാര്യ ഏജൻസി |
|---|---|---|---|
| 1. | ഉത്തരാഞ്ചൽ | 1. ഡറാഡൂൺ | ഐ.എൽ.&എഫ്.എസ്. ലിമിറ്റഡ് |
| 2. | രാജസ്ഥാൻ | 2. ജയ്പൂർ | ഐ.എൽ.&എഫ്.എസ്. ലിമിറ്റഡ് |
| | | 3. രാജ്സമൺ | ഐ.എൽ.&എഫ്.എസ്. ലിമിറ്റഡ് |
| 3. | ആന്ധ്രപ്രദേശ് | 4. വാറൻഗൽ | എസ്.വി.ഇ.സി. കൺസ്ട്രക്ഷൻ ലിമിറ്റഡ് |
| | | 5. കൃഷ്ണ | മേഘ എഞ്ചിനീയറിംഗ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് |
| 4. | പുതുശ്ശേരി | 6. കരൈയ്ക്കൽ | മാർഗ്ഗ ലിമിറ്റഡ് |
| 5. | കേരളം | 7. മലപ്പുറം* | ഇൻകെൽ |
| | | 8. തൃശൂർ* | ഇൻകെൽ |

* മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തും തൃശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തും ആണ് 'പുര'യ്ക്ക് തിരഞ്ഞെടുത്തിരിക്കുന്നത്. കേരളത്തിൽ നിന്നും മേൽ സൂചിപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ (പ്രോജക്ട് സ്ക്രീനിംഗ് & മോണിട്ടറിംഗ് കമ്മിറ്റി) വിലയിരുത്തൽ പ്രക്രിയയിലാണ്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുമായും വ്യത്യസ്ത വിഭാഗങ്ങളുമായും ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രതിനിധികൾ ചർച്ച ചെയ്തുവരുന്നു. പ്രസ്തുത ചർച്ചകളുടെയും വിലയിരുത്തലിന്റെയും വെളിച്ചത്തിലായിരിക്കും പ്രോജക്ടുകൾക്ക് അനുമതി നൽകുന്നത്.







ഭൂമിയുടെ ലഭ്യതയാണ് 'പുര'യുടെ അത്യാവശ്യഘടകം. പൊതു സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനാവശ്യമായ ഭൂമി ഗ്രാമപഞ്ചായത്തോ, സംസ്ഥാന സർക്കാരോ സൗജന്യമായി നൽകണം. വിശേഷാൽ പദ്ധതി പ്രകാരമുള്ള സൗകര്യങ്ങൾക്ക് ഭൂമി ഗ്രാമപഞ്ചായത്തോ സർക്കാരോ നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവർത്തികളിൽ നിന്നുള്ള വരുമാനം ഗ്രാമപഞ്ചായത്തും സ്വകാര്യ ഏജൻസിയും - കരാർ പ്രകാരം - പങ്കിടാവുന്നതാണ്.

### സ്വകാര്യ ഏജൻസിയുടെ തിരഞ്ഞെടുപ്പ്

തുറന്ന യോഗ്യതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സ്വകാര്യ ഏജൻസിയെ തിരഞ്ഞെടുക്കുന്നത്. പൊതു പരസ്യത്തിലൂടെ പ്രശസ്തരായ പശ്ചാത്തല വികസന കമ്പനികളുടെ താൽപ്പര്യം ക്ഷണിക്കുകയാണ് ആദ്യപടി. താൽപ്പര്യം പ്രകടിപ്പിച്ച് മുന്നോട്ടു വരുന്ന കമ്പനികളിൽ നിന്നും നടപടിക്രമങ്ങളിലൂടെ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ സ്വീകരിക്കുന്നതാണ്. ഈ വിശദമായ പ്രൊപ്പോസലിനോടൊപ്പം ഗ്രാമപഞ്ചായത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സമ്മതപത്രവും ഉണ്ടായിരിക്കണം. പ്രോജക്ട് പ്രൊപ്പോസലുകൾ യുക്തമായ രീതിശാസ്ത്രത്തിന്റെയും മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ പ്രോജക്ട് സ്ക്രീനിംഗ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റി (PSMC) വിലയിരുത്തുന്നതാണ്. പ്രസ്തുത വിലയിരുത്തലിൽ തിരഞ്ഞെടുക്കപ്പെടുന്ന കമ്മറ്റിയുടെ പ്രോജക്ടിന് ഇന്റർ മിനിസ്റ്റീരിയൽ കമ്മിറ്റി (IMC) അംഗീകാരം നൽകി കരാറിൽ ഏർപ്പെടുന്നതാണ്.

സ്വകാര്യ ഏജൻസി ഗ്രാമപഞ്ചായത്തുമായും സംസ്ഥാന സർക്കാരുമായും പ്രത്യേകം പ്രത്യേകം കരാറിൽ ഏർപ്പെടേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തും സ്വകാര്യ ഏജൻസിയും തമ്മിലുള്ള 'കൺസഷൻ എഗ്രിമെന്റിൽ' (Concession Agreement) പ്രദാനം ചെയ്യപ്പെടുന്ന സേവന നിലവാരം ഉറപ്പുനൽകുന്ന പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കും. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സ്വകാര്യ ഏജൻസിയും തമ്മിലുള്ള 'സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിൽ' (State Support Agreement) സംസ്ഥാന സർക്കാർ നൽകുന്ന പ്രധാന സൗകര്യങ്ങൾ (റോഡ്, ഊർജ്ജം എന്നിവ) ഉറപ്പുവരുത്തും.

കേന്ദ്ര സർക്കാരിന്റെ ഗ്രാമവികസന വകുപ്പ് ജോയിന്റ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒമ്പതംഗ സമിതിയാണ് (പ്രോജക്ട് സ്ക്രീനിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി) പ്രോജക്ട് പ്രൊപ്പോസൽ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് നേതൃത്വം നൽകുന്നതും അനുമതി നൽകിയ പ്രോജക്ടുകളുടെ തുടർച്ചയായ വിലയിരുത്തൽ നടത്തുന്നതും. പ്രോജക്ട് സംബന്ധമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് ഗ്രാമവികസന വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള പത്തംഗ സമിതിയായ 'എംപവേർഡ് കമ്മിറ്റി' ആണ്.

### നിർവ്വഹണം

വിശദമായ പ്രോജക്ട് റിപ്പോർട്ടിലെ കർമ്മപരിപാടി അനുസരിച്ചായിരിക്കും 'പുര'യുടെ നിർവ്വഹണം. കരാർ ഒപ്പിടുന്നത് മുതൽ ആദ്യത്തെ മൂന്ന് വർഷമാണ് നിർവ്വഹണ കാലയളവ് (Construction Period). നിർവ്വഹണം പൂർത്തീകരിക്കുന്ന തീയതി മുതൽ 10 വർഷമാണ് പ്രവർത്തന കാലയളവ് (Operation and Maintenance Period). നിർവ്വഹണ കാലയളവായ 3 വർഷത്തേക്കുള്ള പ്രവൃത്തികളെയും പ്രവർത്തന കാലയളവായ പത്ത് വർഷത്തേക്കുള്ള പ്രവൃത്തികളെയും സംബന്ധിച്ച കർമ്മപരിപാടി സ്വകാര്യ ഏജൻസി വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. സ്വകാര്യ ഏജൻസിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും തുടർച്ചയായി വിലയിരുത്തുവാനും സ്വതന്ത്ര എഞ്ചിനീയറുടെ സേവനം - ഒരു കൂട്ടം ഗ്രാമപഞ്ചായത്തുകൾക്കായി - പ്രോജക്ട് കാലയളവിൽ വിനിയോഗിക്കാവുന്നതാണ്.

ഗ്രാമവികസന മന്ത്രാലയം അനുമതി നൽകിയ പ്രോജക്ട് ഫണ്ട് ഡി.ആർ.ഡി.എ. പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നതും സ്വതന്ത്ര എഞ്ചിനീയറുടെയും ഗ്രാമപഞ്ചായത്തിന്റെയും പൂർത്തീകരണപത്രത്തിനുവിധേയമായി അതാത് സമയക്രമത്തിനനുസരിച്ച് ഗഡുക്കൾ വിതരണം ചെയ്യുന്നതുമാണ്. നിയതമായ പരാതിപരിഹാര സംവിധാനങ്ങളും 'പുര'യിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. ■

*ലേഖകൻ തൃശ്ശൂർ കിലയിൽ അസിസ്റ്റന്റ് പ്രൊഫസറാണ്.*



സി.കെ. രവീന്ദ്രൻ

# മലയാള ഭാഷയും ക്ലാസിക്കൽ പദവിയും

സമൂഹത്തിൽ ശ്രേഷ്ഠമായിട്ടുള്ളതാണ് മനുഷ്യൻ. ഇതരജീവജാലങ്ങളിൽ നിന്നും അവനെ വ്യത്യസ്തനാക്കുന്നത് സമൂഹത്തെ പരിഷ്ക്കരിക്കാനുള്ള മനുഷ്യന്റെ കഴിവാണ്.

മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്താണ് ഭാഷ. ആശയവിനിമയത്തിനുള്ള മാർഗ്ഗമായി ഉപയോഗിച്ചു തുടങ്ങിയ ഭാഷ സഹസ്രാബ്ദങ്ങളിലൂടെ നേടിയെടുത്തതാണ്. പ്രാചീനകാലഘട്ടത്തെ ആധുനികവൽക്കരിക്കുന്നതിന് മനുഷ്യൻ എടുത്ത് പ്രയോഗിച്ച ആയുധമായിരുന്നു 'ഭാഷ'. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം, ലോകം എന്നീ അവസ്ഥാന്തരങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് ആശയവിനിമയമാണ്. അതിനുള്ള പ്രാഥമിക മാധ്യമമാണ് ഭാഷ.

പല കാരണങ്ങളാൽ മനുഷ്യന് വ്യത്യസ്ത ഭാഷകൾ പഠിക്കേണ്ടി വന്നേക്കാം. എന്നാൽ സ്വന്തം കുടുംബത്തിൽ നിന്ന്, സ്വന്തം അമ്മമാരിൽ നിന്നും ആദ്യം അഭ്യസിക്കുന്ന മാതൃഭാഷയോട് തുലനം ചെയ്യാൻ ഇതര ഭാഷകൾക്ക് കഴിയുകയില്ല. സ്വാഭാവികമായും നമ്മുടെ സിരാപടലങ്ങളിലേക്ക് വ്യാപിക്കുകയും അലിഞ്ഞുചേരുകയും ചെയ്യുന്ന ഭാഷയോട് നമുക്കൊരു പൈതൃക ബന്ധമാണ് ഉണ്ടാവുക. മനുഷ്യന്റെ ചിന്തയ്ക്കും ആശയ രൂപീകരണത്തിനും ആദ്യം ആശ്രയിക്കാവുന്നതും മാതൃഭാഷയെയാണ്. ഒരാൾക്ക് ഏറ്റവും ഭംഗിയായും സ്വതന്ത്രമായും ആശയവിനിമയം ചെയ്യാൻ കഴിയുന്നതും മാതൃഭാഷയിലൂടെയാണ്. നേരെ മറിച്ച് വിദേശഭാഷയിലൂടെ നാം ആശയവിനിമയം നടത്തുമ്പോൾ പിറന്ന മണ്ണിൽ തന്നെ നാം അന്യരായിത്തീരുന്നതായും നാടിനോടും സംസ്കാരത്തോടുമുള്ള നൈസ്സർഗ്ഗികബന്ധം അറ്റുപോകുന്നതായും തോന്നാം. മനുഷ്യനും സംസ്കാരത്തിനുമിടയ്ക്കുള്ള ഒരു പൊക്കിൾ കൊടി ബന്ധമാണ് മാതൃഭാഷയ്ക്കുള്ളത്. കേരളം മലയാളിയുടെ മാതൃഭൂമി എന്ന് വിശേഷിപ്പിക്കും പോലെ മലനാടിന്റെയും ഇടനാടിന്റെയും തീരപ്രദേശങ്ങളുടെയും മാതൃഭാഷയാണ് മലയാളം.

ദക്ഷിണേന്ത്യയിലെ ദ്രാവിഡഭാഷകളിലൊന്നാണ് നമ്മുടെ മലയാളം. ദ്രാവിഡ ഭാഷകളെ കുറിച്ച് ആദ്യമായൊരു സമഗ്രപഠനം നടത്തിയത് ബിഷപ്പ് കാൽഡ്വൽ ആയിരുന്നു. അക്കൂട്ടത്തിൽ മലയാളഭാഷയെ കുറിച്ചും അദ്ദേഹം ചിന്തിക്കാതിരുന്നില്ല. തുടർന്ന് ഡോ. ഹെർമൻ ഗുണ്ടർട്ട്, എ.ആർ. രാജരാജവർമ്മ തുടങ്ങിയ പണ്ഡിതരും മലയാള ഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ച് സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചു. പരസ്പരവിരുദ്ധമാണെങ്കിലും പ്രബലമായ രണ്ട് സിദ്ധാന്തങ്ങളാണ് നിലവിലുള്ളത്. ഒരു കാലത്ത് കേരളത്തിലെയും വ്യവഹാരഭാഷ തമിഴായിരുന്നു എന്നും ചില സവിശേഷ സാഹചര്യങ്ങളാൽ അത് മലയാളമായി പരിണമിക്കുകയാണെന്നാണ് ആദ്യത്തെ സിദ്ധാന്തം. ബിഷപ്പ് കാൽഡ്വൽ മുതൽ പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളവരെയുള്ള പണ്ഡിതർ ഈ സിദ്ധാന്തത്തിൽ ഉറച്ചു നിൽക്കുന്നു. ആദി ദ്രാവിഡ ഭാഷയുടെ സ്വതന്ത്ര ശാഖയാണ് മലയാളം എന്നതാണ് രണ്ടാമത്തെ സിദ്ധാന്തം. ഇതിന് ഉള്ളൂർ, ആറ്റൂർ, ഡോ. ഗോദവർമ്മ, ഡോ. ചേലനാട്ട് അച്ചുതമേനോൻ തുടങ്ങിയവരും പിന്തുണയ്ക്കുന്നു.

> **ഭരണഘടനയുടെ 8 –ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ 22 ഭാഷകളിൽ ഒന്നാണ് നമ്മുടെ മലയാളം. കേരളത്തിന് പുറമെ ലക്ഷദ്വീപ്, പുതുശ്ശേരി എന്നിവിടങ്ങളിലെ ഔദ്യോഗിക ഭാഷയാണ്. ലോകത്ത് മാതൃഭാഷയെന്ന നിലയിൽ ഭാഷ സംസാരിക്കുന്നവരുടെ എണ്ണത്തിൽ 27 –ാം സ്ഥാനം മലയാള ഭാഷയ്ക്കുണ്ട്.**

മലയാളഭാഷയുടെ ഉൽപ്പത്തിയെ സംബന്ധിച്ച് കാൽഡ്വലും ഗുണ്ടർട്ടും നടത്തിയ വിശകലനങ്ങൾ ശ്രദ്ധേയമാണ്. തമിഴിന്റെ ഒരു ഉപഭാഷയാണ് മലയാളമെന്നും മലയാളത്തിന്റെ ഉൽഭവം തമിഴിൽ നിന്നാണെന്നും കാൽഡ്വൽ സമർത്ഥിക്കുന്നു. പശ്ചിമഘട്ടത്തിനപ്പുറത്ത് നിന്ന് കേരളത്തിലേക്ക് കുടിയേറിപ്പാർത്ത തമിഴരാണ് മലയാളികൾ എന്ന് കാൽഡ്വൽ സ്ഥാപിക്കുന്നു. എന്നാൽ ഗുണ്ടർട്ടാകട്ടെ 1872-ൽ രചിച്ച തന്റെ 'മലയാള നിഘണ്ടു'വിന്റെ അവതാരികയിൽ തമിഴും മലയാളവും തമ്മിലുള്ള അടുത്ത ബന്ധത്തെക്കുറിച്ച് ഊന്നിപ്പറയുമ്പോഴും മലയാളം തമിഴിന്റെ ഒരു ഉപഭാഷയായി അംഗീകരിക്കാൻ വൈമനസ്യം പ്രകടിപ്പിക്കുന്നതായി കാണാൻ കഴിയും. 1851ൽ തയ്യാറാക്കിയ 'വ്യാകരണ'ത്തിൽ "ദ്രമിളം എന്നുള്ള തമിഴിന്റെ ഒരു ശാഖ" എന്നാണ് ഗുണ്ടർട്ട് വിശേഷിപ്പിച്ചത്. കടൽ പിൻമാറിയുണ്ടായ കരയാണ് കേരളം എന്ന സിദ്ധാന്തത്തെ ഭൂഗർഭശാസ്ത്രജ്ഞന്മാർ നിഷേധിക്കാത്തിടത്തോളം കാൽഡ്വലിന്റെ വാദത്തിനാണ് മുൻതൂക്കമെന്ന വിദഗ്ദ്ധാഭിപ്രായമുണ്ട്. രണ്ടായാലും കേരളത്തിലെയും തമിഴ്നാട്ടിലെയും ഭാഷ ഒരു കാലത്ത് ഒന്നായിരുന്നു എന്ന കാര്യത്തിൽ ഇവർ ഏകാഭിപ്രായക്കാരാണ്. ആ ഭാഷയെ തമിഴെന്ന് കാൽഡ്വലും ദ്രമിളം എന്നുള്ള തമിഴെന്ന് ഗുണ്ടർട്ടും വിളിക്കുന്നു. മലയാള ശബ്ദങ്ങളെയും തമിഴ് ശബ്ദങ്ങളെയും വേർതിരിച്ചുകൊണ്ട് ഒരു അതിർത്തി രേഖ വരയ്ക്കുക പ്രയാസമാണെന്നാണ് പണ്ഡിതരുടെ അഭിപ്രായം.

ചിരസമ്മതമായ, പ്രമാണയോഗ്യമായ, ഉത്കൃഷ്ടഗ്രന്ഥകാരന്മാരെ സംബന്ധിച്ച, ഉത്തമ, സാഹിത്യവിഷയമായ, ഉച്ചശ്രേണിയിലുള്ള ഭാഷ എന്നെല്ലാം അർത്ഥം "ക്ലാസിക്കൽ" എന്ന വിശേഷണ പദത്തിലുണ്ട്. ഇതിൽ ഉത്തമ സാഹിത്യമുള്ള ഭാഷയെന്ന അർത്ഥത്തിലാണ് ഭാഷയെ 'ക്ലാസിക്കൽ' എന്ന് വിശേഷിപ്പിക്കുന്നത്. അതായത് ഭാഷയുടെ പഴക്കവും സാഹിത്യ സമ്പത്തും ഒരുപോലെ പരിഗണന അർഹിക്കുന്നു എന്നർത്ഥം. 1500 വർഷത്തെ പഴക്കമെങ്കിലും ക്ലാസിക്കൽ പദവിലഭിക്കുന്ന ഭാഷയ്ക്കുണ്ടാവണം എന്നതാണ് കേന്ദ്രഗവൺമെന്റിന്റെ നിബന്ധന. ക്ലാസിക്കൽ പദവി ലഭിക്കുന്ന ഭാഷയ്ക്ക് നൂറു കോടി രൂപയാണ് ഭാഷാവികസനത്തിനായി കേന്ദ്ര ഗവൺമെന്റ് നല്കുന്നത്. ദ്രാവിഡ ഭാഷകളിൽ തമിഴ്, തെലുങ്ക്, കന്നഡ എന്നിവയ്ക്ക് ഇതിനകം ക്ലാസിക്കൽ പദവി ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഷയാണ് നമ്മുടെ മലയാളം.

1968-ലാണ് മലയാള ലിപി പരിഷ്ക്കരണം നടന്നതെങ്കിലും 1500 വർഷത്തെ പഴക്കം മലയാള ഭാഷയ്ക്കുണ്ടെന്ന് ഗവേഷകർ പറയുന്നു. ദക്ഷിണേന്ത്യയിലെ ദ്രാവിഡ ഭാഷ കുടുംബത്തിൽ പെടുന്ന നാലാമത്തെ സമ്പന്ന സാഹിത്യഭാഷയാണ് മലയാളം. 14-ാം ശതകത്തിൽ എഴുതപ്പെട്ട 'ലീലാതിലകം' മലയാളത്തിലെ പ്രാചീന ക്ലാസിക്ക് കൃതികളിലെ ലക്ഷണമൊത്ത ഗ്രന്ഥമാണ്. മലയാളഭാഷയുടെ സ്വതന്ത്ര പ്രഖ്യാപനവും സ്വതന്ത്രവും മികവുറ്റതുമായ ഒരു തനതു സാഹിത്യത്തിന്റെ വിളംബരം കൂടിയാണ് ലീലാതിലകം.

ഭരണഘടനയുടെ 8-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ 22 ഭാഷകളിൽ ഒന്നാണ് നമ്മുടെ മലയാളം. കേരളത്തിന് പുറമെ ലക്ഷദ്വീപ്, പുതുശ്ശേരി എന്നിവിടങ്ങളിലെ ഔദ്യോഗിക ഭാഷയാണ്. ആന്ധ്രാപ്രദേശ്, തമിഴ്നാട് സംസ്ഥാനങ്ങളിലെയും പെൻസിൽവാനിയ പോലുള്ള വിദേശ സർവ്വകലാശാലകളിലും മലയാളം പാഠ്യവിഷയമാണ്. മയ്യഴി, ഗൾഫ് രാജ്യങ്ങൾ, സിങ്കപ്പൂർ, മലേഷ്യ, ആന്തമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം പേർ ഇന്ന് മലയാളം ഉപയോഗിക്കുന്നുണ്ട്. ലോകത്ത് മാതൃഭാഷയെന്ന നിലയിൽ ഭാഷ സംസാരിക്കുന്നവരുടെ എണ്ണത്തിൽ 27-ാം സ്ഥാനം മലയാള ഭാഷയ്ക്കുണ്ട്.

മലയാള സർവ്വകലാശാല സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാന ഗവൺമെന്റ്, നമ്മുടെ വിദ്യാലയങ്ങളിൽ ഒന്നാം ഭാഷ മലയാളമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. ജ്ഞാനപീഠപുരസ്കാര ജേതാവ് പ്രൊഫ. ഒ.എൻ.വി. കുറുപ്പിന്റെ വാക്കുകൾ കടമെടുക്കുകയാണെങ്കിൽ "മലയാള ഭാഷയുടെ ക്ലാസ്സിക്കൽ പദവി മലയാളിക്ക് അവകാശപ്പെട്ടതാണ്; മറിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇരന്ന് വാങ്ങേണ്ടതല്ല." ■





## ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസത്തിന്റെ പ്രായോഗികതയും വനവത്കരണവും

*പേജ് 21ൽ നിന്നും*

യാൽ ദൃശ്യമാധ്യമങ്ങളടക്കം പത്രസമൂഹവും പൊതുബോധവും പരിസ്ഥിതിയോട് സഹതാപവും വ്യവസായത്തോട് ശത്രുതാമനോഭാവവും ആദ്യം പ്രകടിപ്പിക്കുമെങ്കിലും കാണെക്കാണെ ബിസിനസ് താല്പര്യങ്ങളോടെ, സാമ്പത്തികനേട്ടത്തോടെ എൻ.ജി.ഒ.കൾ എത്തിയാൽ അവർക്ക് പിന്തുണ പ്രഖ്യാപിച്ചു കളയും. ഇന്ത്യൻ പരിസ്ഥിതി സംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്ന മികച്ച എൻ.ജി.ഒ.കൾക്കിടയിൽ 'ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം, ഹിമാലയൻ മഞ്ഞുപാളിയുരുകൽ' തുടങ്ങിയ ഗിമ്മിക്കുകളുമായി സ്ഥിരം മാധ്യമങ്ങളുടെ ശ്രദ്ധാകേന്ദ്രമാവാൻ ശ്രമിക്കുന്ന കള്ള നാണയങ്ങളായ എൻജിഒകളുമുണ്ട്. ഞെട്ടിപ്പിക്കുന്ന മറ്റൊരു വസ്തുത ടാബ്ലോയ്ഡ് - ഗോസിപ്പ് വാർത്തകളുടേയും രാഷ്ട്രീയവിവാദ വാർത്തകളുടേയും മൂന്നിലൊന്നു സ്ഥലം പോലും കാലാവസ്ഥാ വാർത്തകൾക്കു ലഭിക്കുന്നില്ലെന്നാണ്. വേദാന്ത കമ്പനി ഒറീസയിൽ നടത്തിയ പരിസ്ഥിതി നശീകരണം രാഷ്ട്രീയ വിവാദത്തെ തുടർന്നു മാത്രമാണ് ശ്രദ്ധേയമായത്. ജെയ്താപൂർ (മഹാരാഷ്ട്ര) ന്യൂക്ലിയർ പ്ലാന്റ് പരിസ്ഥിതി ലംഘനത്തിനും സമാനമായ ഗതികേടു വന്നു. എന്നാൽ 'ദ ഹിന്ദു'വടക്കമുള്ള ദേശീയ പത്രങ്ങൾ കാലാവസ്ഥാ വാർത്തകൾക്ക് നൽകുന്ന പ്രാധാന്യത്തിലേക്ക് ചുവടുവയ്ക്കാൻ കേരളത്തിനും കഴിയണം.

സമ്പന്ന രാജ്യങ്ങളിലുള്ളവന്റെ കാർബൺ ക്രെഡിറ്റിന്റെ ഭാരം വികസ്വര മൂന്നാം ലോകരാജ്യങ്ങളിലുള്ള ദരിദ്രന്റെ ചുമലിൽ വയ്ക്കാനുള്ള ഉത്സാഹവും ഇരട്ടത്താപ്പുമാണ് മറ്റൊന്ന്. ഞങ്ങൾ ആവശ്യമുള്ളത്ര പണം നൽകാം. നിങ്ങൾ വേണമെങ്കിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിക്കോളൂവെന്ന മട്ടിലുള്ള സമീപനം വികസിത രാജ്യങ്ങൾ പുലർത്തിപ്പോരുന്നുമുണ്ട്. ടൂറിസം വരുമാനത്തെ ബാധിക്കുമെന്നോർത്താണ് പലപ്പോഴും ബംഗ്ലാദേശ്, മാലദ്വീപ് തുടങ്ങിയ രാജ്യങ്ങൾ രണ്ടറ്റവും കൂട്ടിമൂട്ടിക്കാനുള്ള പെടാപ്പാടിനിടയിലും വികസിതരാജ്യങ്ങളുടെ 'കാർബൺ ക്രെഡിറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ടി'നുനേരെ കൈനീട്ടുന്നതും.

ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസത്തിൽ വനവത്കരണത്തിനുള്ള സ്വാധീനവും പ്രാധാന്യവും അടുത്തകാലത്താണ് വ്യക്തമായി പ്രതിഫലിച്ചു തുടങ്ങിയത്. 2006 ൽ ചൈനയാണ് തങ്ങളുടെ വ്യവസായവത്കരണത്തിന്റെ ദൂഷ്യഫലങ്ങൾക്കൊരു ബദൽതത്വമായി വനവത്കരണവും, വനസർട്ടിഫിക്കേഷനും തുടങ്ങി വച്ചത്. വനനശീകരണത്തിന് കനത്തഫീസ്, വനോല്പന്നങ്ങൾക്ക് ഉയർന്ന നികുതി, ആദിവാസികൾക്ക് മാസംതോറും വനസംരക്ഷണത്തിനായി ശമ്പളം, ഗോത്രവിഭാഗങ്ങളുടെ സഹായത്തോടെയുള്ള വനപഠനം, കാർഷിക ഭൂമിയെ കാർഷികവനഭൂമിയാക്കിമാറ്റുന്ന അക്ഷീണ പ്രയത്നം വരെയെത്തി കാര്യങ്ങൾ. വ്യവസായ പ്ലാന്റേഷനുകൾക്ക് വൻതോതിൽ നികുതിയിളവും പ്രഖ്യാപിച്ചു. ചൈന മറ്റു രാജ്യങ്ങളെ, ഇന്ത്യയെപ്പോലും ഞെട്ടിച്ചു. സോഷ്യൽ ഫോറസ്ട്രി ക്ലാസിൽ പങ്കെടുക്കാത്ത ഒരു ചൈനീസ് പൗരന് (നമ്മുടെ ഗ്രാമസഭ കണക്കെ) ചൈനീസ് സർക്കാർ വൻതുക യുവാൻ പിഴയിട്ടത് പത്രങ്ങളിൽ ചർച്ചാവിഷയമായി. പിന്നീടറിഞ്ഞു. ഇതും ചൈനയുടെ മറ്റൊരു പ്രചാരണതന്ത്രമായിരുന്നുവെന്ന്. ചൈനയിലിപ്പോൾ വിറ്റുപോകുന്ന രണ്ടുതരം പുസ്തകങ്ങളാണ്. ഇംഗ്ലീഷ് ഭാഷ പഠിക്കാനുള്ള പുസ്തകങ്ങളും ആഗോളതാപനത്തെ ചെറുക്കാനുള്ള സർക്കാർ വക നിർദ്ദേശങ്ങളടങ്ങിയ കൈപുസ്തകവും. ഇതിലാവട്ടെ ഹുജിന്റാവോയടക്കമുള്ളവരുടെ വൻതാരനിരയുമുണ്ട്; അവരുടെ പരിസ്ഥിതി ഐക്യദാർഢ്യമടക്കം. യൂണിവേഴ്സിറ്റികളിൽ ഗവേഷണവിദ്യാർത്ഥികൾക്ക് ഏറ്റവും കൂടുതൽ ഗ്രാന്റും സ്കോളർഷിപ്പും കിട്ടുന്ന രണ്ടിനങ്ങളേ ഉള്ളൂ. ഒന്ന് സൈബർഹാക്കിംഗും മറ്റൊന്ന് ആഗോളതാപനവും.

കാൻകൂൺ ഉച്ചകോടി (മെക്സിക്കോ)യും മുമ്പ് ഇൻഡോനേഷ്യയിലെ ബാലി ഉച്ചകോടിയും യുഎൻഎഫ്സിസി നടത്തിയ ശ്രദ്ധേയ ഇടപെടലുകളായിരുന്നു, കഴിഞ്ഞ ദശാബ്ദത്തിലെ. പക്ഷേ കോട്ട്യോ പ്രോട്ടോക്കോളിനോട് ആത്മാർത്ഥത പുലർത്താൻ എത്ര രാജ്യങ്ങൾ 2012 ൽ തയ്യാറാവുമെന്ന ചോദ്യം അവശേഷിക്കുന്നുണ്ട്. ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസത്തിൽ സോഷ്യൽ ഫോറസ്ട്രിയും ഫോറസ്റ്റ് സർട്ടിഫിക്കേഷനും കാർബൺ ക്രെഡിറ്റും വഹിക്കുന്ന പങ്കിനെക്കുറിച്ച് ചൈനയുടെയത്ര ഇന്ത്യ സജീവമല്ലതാനും. വികസനത്തെ പരിസ്ഥിതിയോട് തുലനം ചെയ്തുകൊണ്ടുപോകാൻ പറ്റുന്ന സുസ്ഥിര വികസനം (Sustainable development) പ്രോജക്ടുകളാണ് ഇന്നാവശ്യം. പുട്ടിനു തേങ്ങാപീരയെന്ന പോലെ പരിസ്ഥിതിയെ ഒഴിവാക്കിയുള്ള ഒരു കൺകെട്ടുവിദ്യയും ഈ സമയത്ത് വിലപ്പോകില്ല. ■



# കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011 –ഒരെത്തിനോട്ടം

(ഭാഗം - 2)

എൻ. സുരാജ്

കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ശരിയായ വിധത്തിൽ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് സുപ്രധാനമായ ചുമതലയുണ്ട്. ഈ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ചും ചട്ടങ്ങളിലെ വ്യവസ്ഥകളെ സംബന്ധിച്ചും സെക്രട്ടറിക്ക് വ്യക്തമായ ധാരണയുണ്ടായിരിക്കണം. ചട്ടങ്ങളിലെ വ്യവസ്ഥകളിൽ കാറ്റഗറി I, II എന്നിവയെ സംബന്ധിച്ച് ഈ കുറിപ്പിന്റെ ഒന്നാം ഭാഗത്തിൽ വിശദമാക്കിയിരുന്നു. തുടർന്നുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് നിർമ്മാണ പ്രവർത്തനങ്ങളെ രണ്ടായി തരംതിരിക്കാം.

ഒന്ന് : ഭൂവികസനം അഥവാ ലാന്റ് ഡവലപ്മെന്റ്, രണ്ട് : മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ.

**ഒരു വസ്തുവിൽ കാർഷികാവശ്യത്തിന് വേണ്ടിയല്ലാതെയും കുടുംബാംഗങ്ങൾക്കിടയിൽ വിഭജിച്ചു നല്കുന്ന ആവശ്യത്തിനുവേണ്ടി അല്ലാതെയും ഭൗതികമായ മാറ്റം വരുത്തുന്നതിനും തണ്ണീർത്തടമോ നെൽവയലോ നികത്തുന്നതിനും വസ്തുവിനുള്ളിൽ നടപ്പാതയോ നിരത്തോ നിർമ്മിക്കുന്നതിനും അതിനെ സബ്ഡിവിഷൻ ചെയ്യുന്നതിനും കളിസ്ഥലമോ പാർക്കോ ആയി മാറ്റുന്നതിനും മുമ്പായി സ്ഥലത്തിന്റെ ഉടമ സെക്രട്ടറിയിൽ നിന്നും ഡവലപ്മെന്റ് പെർമിറ്റ് വാങ്ങിയിരിക്കണം.**

### ഭൂവികസനം

ഒരു വസ്തുവിൽ കാർഷികാവശ്യത്തിന് വേണ്ടിയല്ലാതെയും കുടുംബാംഗങ്ങൾക്കിടയിൽ വിഭജിച്ചു നല്കുന്ന ആവശ്യത്തിനുവേണ്ടി അല്ലാതെയും ഭൗതികമായ മാറ്റം വരുത്തുന്നതിനും തണ്ണീർത്തടമോ നെൽവയലോ നികത്തുന്നതിനും വസ്തുവിനുള്ളിൽ നടപ്പാതയോ നിരത്തോ നിർമ്മിക്കുന്നതിനും അതിനെ സബ്ഡിവിഷൻ ചെയ്യുന്നതിനും കളിസ്ഥലമോ പാർക്കോ ആയി മാറ്റുന്നതിനും മുമ്പായി സ്ഥലത്തിന്റെ ഉടമ സെക്രട്ടറിയിൽ നിന്നും ഡവലപ്മെന്റ് പെർമിറ്റ് വാങ്ങിയിരിക്കണം [ചട്ടം 2 എസി, 4(1)]. ഇതിനായി ചട്ടത്തിലെ അപ്പന്റിക്സ് 'എഐ' ഫോറത്തിൽ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. ചട്ടം 5 ൽ പറഞ്ഞിരിക്കുന്ന പ്രകാരം സ്ഥലത്തിന്റെ പ്ലാനും ഡ്രോയിങ്ങും മറ്റു രേഖകളും മൂന്ന് കോപ്പി വീതവും ഉടമസ്ഥാവകാശം തെളിയിക്കുന്ന മറ്റു രേഖകളും നിശ്ചിത അപേക്ഷാഫീസും ക്ഷമതയുള്ള ലൈസൻസിയുടെ സാക്ഷ്യപത്രവും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പ്രതിരോധ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള പ്രത്യേക ഇളവുകളും പ്രതിരോധ സ്ഥാപനങ്ങൾ, റെയിൽവെ, പുരാവസ്തുവായി പ്രഖ്യാപിച്ചിട്ടുള്ളവ, സുരക്ഷാ മേഖല എന്നിവയ്ക്ക് സമീപമുള്ള വസ്തുക്കൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകളും ചട്ടം 5ൽ വിശദമാക്കിയിട്ടുണ്ട്. ആരാധനയ്ക്കായും മതപരമായ കാര്യങ്ങൾക്കു വേണ്ടിയും ഭൂവികസനം ആവശ്യമായി വരുമ്പോൾ അതിന് അനുമതി നല്കുന്നതിന് മുമ്പായി ജില്ലാ കളക്ടറുടെ മുൻകൂർ അംഗീകാരം വാങ്ങിയിരിക്കണം. [ചട്ടം 5(8)]. വാസഗൃഹ നിർമ്മാണത്തിനായി ഒരു വസ്തു സബ് ഡിവിഷൻ നടത്തുമ്പോൾ അതിലെ വാസഗൃഹ പ്ലോട്ടുകളുടെ എണ്ണം 20ൽ കൂടുതൽ ആണെങ്കിൽ ഭൂവിസ്തൃതി 0.5 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ ആയാൽ ജില്ലാ ടൗൺ പ്ലാനറുടെയും രണ്ട് ഹെക്ടറിൽ കൂടുതൽ ആണെങ്കിൽ ചീഫ് ടൗൺ പ്ലാനറുടെയും മുൻകൂർ അനുമതി വാങ്ങിയിരിക്കണം. അതിലേക്ക് സെക്രട്ടറി ശുപാർശ നല്കുമ്പോൾ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം. [ചട്ടം 31,32,33]. എന്നാൽ കമേർഷ്യൽ ആവശ്യത്തിനാണെങ്കിൽ 10 പ്ലോട്ടിൽ കൂടുതലുള്ള എല്ലാ സബ്ഡിവിഷനും ജില്ലാ ടൗൺ പ്ലാനറുടെ മുൻ കൂർ അനുമതി ആവശ്യമാണ്. [ചട്ടം 32(VI)]. വ്യവസായ ആവശ്യത്തിനാണെങ്കിൽ 5 പ്ലോട്ടിൽ കൂടുതൽ ആയാൽ ചീഫ് ടൗൺപ്ലാനറുടെ അനുമതി വാങ്ങണം [ചട്ടം 33 i(iv)]. 1957 ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 1967ലെ ഭൂവിനിയോഗ ഉത്തരവിലെ (ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ) വ്യവസ്ഥകൾ പ്രകാരം കാർഷിക ആവശ്യത്തിനല്ലാതെ ഭൂവികസനം നടത്തുന്ന സംഗതിയിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി പത്രം കൂടി ഹാജരാക്കേണ്ടതാണ്. [ചട്ടം 6(1), ഭൂവിനിയോഗ ഉത്തരവ് 6(2)]. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നെൽവയലോ, തണ്ണീർത്തടമായോ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലമാണെങ്കിൽ പ്രസ്തുത നിയമപ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ അനുമതി പത്രവും വാങ്ങിയിരിക്കണം. ഇതോടൊപ്പം സമർപ്പിക്കുന്ന സൈറ്റ് പ്ലാൻ 1:400 എന്ന അനുപാതത്തിൽ കുറയാതെ വരച്ചതായിരിക്കണം. അതായത് പ്ലാനിലെ 1 സെ. മീ എന്നാൽ വസ്തുവിൽ 4 മീറ്റർ ആയിരിക്കണം. ചട്ടം 6 ൽ പറഞ്ഞിട്ടുള്ള എല്ലാ വിശദാംശങ്ങളും ഉണ്ടോ എന്ന് പരിശോധിക്കണം. മൂന്നു പകർപ്പുകളിൽ കൂടുതൽ ആവശ്യം വരുന്ന സംഗതിയിൽ ആവശ്യമായത്ര പകർപ്പുകൾ ഹാജരാക്കാൻ ആവശ്യപ്പെടണം.

ഭൂവികസനത്തിന്റെ ഭാഗമായി മണ്ണെടുക്കുകയോ കുഴിക്കുകയോ വേണ്ടി വരുന്ന സന്ദർഭത്തിൽ അതിന്റെ ആഴം 1.5 മീറ്ററിൽ കൂടുതലാണെങ്കിൽ ഭൂമിയുടെ അതിരിൽ നിന്നുള്ള ദൂരത്തെക്കാൾ കൂടുതൽ ആഴത്തിൽ കുഴിക്കുന്നതിന് ചട്ടം 12 ലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം. ഇത്തരം കാര്യങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായി പഞ്ചായത്തുതല സാങ്കേതിക വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതുണ്ടെന്നും ചട്ടം 6(13)ൽ പറയുന്നുണ്ട്. 30 ദിവസത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിശ്ചിത മാതൃകയിൽ സെക്രട്ടറി പെർമിറ്റ് നല്കുകയോ, 13-ാം ചട്ടത്തിലെ നിബന്ധനകൾ പ്രകാരം നിരസിക്കുകയോ ചെയ്യേണ്ടതാണ്. നല്കിക്കഴിഞ്ഞ പെർമിറ്റ് തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലോ, അബദ്ധവശാലോ ക്രമപ്രകാരമല്ലാതെയോ നല്കിയതാണെന്ന് സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന സംഗതിയിൽ ഉടമസ്ഥന് 7 ദിവസത്തെ നോട്ടീസ് നല്കിയും അയാൾക്ക് പറയാനുള്ളത് കേൾക്കുകയും ചെയ്തശേഷം ഏതൊരു സമയത്തും സെക്രട്ടറിക്ക് റദ്ദാക്കുവാനോ, താത്ക്കാലികമായി നിർത്തിവെയ്പ്പിക്കുവാനോ അധികാരമുണ്ട്. [ചട്ടം 18]. അനുവദിച്ച പെർമിറ്റിൽ ഏതെങ്കിലും മാറ്റം വരുത്തുന്ന പക്ഷം ചട്ടം 19 പ്രകാരം ഭേദഗതിക്ക് അപേക്ഷ നല്കാവുന്നതും സെക്രട്ടറി അതു ചട്ടപ്രകാരം അംഗീകരിച്ചു നല്കേണ്ടതുമാണ്. അനുമതിയില്ലാതെയോ അനുമതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ നടത്തുന്ന പ്രവർത്തനങ്ങളിൽ ചട്ടം 19 പ്രകാരം നടപടി സ്വീകരിക്കണം. ഷെഡ്യൂൾ I ലെ അപേക്ഷാഫീസിന് പുറമെ ഷെഡ്യൂൾ II ലെ പെർമിറ്റ് ഫീസും വാങ്ങണം. മൂന്ന് വർഷമാണ് പെർമിറ്റിന്റെ കാലാവധി. കാലാവധി തീരുന്നതിന് മുമ്പ് നിശ്ചിത പെർമിറ്റ് ഫീസിന്റെ 10 ശതമാനം തുക ഈടാക്കി മൂന്ന് വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നല്കാം. ഇപ്രകാരം രണ്ടുതവണ മാത്രമെ ദീർഘിപ്പിച്ചു നല്കാൻ കഴിയുകയുള്ളൂ. പെർമിറ്റിന്റെ കാലാവധി കഴിഞ്ഞ ശേഷമാണെങ്കിൽ കാലാവധി കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ 50 ശതമാനം ഫീസ് ഈടാക്കിയശേഷം ഒരു തവണമാത്രം മൂന്നു വർഷത്തേക്ക് പുതുക്കി നല്കാവുന്നതുമാണ് (ചട്ടം 17). ഭൂവികസന പ്രവൃത്തി പൂർത്തീകരിക്കുന്നതിനു മുമ്പായി സ്ഥലം വില്പന നടത്തുകയോ കൈമാറുകയോ ചെയ്യുന്ന പക്ഷം നിശ്ചിത ഫീസായ 25 രൂപ ഈടാക്കി ചട്ടം 24 പ്രകാരം പെർമിറ്റ് കൈമാറി നല്കാവുന്നതാണ്. ഭൂവികസന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ നിശ്ചിത മാതൃകയിൽ പൂർത്തീകരണ സാക്ഷ്യപത്രവും അപേക്ഷയും ഹാജരാക്കേണ്ടതും അതു ലഭിച്ചു കഴിഞ്ഞാൽ പ്രവൃത്തി ചട്ടപ്രകാരമാണോ എന്നു പരിശോധിച്ചു ബോധ്യപ്പെട്ട ശേഷം അപേക്ഷ ലഭിച്ചു 15 ദിവസത്തിനുള്ളിൽ നിശ്ചിത മാതൃകയിൽ ഒരു ഭൂവികസന സാക്ഷ്യപത്രം നല്കേണ്ടതുമാണ് (ചട്ടം 25).

അനുമതിയില്ലാതെ നടത്തിയതായ ഒരു ഭൂവികസനം ഈ ചട്ടങ്ങളിലെ മറ്റു വ്യവസ്ഥകൾക്ക് അനുപൂരകമാണെങ്കിൽ അതു ക്രമവത്ക്കരിച്ചു നല്കുന്നതിനു സെക്രട്ടറിക്ക് അധികാരമുണ്ട്. ചട്ടം 134 ൽ വിവരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കുകയും നിശ്ചിത അപേക്ഷാഫീസും പെർമിറ്റ്ഫീസിന്റെ ഇരട്ടിത്തുകയും ഈടാക്കുകയും വേണം. ഇപ്രകാരം വ്യവസ്ഥയുണ്ടെങ്കിലും അനധികൃത പ്രവൃത്തികൾ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കേണ്ട ബാദ്ധ്യതയിൽ നിന്നും സെക്രട്ടറിക്ക് ഒഴിഞ്ഞു നില്ക്കാൻ കഴിയുന്നതല്ല. ക്രമവത്ക്കരിക്കാനുള്ള അപേക്ഷ നിരസിക്കുന്നപക്ഷം അതും 13-ാം ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം തന്നെ ആയിരിക്കേണ്ടതാണ്.

**ഭൂവികസനത്തിന്റെ ഭാഗമായി മണ്ണെടുക്കുകയോ കുഴിക്കുകയോ വേണ്ടി വരുന്ന സന്ദർഭത്തിൽ അതിന്റെ ആഴം 1.5 മീറ്ററിൽ കൂടുതലാണെങ്കിൽ ഭൂമിയുടെ അതിരിൽ നിന്നുള്ള ദൂരത്തെക്കാൾ കൂടുതൽ ആഴത്തിൽ കുഴിക്കുന്നതിന് ചട്ടം 12ലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം. ഇത്തരം കാര്യങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായി പഞ്ചായത്തുതല സാങ്കേതിക വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതുണ്ടെന്നും ചട്ടം 6(13)ൽ പറയുന്നുണ്ട്.**

### നിർമ്മാണ പ്രവർത്തനങ്ങൾ

നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാറ്റഗറി I, II എന്നിവയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ അനുവർത്തിക്കേണ്ട കാര്യങ്ങളിലെ വ്യത്യാസം ഈ കുറിപ്പിന്റെ ഒന്നാം ഭാഗത്തിൽ (*പഞ്ചായത്ത് രാജ് – 2011 മെയ് ലക്കം*) വിശദമാക്കിയിരുന്നു.

**അനുമതി വാങ്ങാതെ നടത്തുന്ന ഭൂവികസനവും നിർമ്മാണ പ്രവൃത്തികളും യഥാസമയം കണ്ടെത്തുകയും നിയമാനുസരണം നടപടി സ്വീകരിക്കുകയും ചെയ്യുക എന്നത് സെക്രട്ടറിയുടെ കർത്തവ്യമാണ്. അനുമതി വാങ്ങിയ ശേഷം അതിൽനിന്ന് വ്യതിചലിച്ച് നടത്തുന്ന പ്രവർത്തനവും അനധികൃതം തന്നെയാണ്. അംഗീകൃത പ്ലാനിൽ നിന്നും വ്യത്യാസം വരുത്തേണ്ടിവരുന്ന സന്ദർഭത്തിൽ പ്രസ്തുത വ്യതിയാനം വ്യക്തമാക്കിക്കൊണ്ട് പുതുക്കിയ പ്ലാനും അനുബന്ധങ്ങളും സമർപ്പിക്കണം. ചട്ടം 19ൽ പറഞ്ഞിട്ടുള്ള നിസ്സാര വ്യതിയാനങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങേണ്ടതില്ല. പണി പൂർത്തീകരിച്ച് കഴിഞ്ഞാൽ പ്രസ്തുത വ്യതിയാനങ്ങൾകൂടി ഉൾപ്പെടുത്തി ഒരു കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചാൽ മതിയാവും.**

പൊതുവിലുള്ള കാര്യങ്ങൾ ഇനി പരിശോധിക്കാം.

അപ്പന്റിക്സ് 'എ' യിലുള്ള അപേക്ഷ, ചട്ടം 7ൽ പറയുന്ന വിധത്തിലുള്ള പ്ലാനും മറ്റു രേഖകളും മൂന്നു പകർപ്പു വീതവും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും അപേക്ഷ ഫീസും ഉൾപ്പെടെയാണ് സമർപ്പിക്കേണ്ടത്. കേന്ദ്ര – സംസ്ഥാന സർക്കാരുകൾ തുടങ്ങിയവയ്ക്കുള്ള പ്രത്യേക നിബന്ധനകൾ ഭുവികസനത്തിനെന്നപോലെ ഇക്കാര്യത്തിലും ബാധകമാണ്. മതപരമായ കാര്യങ്ങൾ, ആരാധനാലയങ്ങൾ എന്നിവ സംബന്ധിച്ച് ജില്ലകളുടെ മുൻകൂർ അനുമതി വേണമെന്ന നിബന്ധനയും ബാധകമാണ് [ചട്ടം 7(8)]. ഉപയോഗം, ലേ ഔട്ട് എന്നിവയുടെ കാര്യത്തിൽ താഴെപറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നല്കുന്നതിന് മുമ്പായി ടൗൺപ്ലാനറുടെ മുൻകൂർ അംഗീകാരവും വാങ്ങിയിരിക്കണം. ഇപ്രകാരം ടൗൺപ്ലാനർക്ക് ശുപാർശ ചെയ്യുമ്പോൾ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഭൂവികസനത്തിന്റെ കാര്യത്തിൽ മുൻകൂർ അനുമതി സംബന്ധിച്ച് മേൽ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുണ്ട്. ടൗൺ പ്ലാനിങ് സ്കീം നിലവിലുള്ള ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത സ്കീമിലെ വ്യവസ്ഥകൾ കൂടി പരിശോധിക്കേണ്ടതാണ്. അപാർട്ട്മെന്റുകൾ/ഫ്ളാറ്റുകൾ എന്നിവയുടെ നിർമ്മാണത്തിന്റെ കാര്യത്തിൽ 50 വാസഗൃഹ യൂണിറ്റിൽ കൂടുതലും 100 ൽ കവിയാത്തതുമാണെങ്കിൽ ജില്ലാ ടൗൺപ്ലാനറുടെയും 100ൽ കൂടുതലാണെങ്കിൽ ചീഫ് ടൗൺ പ്ലാനറുടെയും മുൻകൂർ അനുമതി ആവശ്യമാണ്. ലോഡ്ജിംഗ് ഹൗസുകളുടെ കാര്യത്തിൽ 3000 ചി.മീറ്ററിൽ കൂടുതലും 6000 ച.മീറ്റർ വരെ ഉള്ളതുമായ നിർമ്മാണത്തിന് ജില്ലാ ടൗൺ പ്ലാനറുടെയും 6000 ൽ കവിയുന്നതിന് ചീഫ് ടൗൺ പ്ലാനറുടെയും അനുമതി വേണം [ചട്ടം 55]. വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും ആശുപത്രി/മെഡിക്കൽ ആവശ്യത്തിനുള്ള കെട്ടിടങ്ങളും 500 ച.മീറ്ററിൽ കൂടുതലും 2000 ച.മീറ്ററിൽ കവിയാത്തവയുമായവയ്ക്ക് ജില്ലാ ടൗൺപ്ലാനറുടെയും 2000ൽ കൂടുതൽ ഉള്ളവയ്ക്ക് ചീഫ് ടൗൺപ്ലാനറുടെയും അനുമതി വേണം (ചട്ടം 56). എന്നാൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വേണ്ടിയല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ 3000 ച.മീറ്റർ മുതൽ 6000 ച.മീറ്റർ വരെ ജില്ലാ ടൗൺപ്ലാനറുടെയും 6000ൽ കൂടുതലുള്ളതിന് ചീഫ് ടൗൺ പ്ലാനറുടെയും അനുമതി ആവശ്യമാണ് (ചട്ടം 56 ബി). ഓഫീസ്/ബിസിനസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കാര്യത്തിലും 3000 മുതൽ 6000 വരെ ജില്ലാ ടൗൺ പ്ലാനറുടെയും 6000ന് മുകളിൽ ചീഫ് ടൗൺ പ്ലാനറുടെയും അനുമതി ആവശ്യമുണ്ട്. (ചട്ടം 56ബി).

സിനിമ തീയറ്റർ, കല്യാണ മണ്ഡപം, ഓഡിറ്റോറിയം തുടങ്ങി 'ഡി' വിഭാഗത്തിൽപെടുന്ന അസംബ്ലി കെട്ടിടങ്ങൾക്ക് 500 ച.മീറ്റർ മുതൽ 1000 ച.മീറ്റർ വരെ ജില്ലാ ടൗൺ പ്ലാനറുടെയും 1000നു മുകളിൽ ചീഫ് ടൗൺപ്ലാനറുടെയും അനുമതി വേണം (ച.57). വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എഫ് വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് 3000 ച.മീറ്റർ മുതൽ 6000 ച.മീറ്റർ വരെ ജില്ലാ ടൗൺ പ്ലാനറുടെയും 6000ന് മുകളിൽ ചീഫ് ടൗൺപ്ലാനറുടെയും അനുമതി വേണം. വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ സ്ഥല വിസ്തീർണ്ണം ഒരു ഹെക്ടർവരെയും കെട്ടിട വിസ്തീർണ്ണം 1000 ച.മീറ്റർ വരെയും ജില്ലാ ടൗൺപ്ലാനറുടെയും സ്ഥലവിസ്തീർണ്ണം ഒരു ഹെക്ടറിൽ കൂടുതലും കെട്ടിടം 1000 ച.മീറ്ററിൽ കൂടുതലും ആണെങ്കിൽ ചീഫ് ടൗൺപ്ലാനറുടെയും അനുമതി ആവശ്യമുണ്ട് (ചട്ടം 59). പണ്ടകശാലകൾ, ഗോഡൗണുകൾ തുടങ്ങി 'എച്ച്' വിഭാഗത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് 3000 ച.മീറ്റർ മുതൽ 6000 ച.മീറ്റർ വരെ ജില്ലാ ടൗൺപ്ലാനറുടെയും 6000 നു മുകളിൽ ചീഫ് ടൗൺപ്ലാനറുടെയും അനുമതി വേണം. മലിനീകരണ സാധ്യതയുള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്ന 'ഐ' വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ സ്ഥലവിസ്തീർണ്ണം 0.5 ഹെക്ടർവരെയും കെട്ടിടം 1000 ച.മീറ്റർ വരെയും ജില്ലാ ടൗൺ പ്ലാനറുടെയും സ്ഥലവിസ്തീർണ്ണം 0.5 ഹെക്ടറിന് മുകളിലും (ചട്ടത്തിൽ ഇവിടെ അച്ചടിപ്പിശക് വന്നതായി കാണുന്നുണ്ട്) കെട്ടിടം 1000 ച.മീറ്ററിൽ കൂടുതലുമാണെങ്കിൽ ചീഫ് ടൗൺപ്ലാനറുടെയും അനുമതി വാങ്ങണം. എന്നാൽ കാലിത്തൊഴുത്ത്, കോഴിഫാം (ലൈവ്സ്റ്റോക്ക് ആന്റ് പൗൾട്രി) എന്നിവയ്ക്കായുള്ള നിർമ്മാണത്തിന്റെ കാര്യത്തിൽ 500 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് മുൻകൂർ അനുമതി ആവശ്യമില്ല. എന്നാൽ 500 ച.മീറ്റർ മുതൽ 1000 വരെയുള്ളവയ്ക്ക് ജില്ലാ ടൗൺപ്ലാനറുടെയും 1000ന് മുകളിൽ ഉള്ളവയ്ക്ക് ചീഫ് ടൗൺ പ്ലാനറുടെയും അനുമതി ആവശ്യമാണ്. [ചട്ടം 61]. പെട്രോൾ പമ്പുകളുടെ (ഓട്ടോമൊബൈൽ ഫ്യൂയൽ ഫില്ലിംഗ് സ്റ്റേഷൻ) കാര്യത്തിൽ ജില്ലാ കളക്ടറുടെയും ചീഫ് ടൗൺ പ്ലാനറുടെയും മുൻകൂർ അനുമതി വാങ്ങിയിരിക്കണം.

1976ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകളും ഇക്കാര്യത്തിൽ പരിശോധിക്കണം.

അപേക്ഷയോടൊപ്പം ചട്ടം 11ലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള പ്ലാനുകളും സമർപ്പിക്കണം. സ്പെസിഫിക്കേഷൻ സമർപ്പിച്ചിട്ടുള്ളതിൽ നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ തരവും ഗ്രേഡും വ്യക്തമാക്കിയിരിക്കണം. പ്ലാനുകൾ തയ്യാറാക്കുന്ന പേപ്പറിന്റെ വലിപ്പം എ3 സൈസിൽ കുറയാൻ പാടില്ല (ചട്ടം 7ഇ). നിർമ്മാണത്തിന്റെ ആകെ തറ വിസ്തീർണ്ണം കണക്കാക്കിയിട്ടുള്ളത് ചട്ടം 8ൽ പറഞ്ഞിട്ടുള്ള പ്രകാരം തന്നെയാണെന്ന് ഉറപ്പുവരുത്തണം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ വരുന്നതായ ചില നിർമ്മാണ പ്രവർത്തനങ്ങൾ ചട്ടം 9 പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് ചട്ടം 10ൽ വിവരിച്ചിരിക്കുന്ന പ്രവൃത്തികളെയും ഒഴിവാക്കിയിട്ടുണ്ട്. അപേക്ഷയും ഉള്ളടക്കങ്ങളും അപേക്ഷാ ഫീസും സ്വീകരിച്ചു കഴിഞ്ഞാൽ 30 ദിവസത്തിനുള്ളിൽ അപേക്ഷ അനുവദിക്കുകയോ 13-ാം ചട്ടത്തിൽ വിവരിക്കുന്ന കാരണങ്ങളാൽ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. പെർമിറ്റിന്റെ കാലാവധി മൂന്നു വർഷമാണ്. നിശ്ചിത കാലാവധി കഴിയുന്നതിന് മുമ്പ് അപേക്ഷ സമർപ്പിക്കുന്ന പക്ഷം 10 ശതമാനം ഫീസ് ഈടാക്കിക്കൊണ്ട് മൂന്നു വർഷത്തേക്ക് കൂടി കാലാവധി ദീർഘിപ്പിച്ചു നല്കാം. ഇപ്രകാരം രണ്ടുതവണ മാത്രമേ ദീർഘിപ്പിച്ചു നല്കാൻ കഴിയു





കയുള്ളൂ. കാലാവധി കഴിഞ്ഞിട്ട് ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം 50 ശതമാനം ഫീസ് വാങ്ങിക്കൊണ്ട് ഒരു തവണ മാത്രം മൂന്നു വർഷത്തേക്ക് പെർമിറ്റ് പുതുക്കി നല്കാവുന്നതുമാണ് (ചട്ടം 17). പെർമിറ്റ് നല്കിക്കഴിഞ്ഞാൽ അത് തെറ്റായ വിവരത്തിന്റെയോ അബദ്ധവശാലോ ക്രമവിരുദ്ധമായോ നല്കിയതാണെന്ന് സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം ഉടമസ്ഥന് 7 ദിവസത്തെ നോട്ടീസ് നല്കിക്കൊണ്ട് അവർക്ക് പറയാനുള്ളത് കേൾക്കാൻ അവസരം നല്കിയതിന് ശേഷം സെക്രട്ടറിക്ക് പെർമിറ്റ് റദ്ദാക്കുകയോ, തത്ക്കാലത്തേക്ക് നിർത്തിവെയ്ക്കുകയോ ചെയ്യാൻ അധികാരമുണ്ട് (ചട്ടം 18).

### അനധികൃത നിർമ്മാണങ്ങളും നടപടിയും

അനുമതി വാങ്ങാതെ നടത്തുന്ന ഭൂവികസനവും നിർമ്മാണ പ്രവൃത്തികളും യഥാസമയം കണ്ടെത്തുകയും നിയമാനുസരണം നടപടി സ്വീകരിക്കുകയും ചെയ്യുക എന്നത് സെക്രട്ടറിയുടെ കർത്തവ്യമാണ്. അനുമതി വാങ്ങിയ ശേഷം അതിൽനിന്ന് വ്യതിചലിച്ച് നടത്തുന്ന പ്രവർത്തനവും അനധികൃതം തന്നെയാണ്. അംഗീകൃത പ്ലാനിൽ നിന്നും വ്യത്യാസം വരുത്തേണ്ടിവരുന്ന സന്ദർഭത്തിൽ പ്രസ്തുത വ്യതിയാനം വ്യക്തമാക്കിക്കൊണ്ട് പുതുക്കിയ പ്ലാനും അനുബന്ധങ്ങളും സമർപ്പിക്കണം. ചട്ടം 19ൽ പറഞ്ഞിട്ടുള്ള നിസ്സാര വ്യതിയാനങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങേണ്ടതില്ല. പണി പൂർത്തീകരിച്ച് കഴിഞ്ഞാൽ പ്രസ്തുത വ്യതിയാനങ്ങൾകൂടി ഉൾപ്പെടുത്തി ഒരു കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചാൽ മതിയാവും. ഇപ്രകാരമല്ലാതെയുള്ള വ്യതിയാനങ്ങളോ നിയമലംഘനമോ അനുമതിയില്ലാതെയുള്ള പ്രവർത്തനമോ ശ്രദ്ധയിൽപെട്ടാൽ അവ നിയമാനുസരണം തന്നെ നടത്തുന്നതിന് ഒരു നോട്ടീസിലൂടെ സെക്രട്ടറി ആവശ്യപ്പെടുകയും, നിയമവിരുദ്ധമായി ചെയ്യുന്നതിന് കാരണമെന്തെങ്കിലുമുണ്ടെങ്കിൽ അത് ബോധ്യപ്പെടുത്താൻ നിർദ്ദേശിക്കുകയും വേണം. എന്നാൽ അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിക്കുന്ന സംഗതിയിൽ പ്രസ്തുത വ്യതിചലനത്തിലൂടെ യാതൊരു വ്യവസ്ഥകളും ലംഘിക്കുന്നില്ല എങ്കിൽ അക്കാര്യത്തിൽ നോട്ടീസ് നല്കേണ്ടതില്ല എന്നും ചട്ടം 19 (2)ൽ പറഞ്ഞിട്ടുണ്ട്. കാരണം കാണിക്കൽ നോട്ടീസിന് ലഭിക്കുന്ന മറുപടി തൃപ്തികരമാണെന്ന് ചട്ടപ്രകാരം സെക്രട്ടറിക്ക് ബോധ്യപ്പെട്ടാൽ പ്രസ്തുത നോട്ടീസ് ക്യാൻസൽ ചെയ്യാം. മറുപടി തൃപ്തികരമല്ലാതിരിക്കുകയോ യാതൊരു മറുപടിയും സമർപ്പിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം ചട്ടം 20 പ്രകാരമുള്ള നടപടി സെക്രട്ടറി ആരംഭിക്കേണ്ടതാണ്. അതിലേക്ക് ഒരു താൽക്കാലിക ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കണം. ഈ താൽക്കാലിക ഉത്തരവ് സ്വയം വിശദീകരണാത്മകവും എതിർകക്ഷി നടത്തിവരുന്ന പ്രവർത്തനം ഏതെല്ലാം ചട്ടങ്ങളുടെയും നിയമങ്ങളുടെയും ലംഘനമാണെന്നും അവ എന്തുകൊണ്ട് അപ്രകാരം ലംഘനമായിരിക്കുന്നു എന്നും വ്യക്തമാക്കുന്നതുമായിരിക്കണം.

### പ്രവൃത്തി നിയമവിധേയമാക്കുന്നതിന്

പ്രസ്തുത നിയമലംഘനം ഒഴിവാക്കുന്നതിന് എതിർകക്ഷി എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത് എന്നും, അതായത് നിർമ്മാണം പൊളിച്ചു നീക്കുക, നിയമലംഘനം നടത്തിയ ഭാഗം മാത്രം പൊളിച്ചു നീക്കുക, ഭേദഗതി വരുത്തുക തുടങ്ങിയവ വ്യക്തമാക്കിയിരിക്കണം. അപ്രകാരം ചെയ്യുന്നതുവരെ എതിർകക്ഷി നടത്തിവരുന്ന പ്രവർത്തനം നിർത്തിവെയ്ക്കാനും പ്രസ്തുത താത്ക്കാലിക ഉത്തരവിൽ ആവശ്യപ്പെടണം.

ഇപ്രകാരമുള്ള താൽക്കാലിക ഉത്തരവ് സ്ഥിരപ്പെടുത്തി നടപ്പാക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ അതു ബോധിപ്പിക്കാൻ 7 ദിവസത്തെ സമയം അനുവദിച്ചുകൊണ്ട് ഒരു നോട്ടീസ് തയ്യാറാക്കേണ്ടതും താത്ക്കാലിക ഉത്തരവും നോട്ടീസും എതിർകക്ഷിക്ക് നല്കേണ്ടതുമാണ്. കാരണം കാണിക്കൽ നോട്ടീസിന് തൃപ്തികരമായ കാരണങ്ങൾ ബോധ്യപ്പെടുത്തുന്നതിന് ആവശ്യമെങ്കിൽ എതിർകക്ഷിക്ക് നേരിൽ കേൾക്കാനുള്ള അവസരവും നല്കാവുന്നതാണ്. അപ്രകാരം തൃപ്തികരമായ വിധത്തിൽ കാരണങ്ങൾ ബോധ്യപ്പെടുത്തുന്നതിന് എതിർകക്ഷി പരാജയപ്പെടുന്ന പക്ഷം സെക്രട്ടറി തന്റെ താൽക്കാലിക ഉത്തരവ് അതേ പ്രകാരം തന്നെയോ ആവശ്യമായ ഭേദഗതികളോടെയോ സ്ഥിരപ്പെടുത്തേണ്ടതും സ്ഥിരപ്പെടുത്തിയ ഉത്തരവ് എതിർകക്ഷിക്ക് നല്കേണ്ടതുമാണ്. ഈ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ 30 ദിവസത്തിനുള്ളിൽ നടപ്പാക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു നോട്ടീസ് കൂടി ഉത്തരവിനോടൊപ്പം നല്കണം. അപ്രകാരം നോട്ടീസ് നല്കിയ ശേഷം 30 ദിവസത്തിനുള്ളിൽ എതിർകക്ഷി അത് നടപ്പാക്കാത്തപക്ഷം 30 ദിവസം കഴിഞ്ഞശേഷം അടുത്ത മുപ്പതു ദിവസത്തിനുള്ളിൽ സെക്രട്ടറി അതു നടപ്പാക്കേണ്ടതും അതിനു വേണ്ടി വരുന്ന ചെലവ് എതിർകക്ഷിയിൽ നിന്നും ഈടാക്കേണ്ടതുമാണ്. ഇപ്രകാരം സെക്രട്ടറി നടപടി സ്വീകരിക്കുമ്പോൾ ക്ഷമതയുള്ള അപ്പീൽ അധികാരിയിൽ നിന്നും എന്തെങ്കിലും ഉത്തരവ് ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കാവുന്നതും അപ്രകാരം എന്തെങ്കിലും ഉത്തരവായിട്ടുണ്ടെങ്കിൽ അതു ലഭിക്കാനുള്ള യുക്തമായ സമയം കൂടി നല്കാവുന്നതുമാണ്.

**പ്ലാനുകൾ അംഗീകരിക്കുകയും പെർമിറ്റ് നല്കുകയും ചെയ്യുമ്പോൾ നിലവിലുള്ള എല്ലാ നിയമങ്ങളിലെയും ചട്ടങ്ങളിലെയും സർക്കാർ നിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക തന്നെ വേണം. മാത്രമല്ല പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടക്കുന്ന ഏതൊരു നിർമ്മാണ പ്രവർത്തനവും ഭൂവികസനവും മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് നടക്കുന്നതെന്നും ഉറപ്പുവരുത്തണം. മറിച്ചുള്ള ഏത് സന്ദർഭത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും അതിന്റെ ഉത്തരവാദിത്വമുണ്ട്.**

എന്നിരുന്നാലും ഏതൊരു പ്രവൃത്തിയും ചട്ടങ്ങളിലെയോ നിയമത്തിലെയോ വ്യവസ്ഥകൾ ലംഘിക്കാതെയാണ് നടത്തുന്നതെങ്കിലോ, മുൻകൂർ അനുമതി വാങ്ങിയില്ലെങ്കിലും 134-ാം ചട്ടപ്രകാരം ക്രമവത്ക്കരിക്കപ്പെട്ടതാണെങ്കിലോ ഇപ്രകാരം പൊളിച്ചുമാറ്റുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ആവശ്യപ്പെടാൻ പാടില്ല.

സ്ഥിരപ്പെടുത്തൽ ഉത്തരവിന്റെ ഒരു പകർപ്പ് പഞ്ചായത്ത് ഡയറക്ടർക്ക് അയയ്ക്കേണ്ടതാണെന്നും ചട്ടത്തിൽ വ്യവസ്ഥയുണ്ട്.

മേൽപ്പറഞ്ഞ പ്രകാരമുള്ള നടപടികൾ സെക്രട്ടറിക്ക് സ്വീകരിക്കാമെങ്കിലും അതിനുപുറമേ, നിയമലംഘനം നടത്തിയ ഉടമയ്ക്കെതിരെയോ, അഥവാ ആർക്കുവേണ്ടിയാണോ അപ്രകാരം ക്രമവിരുദ്ധമായ പ്രവർത്തനം നടത്തിയത് അയാൾക്കെതിരെയോ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിക്ക് അധികാരമുണ്ട്. [ചട്ടം 20(4)]. ഗവൺമെന്റിന് സ്വയമേവയോ ഏതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലോ ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും നിയമലംഘനം നടത്തിയതായി പറയുന്ന കക്ഷിയേയും ബന്ധപ്പെട്ട സെക്രട്ടറിയേയും നേരിൽ

*ശേഷം പേജ് 34*



# പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 15

# സാംഖ്യയിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ

അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത "സാംഖ്യ'' ആപ്ലിക്കേഷൻ വഴി കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പാക്കിക്കൊണ്ടുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 1.4.2011 മുതൽ പ്രാബല്യത്തിലാണ് ഇതു നടപ്പിലാക്കുന്നത്. ഘട്ടംഘട്ടമായി മാത്രം ഈ സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനാൽ, 2011-12 മദ്ധ്യത്തോടെ മാത്രമേ 1144 ത്രിതല പഞ്ചായത്തുകളിലും സാംഖ്യ നിലവിൽ വരൂ. അതുവരെ, നിലവിലുള്ള കാഷ് ബേസ്ഡ് അക്കൗണ്ടിംഗ് രീതി മാന്വൽ സമ്പ്രദായത്തിൽ തുടരേണ്ടതുണ്ട്. അക്കൗണ്ടന്റുമാർക്കും സെക്രട്ടറിമാർക്കും ബന്ധപ്പെട്ട മറ്റു ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടായിരിക്കും സാംഖ്യ നടപ്പിൽ വരുത്തുക. തദ്ദേശഭരണ വകുപ്പിന്റെ കീഴിൽ പഞ്ചായത്ത് ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മിഷണറേറ്റ്, കില, ഇൻഫർമേഷൻ കേരള മിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരിക്കും പരിശീലനം.

1.4.2011 മുതൽ പ്രാബല്യത്തിൽ പുതിയ സമ്പ്രദായത്തിലേക്കു മാറുന്നതിനാൽ നിലവിലുള്ള സമ്പ്രദായത്തിലെ അക്കൗണ്ടിംഗ് 1.4.2011 മുതൽ ആവശ്യമില്ല എന്ന തെറ്റായ സമീപനത്തിലേക്ക് തെന്നി വീഴരുത്. അക്കൗണ്ടിംഗ് ഒരു തുടർപ്രക്രിയയാണ്. പുതിയ സമ്പ്രദായത്തിലേക്ക് മാറുന്ന ദിവസം മുതൽ എല്ലാ ധനകാര്യ ഇടപാടുകളും സാംഖ്യയിൽ ഓൺലൈൻ ആയി രേഖപ്പെടുത്തി തുടങ്ങും. 1.4.2011 മുതൽ ഓൺലൈൻ ആയി മാറിയതുവരെയുള്ള എൻട്രികൾ സാംഖ്യയിൽ രേഖപ്പെടുത്തും. ഈ കുടിശ്ശിക ജോലി എന്നു തീർക്കണമെന്ന് വ്യക്തമായി നിശ്ചയിക്കും. ഇപ്രകാരം 1.4.2011 മുതലുള്ള കുടിശ്ശിക ജോലി സാംഖ്യയിൽ രേഖപ്പെടുത്തണമെങ്കിൽ, നിലവിലുള്ള രീതിയിൽതന്നെ 1.4.2011 മുതലുള്ള അക്കൗണ്ടിംഗ് തുടർന്നു പോയേ തീരൂ.

സാംഖ്യ നിലവിൽ വന്നുകഴിഞ്ഞാൽ, നിലവിലുള്ള കാഷ്ബുക്ക്, വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ തുടങ്ങിയ മാന്വൽ രജിസ്റ്ററുകളൊന്നും എഴുതി സൂക്ഷിക്കേണ്ടതില്ല. കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ കംപ്യൂട്ടറിൽ ലഭ്യമാണ്. പ്രിന്റ് ഔട്ട് ദിവസേന എടുത്ത് അക്കൗണ്ടന്റും സെക്രട്ടറിയും ഒപ്പിട്ട് സൂക്ഷിച്ചാൽ മതി. പ്രതിമാസ/ വാർഷിക ധനകാര്യ പത്രികകളുടേയും പ്രിന്റ് ഔട്ട് കംപ്യൂട്ടറിൽ നിന്നെടുക്കാൻ കഴിയും.

### അടിസ്ഥാന സൗകര്യം

ചില മിനിമം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ സാംഖ്യ പ്രവർത്തിപ്പിക്കാനാവൂ. താഴെപ്പറയുന്നവ നിർബന്ധമാണ്.

1 നാലു കംപ്യൂട്ടറുകൾ.
2 ഒരു 80 കോളം ഡോട് മാട്രിക്സ് പ്രിന്റർ.
3 ഒരു ലേസർ പ്രിന്റർ.

ഈ നാലു കംപ്യൂട്ടറുകൾ യഥാക്രമം കാഷിയർ, അക്കൗണ്ടന്റ്, സെക്രട്ടറി, ഡിമാന്റ് തയ്യാറാക്കുന്ന ക്ലാർക്ക് എന്നിവരുടെ ഇരിപ്പിടങ്ങളോടു ചേർന്നായിരിക്കണം. പഞ്ചായത്തിലേക്ക് കാഷ്/ ചെക്ക്/ ഡിഡി രൂപത്തിൽ വരുന്ന പണം രസീതു നൽകി സ്വീകരിക്കുന്ന ഉദ്യോഗസ്ഥനാണ് 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടന്റ് ചട്ടങ്ങൾ പ്രകാരം കാഷിയർ. (ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന പണവും ഔട്ട്ഡോർ കളക്ഷനും സ്വീകരിച്ച് കളക്ഷൻ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്ന ഉദ്യോഗസ്ഥനെയാണ് ഇപ്പോൾ പല ഗ്രാമപഞ്ചായത്തുകളിലും കാഷ്യർ എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിലെ





കാഷ് / ചെക്ക് / ഡിഡി എന്നിവയും ഔട്ട്ഡോർ കളക്ഷനും പെൻഷൻ മണിഓർഡർ റിട്ടേണും കംപ്യൂട്ടറിൽ രസീതു നൽകി സ്വീകരിക്കേണ്ടത് ഫ്രണ്ട് ഓഫീസിൽ ഇതിനായി നിയോഗിച്ച് 'കാഷിയർ' സീറ്റിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനാണ്.)

നേരത്തേ പറഞ്ഞ നാലു കംപ്യൂട്ടറുകളും സാംഖ്യ ആപ്ലിക്കേഷൻ പ്രവർത്തിപ്പിക്കുന്നതിന് സജ്ജമായവ ആയിരിക്കണം. ഇവയുടെ ഇലക്ട്രിക് കണക്ഷൻ, സെർവറുമായിട്ടുള്ള നെറ്റ്വർക്കിംഗ് എന്നിവ ഉറപ്പുവരുത്തണം.

നാലു കംപ്യൂട്ടറുകളുടെ ഉപയോഗം താഴെ പറയുന്ന രീതിയിലാണ്.

### 1. കാഷിയർ

ഫ്രണ്ട് ഓഫീസിൽ ആയിരിക്കണം പുറമേ നിന്നുവരുന്ന പണം സ്വീകരിക്കുന്നതിനായി ഇരിക്കുന്നത്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ ഇപ്രകാരം പണം സ്വീകരിക്കാൻ ഫ്രണ്ട് ഓഫീസിൽ ഇരിക്കുന്നില്ലെങ്കിൽ പണം/ ചെക്ക് സ്വീകരിക്കുന്നയാൾ ഇരിക്കുന്ന സീറ്റിനെ കാഷിയർ സീറ്റ് ആയി കണക്കാക്കാവുന്നതാണ്. വിവിധ സ്ഥാപനങ്ങളിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി ലഭിക്കുന്ന ചെക്കുകളും ഡിമാന്റ് ഡ്രാഫ്റ്റുകളും 'കാഷിയർ' എന്ന സീറ്റിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനായിരിക്കണം സ്വീകരിച്ച് കംപ്യൂട്ടറിൽ രസീതു നൽകേണ്ടത്. കാഷിയർക്ക്, രസീത് പ്രിന്റ് ചെയ്തു നൽകാൻ കംപ്യൂട്ടറിനു പുറമേ - 80 കോളം ഡോട് മാട്രിക്സ് പ്രിന്ററും ഉണ്ടായിരിക്കേണ്ടതാണ്.

### 2. അക്കൗണ്ടന്റ്

ഗ്രാമപഞ്ചായത്തുകളിൽ മാത്രമേ അക്കൗണ്ടന്റ് തസ്തികയുള്ളൂ. ബ്ലോക്ക് പഞ്ചായത്തുകളിൽ പൊതുവെ അക്കൗണ്ടിംഗ് ചുമതല വഹിക്കുന്നത് ഹെഡ് ക്ലാർക്കാണ്. ആരാണോ അക്കൗണ്ടിംഗ് ചുമതല വഹിക്കുന്നത്, ആ ഉദ്യോഗസ്ഥനായിരിക്കും അക്കൗണ്ടന്റ്. ഗ്രാമപഞ്ചായത്തുകളിൽ പൊതുവേ എല്ലാ ബില്ലുകളും പരിശോധിച്ച് സെക്രട്ടറിക്ക് പാസ് ഓർഡർ നൽകാൻ വേണ്ടി സമർപ്പിക്കുന്നത് അക്കൗണ്ടന്റ് ആണ്. അതിനാൽ അക്കൗണ്ടന്റ് പണം ചെലവുചെയ്യാനുള്ള ബിൽ പരിശോധിച്ച് പാസ് ഓർഡർ എഴുതി സെക്രട്ടറിക്കു സമർപ്പിക്കുന്നതോടൊപ്പം കംപ്യൂട്ടറിൽ 'പേയ്മെന്റ് ഓർഡർ' രേഖപ്പെടുത്തണം. ഈ പേയ്മെന്റ് ഓർഡർ നമ്പർ ബില്ലിന്റെ പുറത്ത് എഴുതിയിട്ടായിരിക്കണം ബിൽ സെക്രട്ടറിക്കു സമർപ്പിക്കേണ്ടത് (പേയ്മെന്റ് ഓർഡർ നമ്പർ കംപ്യൂട്ടർ ജനറേറ്റ് ചെയ്യുന്നതായിരിക്കും).

ബ്ലോക്ക് പഞ്ചായത്തുകളിൽ ചില ബില്ലുകൾ ഹെഡ് ക്ലാർക്ക് തന്നെ തയ്യാറാക്കുകയും മറ്റു ചില ബില്ലുകൾ (ഉദാ: ഐഎവൈ, എംജിഎൻആർഇജിഎ) മറ്റുള്ളവർ പരിശോധിച്ച് ഹെഡ്ക്ലാർക്ക് വഴി സെക്രട്ടറിക്കു സമർപ്പിക്കുകയുമാണ് പതിവ്. ജില്ലാപഞ്ചായത്തുകളിലും പല ബില്ലുകൾ പലരും പരിശോധിച്ചാണ് സെക്രട്ടറിക്കു സൂപ്രണ്ട് മുഖേന സമർപ്പിക്കുന്നത്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ ബിൽ സംബന്ധിച്ച് ഉത്തരവാദിത്തം വഹിക്കുന്ന ഉദ്യോഗസ്ഥർ സാംഖ്യയിൽ പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തണം.

**1.4.2011 മുതൽ പ്രാബല്യത്തിൽ പുതിയ സമ്പ്രദായത്തിലേക്കു മാറുന്നതിനാൽ നിലവിലുള്ള സമ്പ്രദായത്തിലെ അക്കൗണ്ടിംഗ് 1.4.2011 മുതൽ ആവശ്യമില്ല എന്ന തെറ്റായ സമീപനത്തിലേക്ക് തെന്നി വീഴരുത്. അക്കൗണ്ടിംഗ് ഒരു തുടർപ്രക്രിയയാണ്. പുതിയ സമ്പ്രദായത്തിലേക്ക് മാറുന്ന ദിവസം മുതൽ എല്ലാ ധനകാര്യ ഇടപാടുകളും സാംഖ്യയിൽ ഓൺലൈൻ ആയി രേഖപ്പെടുത്തി തുടങ്ങും. 1.4.2011 മുതൽ ഓൺലൈൻ ആയി മാറിയതു വരെയുള്ള എൻട്രികൾ സാംഖ്യയിൽ രേഖപ്പെടുത്തും. ഈ കുടിശ്ശിക ജോലി എന്നു തീർക്കണമെന്ന് വ്യക്തമായി നിശ്ചയിക്കും. ഇപ്രകാരം 1.4.2011 മുതലുള്ള കുടിശ്ശിക ജോലി സാംഖ്യയിൽ രേഖപ്പെടുത്തണമെങ്കിൽ, നിലവിലുള്ള രീതിയിൽതന്നെ 1.4.2011 മുതലുള്ള അക്കൗണ്ടിംഗ് തുടർന്നു പോയേ തീരൂ.**

### 3. സെക്രട്ടറി

രസീത് കാൻസലേഷൻ, പേയ്മെന്റ് ഓർഡർ അപ്രൂവൽ എന്നിവ സെക്രട്ടറി സാംഖ്യയിൽ രേഖപ്പെടുത്തണം. ഓരോ ബില്ലിലും പാസ് ഓർഡർ ഒപ്പുവെയ്ക്കുന്നതിനു മുമ്പ് കംപ്യൂട്ടറിൽ പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് കംപ്യൂട്ടർ സ്ക്രീനിൽ നോക്കണം. അപ്രൂവ് ചെയ്യുന്നെങ്കിൽ അപ്രൂവൽ കംപ്യൂട്ടറിൽ രേഖപ്പെടുത്തണം.

സെക്രട്ടറി പേയ്മെന്റ് ഓർഡർ അപ്രൂവ് ചെയ്ത് പാസ്സാക്കിയ ബിൽ തിരിച്ചയയ്ക്കുന്നു. ചെക്ക് എഴുതുന്ന അക്കൗണ്ടന്റ് കംപ്യൂട്ടറിൽ പേയ്മെന്റ് രേഖപ്പെടുത്തി സെക്രട്ടറിക്ക് അയയ്ക്കുന്നു. പേയ്മെന്റ് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് കംപ്യൂട്ടർ സ്ക്രീൻ നോക്കി ഉറപ്പു വരുത്തിയശേഷം സെക്രട്ടറി ചെക്ക് ഒപ്പിടുന്നു.

ട്രഷറിബിൽ ആണെങ്കിൽ, ട്രഷറിയിൽ നിന്ന് കാഷ്/ഡിഡി ലഭിക്കുന്ന മുറയ്ക്കായിരിക്കും കംപ്യൂട്ടറിൽ പേയ്മെന്റ് രേഖപ്പെടുത്തുന്നത്.

### 4. ഡിമാന്റ് സെക്ഷൻ

ചെലവുകൾക്ക് അടിസ്ഥാനമായി പേയ്മെന്റ് ഓർഡർ ഉള്ളതുപോലെ വരവുകൾക്ക് അടിസ്ഥാനമായി ഡിമാന്റ് ജനറേറ്റ് ചെയ്യണം. ശരിയായ ഹെഡിൽ ഡിമാൻഡ് ജനറേറ്റ് ചെയ്ത് കാഷിയർക്കു നൽകിയാൽ ഡിമാന്റ് നമ്പർ മാത്രം ക്ലിക്ക് ചെയ്ത് കാഷിയർക്കു കംപ്യൂട്ടർ രസീത് നൽകാനാവും. ബന്ധപ്പെട്ട സീറ്റിലെ ക്ലാർക്ക് ആയിരിക്കും ഡിമാന്റ് ജനറേറ്റ് ചെയ്യുക. കംപ്യൂട്ടറിൽ ഡിമാന്റ് ജനറേറ്റ് ചെയ്ത് ഒരു സ്ലിപ്പിൽ ഡിമാന്റ് നമ്പർ എഴുതി അപേക്ഷകനു നൽകിയാൽ, ആ സ്ലിപ്പ് അപേക്ഷകൻ തുക സഹിതം കാഷിയർക്കു നൽകും. കാഷിയർ ഒട്ടും പ്രയാസം കൂടാതെ കംപ്യൂട്ടർ രസീത് നൽകുകയും ചെയ്യും.

വസ്തുനികുതി, തൊഴിൽ നികുതി, പരസ്യ നികുതി, ഭൂമി, കെട്ടിടം വാടക, ഡി ആന്റ് ഒ/പിഎഫ്എ ലൈസൻസ് ഫീ എന്നിവയ്ക്ക് കംപ്യൂട്ടറിൽ ഡേറ്റാ ബേസ് സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് പ്രത്യേകം ഡിമാൻഡ് ജനറേറ്റ് ചെയ്യേണ്ടതില്ല. വാർഡ് നമ്പർ/ഡോർ നമ്പർ ക്ലിക്ക് ചെയ്യുമ്പോൾ മൊത്തം ഡിമാന്റ്, കുടിശ്ശികയുണ്ടെങ്കിൽ അതു സഹിതം കംപ്യൂട്ടർ സ്ക്രീനിൽ തെളിഞ്ഞുവരും.

### കാഷ്ബുക്ക്, ബാങ്ക് ബുക്ക്

കാഷ് ബുക്കിന്റെയും ബാങ്ക് ബുക്കിന്റെയും ബാങ്ക് ബുക്കുകളുടെയും പ്രിന്റ് ഔട്ട് ദിനംപ്രതി വൈകുന്നേരം അക്കൗണ്ടന്റ് എഴുതി ഒപ്പിട്ടു സെക്രട്ടറിക്കു നൽകണം. സെക്രട്ടറി അതു പരിശോധിച്ച് ഒപ്പിട്ട് അക്കൗണ്ടന്റിനു നൽകണം. കാഷ്ബുക്കിന്റേയും ഓരോ ബാങ്ക് ബുക്കിന്റെയും പ്രിന്റ് ഔട്ട് പ്രത്യേകം ഗാർഡ് ഫയലുകളിൽ അക്കൗണ്ടന്റ് സൂക്ഷിക്കേണ്ടതാണ്. ■

*(ലേഖകൻ ഏജീസ് ഓഫീസിൽ സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു. ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ കൺസൾട്ടന്റാണ്*
*മൊബൈൽ : 9447454221*
*ഇ-മെയിൽ: ubkandeth@gmail.com)*

# ജനസേവനത്തിനൊരു വേറിട്ട മാതൃക

നമ്മുടെ പാർലമെന്റംഗങ്ങളും നിയമസഭാംഗങ്ങളുമൊക്കെ അവരവരുടെ പ്രദേശത്തെ ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടാനും പരിഹാരം കാണുവാനും ജനസേവനം കൃത്യതയോടെ ലഭ്യമാകുന്നു എന്നുറപ്പുവരുത്തുവാനും പ്രത്യേകം ഓഫീസുകൾ സജ്ജമാക്കി പ്രവർത്തിക്കുക സർവ്വസാധാരണമാണല്ലോ. ഇതിന്റെ ചുവടുപിടിച്ച്, കണ്ണൂർ ജില്ലയിലെ മലയോര മേഖലയിൽ സ്ഥിതിചെയ്യുന്ന എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാതമംഗലം പ്രദേശമായ 15-ാം വാർഡിനെ പ്രതിനിധീകരിക്കുന്ന മെമ്പർ മൻസൂർ തന്റെ പ്രദേശവാസികൾക്കെല്ലാം, തന്നെ ഏത് സമയത്തും വന്നുകാണാനും അവരുടെ പരാതികൾക്ക് ആവുന്നത്ര പരിഹാരം കാണുന്നതിനുമായി ഒരു ഓഫീസ് സജ്ജീകരിച്ച് പ്രവർത്തനമാരംഭിച്ചിരിക്കുകയാണ്.



*മൻസൂർ*

സാധാരണ നിലയിൽ പൊതുജനങ്ങളധികവും ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കായി വാർഡ് മെമ്പറെ തേടി വീടുകളിലും ജോലിസ്ഥലത്തും പഞ്ചായത്താഫീസിലും പാർട്ടി ഓഫീസിലുമൊക്കെ അന്വേഷിച്ച് നടക്കുന്ന കാഴ്ച സാധാരണമാണ്. ഇതിനൊരു പരിഹാരമെന്നോണമാണ് പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓഫീസ് തുറന്നു പ്രവർത്തിച്ചതെന്ന് മൻസൂർ പറയുന്നു. മെമ്പറുടെ ശുപാർശയോ മറ്റു എഴുത്തുകുത്തുകളോ സേവനങ്ങളോ ആവശ്യമുള്ളവർ മെമ്പറുടെ ആഫീസ് സന്ദർശിക്കുന്നു. ഗ്രാമപഞ്ചായത്ത് കൂടാതെ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, പോസ്റ്റാഫീസ്, പോലീസ് സ്റ്റേഷൻ, ആർ.എം.ഒ, വൈദ്യുതി ഓഫീസ് തുടങ്ങിയ ഓഫീസുകൾ സംബന്ധിച്ചുള്ള ആവശ്യങ്ങൾക്കും വാർഡ് മെമ്പറുടെ ഓഫീസിന്റെ സേവനം ഗ്രാമവാസികൾ ഉപയോഗപ്പെടുത്തി വരുന്നു. മാത്രമല്ല എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളെയും പങ്കെടുപ്പിച്ച് വാർഡിലെയും തൊട്ടടുത്ത പ്രദേശത്തിന്റെയും ഗ്രാമപഞ്ചായത്തിനെ മുഴുവൻ ബാധിക്കുന്നതുമായ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും പരിഹാരം കാണുവാനുമുള്ള ഒരു പൊതു വേദികൂടിയായി മെമ്പറുടെ ഓഫീസ് പ്രവർത്തിക്കുന്നു. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

## കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 2011 *ഒരെത്തിനോട്ടം (ഭാഗം - 2)*

*പേജ് 31ൽ നിന്നും*

കേൾക്കുകയും ചെയ്തശേഷം അപ്രകാരമുള്ള പ്രവൃത്തി നിർത്തിവെയ്ക്കാനോ, ഭേദഗതി വരുത്തുവാനോ, പൊളിച്ചു കളയുവാനോ, അനുവദിച്ച പെർമിറ്റ് പിൻവലിക്കുവാനോ സെക്രട്ടറിയോട് നിർദ്ദേശിക്കാൻ ചട്ടം 20(5) പ്രകാരം അധികാരമുണ്ട് എന്നു മാത്രമല്ല ഗവൺമെന്റിന് നേരിട്ടുതന്നെ ഉത്തരവ്പ്രകാരം പെർമിറ്റ് റദ്ദാക്കാനും പ്രവൃത്തി നിർത്തിവെയ്പ്പിക്കാനും അധികാരമുണ്ടായിരിക്കുന്നതുമാണ്. മേൽപ്രകാരം സർക്കാരിൽ നിന്നും സെക്രട്ടറിക്ക് നല്കുന്ന നിർദ്ദേശം നിശ്ചിത സമയത്തിനകം പാലിക്കപ്പെടുന്നില്ല എങ്കിൽ സർക്കാരിന് തന്നെ നേരിട്ടു അപ്രകാരമുള്ള നിർമ്മാണം ഭാഗികമായോ പൂർണ്ണമായോ പൊളിച്ച് നീക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതും അതിനു വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഈടാക്കാവുന്നതുമാണ് [ചട്ടം 20 (6)]. ഏതെങ്കിലും പ്രവർത്തനം നിയമവിരുദ്ധമാണെന്ന കാരണത്താൽ നിർത്തിവെയ്ക്കുന്നതിന് സെക്രട്ടറി നോട്ടീസ് നല്കിയിട്ടും അതിലെ നിർദ്ദേശം പാലിക്കപ്പെടുന്നില്ലെന്ന് കാണുന്ന പക്ഷം അപ്രകാരം പ്രവർത്തനം നടത്തുന്ന വ്യക്തികളേയും അവരുടെ സഹായികളെയും പ്രസ്തുത സ്ഥലത്തുനിന്നും മാറ്റി നിർത്തണമെന്ന് പോലീസ് അധികാരികളോട് ആവശ്യപ്പെടാവുന്നതും പോലീസ് അധികാരികൾ അതു പാലിക്കാൻ ബാധ്യസ്ഥരുമാണ് [ചട്ടം 21 (2)]. അപ്രകാരം പ്രവൃത്തി നിർത്തിവെച്ചശേഷം അതു പുനരാരംഭിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് അതിന്റെ പരിസരത്ത് നിരീക്ഷണം നടത്തുന്നതിനായി പഞ്ചായത്തിലെ ഏതെങ്കിലും ജീവനക്കാരനെ നിയോഗിക്കുകയോ, ഇക്കാര്യത്തിൽ പോലീസ് സഹായം ആവശ്യമാണെന്ന് രേഖാമൂലം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.

മേൽവിവരിച്ച കാര്യങ്ങളിൽ നിന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഉത്തരവാദിത്തത്തിന്റെ ഗൗരവം ബോധ്യമാവുമല്ലോ? പ്ലാനുകൾ അംഗീകരിക്കുകയും പെർമിറ്റ് നല്കുകയും ചെയ്യുമ്പോൾ നിലവിലുള്ള എല്ലാ നിയമങ്ങളിലെയും ചട്ടങ്ങളിലെയും സർക്കാർ നിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ കൃത്യമായി പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക തന്നെ വേണം. മാത്രമല്ല പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടക്കുന്ന ഏതൊരു നിർമ്മാണ പ്രവർത്തനവും ഭൂവികസനവും മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് നടക്കുന്നതെന്നും ഉറപ്പുവരുത്തണം. മറിച്ചുള്ള ഏത് സന്ദർഭത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും അതിന്റെ ഉത്തരവാദിത്വമുണ്ട്.

മേൽപ്പറഞ്ഞവ പൊതുവിൽ സെക്രട്ടറിമാരുടെ ചുമതലകളും ഉത്തരവാദിത്തവുമാണെങ്കിൽ, വ്യത്യസ്ത ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, ഉയരം കൂടിയ കെട്ടിടങ്ങൾ, ദുർബലവിഭാഗങ്ങൾക്കുള്ള വാസഗൃഹ നിർമ്മാണം, ചെറിയ തുണ്ടു ഭൂമിയിലുള്ള നിർമ്മാണം തുടങ്ങിയവയ്ക്ക് സവിശേഷമായ ചില നിബന്ധനകൾ കൂടി പരിശോധിക്കാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ■ (തുടരും)

*ലേഖകൻ പഞ്ചായത്ത് വകുപ്പിൽ ജോയിന്റ് ഡയറക്ടറാണ്*





# ചുരുങ്ങുന്ന വനങ്ങൾ തകരുന്ന ജീവിതങ്ങൾ




**ലോക പരിസ്ഥിതിദിനം**

**അജിത് വെണ്ണിയൂർ**

ജൂൺ അഞ്ച്-വീണ്ടും ഒരു ലോക പരിസ്ഥിതിദിനം. ഈ വർഷത്തെ പരിസ്ഥിതിദിനത്തിന് പ്രത്യേകതകൾ പലതുണ്ട്. അതിൽ പ്രധാനം ഈ ദിനാഘോഷത്തിന്റെ പ്രമേയമാണ്.

'വനം-പ്രകൃതി നിങ്ങളുടെ സേവനത്തിന്' എന്നതാണ് വിഷയം. ഐക്യരാഷ്ട്രസഭ 2011 അന്താരാഷ്ട്ര വനവർഷമായി ആചരിക്കാൻ ആഹ്വാനം നൽകിയിരിക്കുന്നു. ഇക്കൊല്ലം തന്നെ അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനമായ മെയ് 21ന്റെ മുഖ്യ ചർച്ചാപ്രമേയവും വനജൈവ വൈവിധ്യമാണ്.

2010 അന്താരാഷ്ട്ര ജൈവവൈവിധ്യവർഷമായും 2011 അന്താരാഷ്ട്ര വനവർഷമായും ആചരിക്കാൻ ഐക്യരാഷ്ട്രസംഘടന തീരുമാനിച്ചത് സുസ്ഥിരവികസനത്തിനുള്ള ആഗോളയജ്ഞങ്ങൾക്ക് ശക്തിപകരുക എന്ന ലക്ഷ്യത്തോടെയാണ്. വനങ്ങൾ മനുഷ്യനും ഭൂമിയിലെ മറ്റു ജീവജാലങ്ങൾക്കും നൽകുന്ന വിലമതിക്കാനാകാത്ത സേവനത്തെക്കുറിച്ച് മാനവരാശിയെ ഓർമ്മിപ്പിക്കുകയും സമൂഹ മനസ്സാക്ഷിയെ ഉണർത്തുകയും ചെയ്യുക എന്നതാണ് ഈ സംരംഭങ്ങളുടെയെല്ലാം മുഖ്യ ദൗത്യം.

### ഭയാനകമായ വസ്തുതകൾ

ജൈവവൈവിധ്യത്തിന്റെ കാര്യത്തിൽ ഏറെ സമ്പന്നമാണ് വനങ്ങൾ. ജീവിത വൈവിധ്യത്തെ മൂന്ന് വ്യത്യസ്ത തലങ്ങളിൽ- ജീനുകൾ, വർഗ്ഗങ്ങൾ, ആവാസവ്യവസ്ഥകൾ-വിശദീകരിക്കാനുപയോഗിക്കുന്ന പദമാണ് 'ജൈവവൈവിധ്യം'. എല്ലാ ജീവജാലങ്ങളും അതിന് ചുറ്റുമുള്ള ഓരോ വസ്തുവുമായും സംവദിക്കുന്നു എന്ന തിരിച്ചറിവാണ് ജൈവവൈവിധ്യം എന്ന സംജ്ഞയുടെ കേന്ദ്രബിന്ദു.

ആഗോളതലത്തിൽ 460 ദശലക്ഷം ഹെക്ടർ, അതായത് മൊത്തം വനപ്രദേശത്തിന്റെ 12 ശതമാനത്തിന്റെ പ്രാഥമിക ചുമതല ജൈവവൈവിധ്യസംരക്ഷണമാണെന്ന് പഠനങ്ങൾ പറയുന്നു.ഇതരഭൂമി അധിഷ്ഠിത ആവാസ വ്യവസ്ഥകളെ അപേക്ഷിച്ച് വനങ്ങൾ ജൈവപരമായി ഏറെ വൈവിധ്യപരമാണ്. വനങ്ങളെ സംരക്ഷിച്ച് നിലനിർത്തുകവഴി ഭൂമിയിലെ ജന്തു-സസ്യ വംശങ്ങളുടെ മൂന്നിലൊന്നിനെ പരിരക്ഷിക്കാൻ നമുക്ക് കഴിയും.

*3.5 ശതകോടി വർഷങ്ങളിലേറെയായുള്ള പരിണാമത്തിന്റെ ഫലമാണ് ഭൂമിയിൽ ഇന്നുള്ള ജീവജാലങ്ങളുടെ സമ്പന്നത. ഭൂമിയിലുണ്ടായ ആന്തരികമാറ്റങ്ങൾ, മഞ്ഞ്, യുഗം, അഗ്നി, വർഗങ്ങൾ തമ്മിലുള്ള സംവദിക്കൽ തുടങ്ങിയ ശക്തികളാണ് ഈ മാറ്റങ്ങൾക്ക് പിന്നിൽ. എന്നാലിന്ന് മനഷ്യൻ തന്നെ വൻതോതിൽ മാറ്റങ്ങൾ വരുത്തുകയാണ്. ഭൂമിയിലെ യഥാർത്ഥ വനങ്ങളുടെ 45 ശതമാനം നഷ്ടപ്പെട്ടുകഴിഞ്ഞു. ഇതിലേറെയും നഷ്ടമായത് കഴിഞ്ഞ നൂറ്റാണ്ടിലാണ്.*

*- ജൈവവൈവിധ്യ കൺവെൻഷൻ*

ജൈവവൈവിധ്യം നഷ്ടപ്പെടുന്നതിനുള്ള ഒരു പ്രധാന കാരണം വനനശീകരണമാണ്. പ്രതിവർഷം 13 ദശലക്ഷം ഹെക്ടർ വനങ്ങൾ-പോർച്ചുഗലിന്റെ വലിപ്പത്തിന് സമാനമായ ഭൂപ്രദേശം - ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവാണ് ഈ വിഷയത്തിന് ഊന്നൽ നൽകാനിടയാക്കിയത്. കൃഷി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണ് ഇതിനൊരു പ്രധാന കാരണം. ലോകത്താകമാനം 1999–2000 വരെ പ്രതിവർഷം 16 ദശലക്ഷം ഹെക്ടറും 2000–2010 വരെ പ്രതിവർഷം 13 ദശലക്ഷം ഹെക്ടറും വനഭൂമി മറ്റ് ആവശ്യങ്ങൾക്കായി മാറ്റിയിട്ടുണ്ട്. ഏകദേശം 13 ദശലക്ഷം ഹെക്ടർ, അതായത് ഗ്രീസ്, നിക്കാരാഗ്വ എന്നീ രാജ്യങ്ങളുടെ വലിപ്പത്തിലുള്ള വനപ്രദേശം നഷ്ടപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. ഉയർന്ന ജൈവവൈവിധ്യമൂല്യമുള്ള പ്രാഥമിക ഉഷ്ണമേഖലാ വനങ്ങളുടെ നശീകരണം ഭീകരമാംവിധം ഇപ്പോഴും തുടരുന്നു. പ്രതിവർഷം ആറു ദശലക്ഷം ഹെക്ടർ എന്ന തോതിലാണിത്.

**വനനശീകരണം തോത് കുറഞ്ഞു, പക്ഷേ ....**

The Global Resources Assignment (2010) എന്ന പഠന റിപ്പോർട്ടു പ്രകാരം വനനശീകരണത്തിന്റെ തോത് കഴിഞ്ഞ ദശകത്തിൽ ചെറുതായി കുറഞ്ഞിട്ടുണ്ട്. എന്നാൽ ജൈവവൈവിധ്യത്തെ സംബന്ധിച്ചിടത്തോളം ഇതിൽ സന്തോഷത്തിന് കാര്യമില്ല. കാരണം വച്ചുപിടിപ്പിക്കുന്ന വനങ്ങൾ പഴയ വനങ്ങളെ അപേക്ഷിച്ച് ജൈവവൈവിധ്യ മൂല്യത്തിന്റേയും വൃക്ഷങ്ങളുടെ ഇനങ്ങളുടേയും കാര്യത്തിൽ വളരെ ദരിദ്രമാണ്.





കരയിലെ വിവിധ വർഗ്ഗം ജീവജാലങ്ങളുടെ മൂന്നിൽ രണ്ടു ഭാഗം വനത്തിൽ ജീവിക്കുകയോ നിലനില്പിനായി വനത്തെ ആശ്രയിക്കുകയോ ചെയ്യുന്നവയാണ്. ഇന്ന് ശാസ്ത്രം കണ്ടെത്തിയിട്ടുള്ള സസ്യ-ജന്തു-പൂപ്പൽ ഇനങ്ങളുടെ എണ്ണം 1.75 ദശലക്ഷം വരും. 100 ദശലക്ഷം വ്യത്യസ്ത ഇനം സസ്യ-ജന്തു ജീവജാലങ്ങൾ ഉണ്ടാകാമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവയിലേറെയും ഉഷ്ണമേഖലാ മഴക്കാടുകളിലാണ്. ഈ വനജൈവവൈവിധ്യം ഭീതിജനകമാംവിധം നശിച്ചുകൊണ്ടിരിക്കയാണ്. ഉഷ്ണമേഖലാ വനങ്ങളിൽ ഏകദേശം നൂറോളം ജന്തു-സസ്യവർഗങ്ങൾ നിത്യവും നഷ്ടപ്പെട്ടുവരുന്നു.

മനുഷ്യന്റെ ജീവസന്ധാരണത്തിനും സുസ്ഥിര വികസനത്തിനും വനങ്ങളുടെ സമ്പന്നമായ ജൈവവൈവിധ്യം അനുപേക്ഷണീയമാണ്. ഉദാഹരണത്തിന് 2.6 ബില്യൻ ജനങ്ങൾക്ക് ഊർജത്തിനും പാചകത്തിനും വിറക് കൂടിയേ തീരു. ലോകബാങ്കിന്റെ കണക്കനുസരിച്ച് കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്ന 1.2 ബില്യൻ ജനങ്ങളുടെ 90 ശതമാനവും ജീവസന്ധാരണത്തിന് പ്രധാനമായും വനങ്ങളെയാണ് ആശ്രയിക്കുന്നത്.

മില്ലേനിയം ആവാസവ്യവസ്ഥാ അവലോകന പ്രകാരം ഏറെ പാവപ്പെട്ടവർ ഉൾപ്പെടുന്ന 300 ദശലക്ഷത്തോളമാളുകൾ അവരുടെ നിത്യവൃത്തിക്കും നിലനില്പിനും വന ആവാസവ്യവസ്ഥാ സേവനങ്ങളെയാണ് അവലംബിക്കുന്നത്. കാട്ട്കൊക്കോ, തേൻ, പശ, പരിപ്പ്, പഴങ്ങൾ, പൂക്കൾ, വിത്തുകൾ, വേട്ടയിറച്ചി തുടങ്ങിയ മരയിതര വനവിഭവങ്ങൾ, മനുഷ്യന്റെ ആഹാരാവശ്യങ്ങൾ, ഔഷധങ്ങൾ, തദ്ദേശസമൂഹങ്ങളുടെ സംസ്കാരവും മതാചാരങ്ങളും നിലനിർത്താൻ പര്യാപ്തമായ ഗൃഹനിർമ്മാണ വസ്തുക്കൾ എന്നിവയ്ക്കും വനങ്ങളെയാണ് നാം ആശ്രയിക്കുന്നത്.

വനങ്ങളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും പ്രസരിപ്പിനും അടിസ്ഥാനം ജൈവവൈവിധ്യമാണ്. ജനങ്ങളുടെ ജീവിതത്തിനും ക്ഷേമത്തിനും ആവശ്യമായ വിപുലമായ ആവാസവ്യവസ്ഥാ സേവനങ്ങൾക്കും ഇത് അത്യന്താപേക്ഷിതമാണ്.

**ചുരുങ്ങുന്ന പ്രാഥമിക വനങ്ങൾ, തകരുന്ന ആവാസവ്യവസ്ഥ**

മൊത്തം വനപ്രദേശത്തിന്റെ 30 ശതമാനം പ്രാഥമിക വനങ്ങളാണെന്നാണ് കണക്ക്. മനുഷ്യന്റെ ഇടപെടലുകൾ അധികമില്ലാത്ത, തദ്ദേശീയ ഇനം വൃക്ഷലതാദികൾ നിറഞ്ഞ വനങ്ങളാണിവ. അനവധി ജീവജാലങ്ങളാലും ഭൂതല ആവാസവ്യവസ്ഥകളാലും സമ്പന്നമായ പ്രാഥമിക വനങ്ങളുടെ വിസ്തീർണം കഴിഞ്ഞ 10 വർഷങ്ങളിൽ മരംവെട്ടും കാർഷിക പ്രവർത്തനങ്ങളും മൂലം 40 ദശലക്ഷം ഹെക്ടർ കണ്ട് കുറഞ്ഞു. എണ്ണപ്പനതോട്ടങ്ങളായും ഇതര കാർഷികവിള ഭൂമിയായും പ്രതിവർഷം 0.4 ശതമാനം വനഭൂമി മാറ്റപ്പെടുന്നു എന്ന് സാരം.

വാർഷിക ആഗോള അന്തരീക്ഷവാതകവ്യാപനത്തിന്റെ 15 ശതമാനം വനനശീകരണത്തിൽ നിന്നുണ്ടാകുന്നതാണ്. ഒരു ബില്യൻ ഹെക്ടർ അഥവാ മൊത്തം വനപ്രദേശത്തിന്റെ നാലിലൊന്ന് പുനഃസ്ഥാപിക്കേണ്ടത് അവയുടെ ഉല്പാദനക്ഷമതയും ആവാസവ്യവസ്ഥാ സേവനങ്ങളും മെച്ചപ്പെടുത്താൻ അനിവാര്യമാണ്. സുസ്ഥിര വികസനത്തിനും ഇത് അത്യന്താപേക്ഷിതമാണ്.

ആഗോളതലത്തിൽ ഓരോ വർഷവും മനുഷ്യൻ അന്തരീക്ഷത്തിലേക്ക് വിടുന്ന കാർബൺ ഡൈഓക്സൈഡിന്റെ 15 ശതമാനത്തോളം നിലവിലുള്ള വനങ്ങളെ നിർവീര്യമാക്കുന്നു. ഉഷ്ണമേഖലാ വനങ്ങൾ വൻതോതിലുള്ള ജലബാഷ്പീകരണത്തിലൂടെ ഭൂമിയെ തണുപ്പിക്കുകയും സൂര്യപ്രകാശത്തെ ബഹിരാകാശത്തേക്കുതന്നെ പ്രതിബിംബിപ്പിക്കുന്ന മേഘങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്നു. ആമസോൺ മഴക്കാടുകൾ മാത്രം ഓരോവർഷവും ഏകദേശം എട്ട് ട്രില്യൺ ടൺ ജലബാഷ്പം അന്തരീക്ഷത്തിലേക്ക് തള്ളുന്നുണ്ട്.

**അനിയന്ത്രിത ഉപയോഗം ആപത്ത്**

Global Partnership on Forest Landscape Restoration-ന്റെ കണക്കനുസരിച്ച് ഒരു ബില്യൻ ഹെക്ടർ വനങ്ങൾ, അതായത് വനഭൂമിയുടെ നാലിലൊന്ന്, അധഃപതിച്ച അവസ്ഥയിലാണ്. അധഃപതിച്ച വനങ്ങൾ എന്നാൽ ആവാസവ്യവസ്ഥാ സേവനങ്ങൾ നൽകാനുള്ള യഥാർത്ഥ കഴിവ് നഷ്ടപ്പെട്ടവ എന്നർത്ഥം. കീട-രോഗ ആക്രമണങ്ങൾക്കും കാലാവസ്ഥാ വ്യതിയാനത്തിനും ഇവ പെട്ടെന്ന് കീഴ്പ്പെടും. അന്തരീക്ഷത്തിൽ നിന്ന് കാർബൺ പിടിച്ചെടുക്കാനുള്ള കഴിവും ഈ വനങ്ങൾക്ക് ക്രമേണ കുറഞ്ഞുവരും. ഇവ പുനഃസ്ഥാപിക്കേണ്ടതുണ്ട്. ഇവ വിജയകരമായി പുനഃസ്ഥാപിക്കപ്പെട്ടാൽ അത് ജനങ്ങൾക്കും ജൈവവൈവിധ്യത്തിനും ഒരുപോലെ പ്രയോജനകരമാവും.



ജൈവവൈവിധ്യ ആവാസവ്യവസ്ഥകൾ ആവാസവ്യവസ്ഥാ സേവനങ്ങൾ നിലനിർത്തുക മാത്രമല്ല അവയുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. The Economics of Ecosystems and Biodiversity (TEEB) പഠനപ്രകാരം ലോകത്തിലെ ദേശീയ പാർക്കുകളും സംരക്ഷിത പ്രദേശങ്ങളും ഓരോ വർഷവും ഉല്പാദിപ്പിക്കുന്ന സമ്പത്ത് അഞ്ച് ട്രില്യൺ അമേരിക്കൻ ഡോളറിന് തുല്യമാണ്.

അതേസമയം ആവാസവ്യവസ്ഥാ സേവനങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം പ്രകൃതിദത്തമായ മൂലധനത്തെ ഇല്ലാതാക്കുകയും അവസാനം ആവാസവ്യവസ്ഥാ സാധനങ്ങളുടേയും സേവനങ്ങളുടേയും ഉറവ വറ്റിപ്പോവുകയും ചെയ്യും. ജൈവവൈവിധ്യത്തിന്റെ അളന്ന് തിട്ടപ്പെടുത്താവുന്ന നഷ്ടം ഓരോ വർഷവും ഒന്നു മുതൽ നാലു വരെ ട്രില്യൺ അമേരിക്കൻ ഡോളറാണെന്നാണ് കണക്കാക്കപ്പെടുന്നത്. കാലാവസ്ഥാ വ്യതിയാനത്തെ നിയന്ത്രിക്കാനും ആവാസവ്യവസ്ഥാ സേവനങ്ങൾ ഉറപ്പുവരുത്താനും ജൈവവൈവിധ്യസമ്പന്നമായ ആവാസവ്യവസ്ഥകൾ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

**വനജൈവവൈവിധ്യം പുനഃസ്ഥാപിക്കാൻ**

വനങ്ങൾ അപ്രത്യക്ഷമാകുന്നതിനുള്ള ഒരു കാരണം അവയുടെ പ്രാധാന്യം നാം മനസിലാക്കാത്തതും അവ നൽകുന്ന ആവാസ വ്യവസ്ഥാ സേവനങ്ങൾ വിലകുറച്ചു കാണുന്ന നമ്മുടെ വിപണിസമ്പദ്വ്യവസ്ഥയുമാണ്. ഭൂമിയുടെ തന്നെ ജീവൻ നിലനിർത്തുന്ന ഈ സമ്പത്ത് നഷ്ടപ്പെടാതിരിക്കണമെങ്കിൽ അതിന്റെ മൂല്യങ്ങൾ പൂർണ്ണതോതിൽ നാം മനസിലാക്കുകയും മനുഷ്യന്റെ ജീവിതത്തിലും വികസനത്തിലും അതിനുള്ള പ്രാധാന്യം തിരിച്ചറിയുകയും വേണം. ജലശുദ്ധീകരണം, ഓക്സിജൻ ലഭ്യമാക്കൽ, ആത്മീയ-സാംസ്കാരിക നേട്ടങ്ങൾ തുടങ്ങി നിരവധി ആവാസവ്യവസ്ഥാ സേവനങ്ങളിലൂടെ വന ജൈവവൈവിധ്യം മനുഷ്യക്ഷേമത്തെ സുസ്ഥിരമാക്കുന്നു. പല തദ്ദേശീയ സമൂഹങ്ങളുടേയും സംസ്ക്കാരവും അസ്തിത്വവും വനം ജൈവവൈവിധ്യത്തിൽ അധിഷ്ഠിതമാണ്.

നമുക്ക് ആഹാരം, ജലം, പാർപ്പിടം തുടങ്ങിയ അത്യന്താപേക്ഷിതമായ ആവാസവ്യവസ്ഥാ സേവനങ്ങൾ നൽകുന്ന വനങ്ങളുടെ നാശോന്മുഖമായ ജൈവവൈവിധ്യം വിജയകരമായി പുനഃസ്ഥാപിക്കാൻ അവയെ നാശത്തിലേക്ക് നയിച്ച ഘടകങ്ങൾ കണ്ടെത്തി ഫലപ്രദമായി നിയന്ത്രിക്കുകയാണ് വേണ്ടത്. വനജൈവവൈവിധ്യത്തിന്റെ സുസ്ഥിര സ്വഭാവം നിലനിർത്തുന്നതിലും പാരിസ്ഥിതിക വിനിയോഗം പരിമിതപ്പെടുത്തുന്നതിലും അതിന്റെ മുഖ്യ ഉപഭോക്താക്കളായ മനുഷ്യർക്ക് പ്രധാന ഉത്തരവാദിത്വമുണ്ട്.

സമ്പന്നമായ വന ജൈവസ്രോതസുകൾ ബുദ്ധിപൂർവ്വം വിനിയോഗിച്ചാൽ സാമ്പത്തികവും സാമൂഹികവും സാംസ്ക്കാരികവുമായ വൻ നേട്ടങ്ങളുണ്ടാക്കാൻ കഴിയും. വിലപ്പെട്ട ഈ പ്രകൃതിസമ്പത്തിന്റെ നശീകരണം ജനങ്ങൾക്ക്, പ്രത്യേകിച്ച് വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന പാവപ്പെട്ടവർക്ക്, ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. ലോകമെമ്പാടും ഇതു തിരിച്ചറിയുന്ന ജനങ്ങൾ ദേശീയ, മേഖലാ, പ്രദേശികതലങ്ങളിൽ വന ജൈവവൈവിധ്യസംരക്ഷണത്തിന് ഒറ്റയ്ക്കും കൂട്ടായും ശ്രമിച്ചുവരുന്നുവെന്നത് ശുഭോദർക്കമാണ്. അവരുടെ അനുഭവങ്ങളും വിജയകഥകളും പരസ്പരം പങ്കുവയ്ക്കുന്നത് ഈ പരിശ്രമങ്ങൾ വ്യാപിപ്പിക്കാനും ശക്തിപ്പെടുത്താനും സഹായിക്കും.

വേണ്ടത്ര രാഷ്ട്രീയ ഇഛാശക്തി ഉണ്ടെങ്കിൽ വന ജൈവവൈവിധ്യം വിജയകരമായി സംരക്ഷിക്കാനും സ്ഥായിയായി വിനിയോഗിക്കാനും നമുക്ക് സാധിക്കുമെന്നതിന് ഏറെ തെളിവുകൾ നമ്മുടെ മുന്നിലുണ്ട്. വനങ്ങളേയും ആവാസവ്യവസ്ഥയേയും സംരക്ഷിക്കാനുള്ള ശ്രമത്തിൽ സർക്കാരുകളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും സ്വകാര്യമേഖലയുടേയുമെല്ലാം തുല്യപങ്കാളിത്തം അനിവാര്യമാണ്. ■

*(അവലംബം: www.un.org/en/events/iyof2011)*

*ലേഖകൻ കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ ഐ.ഇ.സി. എക്സ്പർട്ടാണ്.*


**അയ്യായിരത്തിലധികം വാണിജ്യ ഉല്പന്നങ്ങൾക്കടിസ്ഥാനം വന ജൈവവൈവിധ്യമാണ്. ഇലകൾ വാറ്റിയെടുക്കുന്ന ആരോമാറ്റിക് ഓയിൽ, ഹെർബൽ മരുന്നുകൾ, ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ തുടങ്ങിയവയെല്ലാം ഇവയിലുൾപ്പെടും.**

**ഭൂമിയിലെ കരപ്രദേശത്തിന്റെ 31 ശതമാനം വനമാണ്. ഇത് നാല് ബില്യൻ ഹെക്ടർ വരും. ലോകമാസകലമുള്ള കരപ്രദേശത്തെ ജീവജാലങ്ങളുടെ മൂന്നിൽ രണ്ട് ഇവിടെയാണ് അധിവസിക്കുന്നത്. ആമസോൺ നദീതടത്തിൽ മാത്രം കരജീവികളുടെ 25 ശതമാനം വസിക്കുന്നു. ലോകത്തെ വനപ്രദേശത്തിന്റെ 53 ശതമാനം ബ്രസീൽ, ചൈന, കാനഡ, റഷ്യൻ ഫെഡറേഷൻ, അമേരിക്ക എന്നീ അഞ്ച് രാജ്യങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്.**

**ലോകമെമ്പാടുമുള്ള ആറ് ശതകോടിയിലധികം ജനങ്ങൾ ജീവസന്ധാരണത്തിനായി വനങ്ങളെ ആശ്രയിക്കുന്നു. 300 ദശലക്ഷം മനുഷ്യരുടെ ഭവനം തന്നെ വനങ്ങളാണ്. വികസ്വരരാജ്യങ്ങളിലെ 80 ശതമാനമാളുകൾ പാരമ്പര്യ ഔഷധങ്ങളെ ആശ്രയിക്കുന്നവരാണ്. ഈ ഔഷധങ്ങളുടെ പകുതിയും ഉഷ്ണമേഖലാ വനങ്ങളിലെ സസ്യങ്ങളിൽ നിന്ന് എടുക്കുന്നതാണ്.**

**ലോകത്ത് ലഭ്യമായിട്ടുള്ള ശുദ്ധജലത്തിന്റെ നാലിൽ മൂന്നു ഭാഗം വനങ്ങളിലെ നീർമറികളിൽ നിന്നാണ് ലഭിക്കുന്നത്. വികസ്വര രാജ്യങ്ങളിലെ മൂന്നിൽരണ്ടുഭാഗം വൻകിടനഗരങ്ങളിലും ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നത് വനങ്ങളിൽ നിന്നത്രെ.**





# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 18



റോയ് ചാക്കോ ഇളമണ്ണൂർ




മറ്റ് നഗരങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിത്യജീവിതച്ചെലവ് ഡൽഹിയിൽ വളരെ കൂടുതലാണെന്ന് പറയാൻ സാധിക്കില്ല. എന്നാൽ കേരളത്തിലെയോ തമിഴ്നാട്ടിലെയോ പോലെ ഇടത്തരം ചായക്കടകളും ഹോട്ടലുകളും ഈ നഗരത്തിൽ വളരെ കുറവാണ് എന്നൊരു ദോഷമുണ്ട്. പ്രത്യേകിച്ചും ദക്ഷിണേന്ത്യൻ ആഹാരങ്ങൾ ലഭിക്കുന്ന ഹോട്ടലുകൾ. എന്നാൽ വടക്കേന്ത്യൻ ആഹാരം ലഭിക്കുന്ന ചെറിയ സ്റ്റാളുകൾ മിക്ക ഇടങ്ങളിലുമുണ്ട്. ചപ്പാത്തിയും സബ്ജിയും (പച്ചക്കറികൾ കൊണ്ടുള്ള കൂട്ടുകറി) ഒരു ജിലേബിയും ഒരു പച്ചപ്പഴവും ഉച്ചയൂണായും അത്താഴമായും കഴിച്ച് ജീവിക്കുവാൻ, പ്രത്യേകിച്ചും മലയാളികൾക്ക്, ബുദ്ധിമുട്ടു തന്നെയാണല്ലോ.

ഒരു മുറിയും ഒരു ചെറിയ അടുക്കളയും ഒരു ചെറിയ ബാത്ത്റൂമും ചേർന്ന് പ്രതിമാസം 5000 രൂപയാണ് ഡൽഹിയിലെ ഏറ്റവും കുറഞ്ഞ വാടക. അതായത് ഒരു ചെറിയ കുടുംബത്തിന് മിതമായ സൗകര്യത്തോടെ വാടകയ്ക്ക് താമസിക്കണമെന്നുണ്ടെങ്കിൽ 10000 രൂപ ഒരുമാസം വാടകയിനത്തിൽ തന്നെ ചെലവാക്കണം. ഇന്ത്യയിലെ എല്ലാ വൻനഗരങ്ങളിലും വീട്ടുവാടക ഈ രീതിയിലൊക്കെയായതിനാൽ ഡൽഹിയിൽ വാടകത്തുക ഭീമാകാരമെന്ന് പറയാൻ സാധിക്കില്ല. മലയാളികൾ നടത്തുന്ന നിരവധി കടകൾ ഈ മഹാനഗരത്തിലെ എല്ലാ പട്ടണങ്ങളിലും റെസിഡൻഷ്യൽ മേഖലകളിലും ഉള്ളതിനാൽ കേരളത്തിലെ എല്ലാ സാധന സാമഗ്രികളും അല്പം വില കൂടിയാണെങ്കിലും ഡൽഹിയിൽ വാങ്ങുവാൻ സാധിക്കും. അതിൽ ചക്കയ്ക്കാണ് വലിയ ഡിമാന്റെന്നു തോന്നുന്നു. ഇവിടെ ഇരുപതും മുപ്പതും രൂപയ്ക്ക് ലഭിക്കുന്ന നല്ല വരിക്കച്ചക്ക ഡൽഹിയിലെത്തുമ്പോൾ 500 രൂപയോളം അടുത്താകുന്നു വില. ചക്കപ്പഴത്തിന്റെ 250 ഗ്രാമിനും 500 ഗ്രാമിനുമൊക്കെയാണ് അവിടെ വില പറയുന്നത്. കേരളത്തിൽ നിന്ന് തുച്ഛമായ വിലയ്ക്ക് തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്ന വരിക്കച്ചക്കയ്ക്ക് ഇവിടെ ലഭിക്കുന്നതിന്റെ പത്തിരട്ടി വിലവരെ അവിടെ ഉയരാറുണ്ട്. പുനലൂരിൽ നിന്നും ഒരു വരിക്കച്ചക്ക 25 രൂപയ്ക്കു വാങ്ങി 50 കിലോമീറ്റർ അകലെ തമിഴ്നാട്ടിലെ തെങ്കാശിയിലെത്തിച്ചാൽ ഏറ്റവും കുറഞ്ഞത് ഒരു ചക്കയ്ക്ക് 100 രൂപ കച്ചവടക്കാരന് ലാഭം കിട്ടും. മലയാളി നടത്തുന്ന പലചരക്കു കടയിൽ ചക്കയും ചീനിയും (കപ്പ) എത്തി എന്നറിഞ്ഞാൽ തൊട്ടടുത്ത ക്വാർട്ടേഴ്സുകളിൽ നിന്നും ഫ്ളാറ്റുകളിൽ നിന്നും മലയാളികളെത്തി അപ്പോഴേ വാങ്ങിച്ചുകൊള്ളും. തേങ്ങ അവിടെ 14 രൂപയ്ക്ക് ലഭിക്കുന്നു. മരച്ചീനി അവിടെ കിലോയ്ക്ക് 18 രൂപയ്ക്ക് ലഭിക്കും. വടക്കേന്ത്യയാണെങ്കിലും ജ്യൂസുകൾക്ക് വിലക്കുറവില്ല. മുസംബി ജ്യൂസ് ഒരു വലിയ ഗ്ലാസിൽ കിട്ടണമെങ്കിൽ 20 രൂപ നൽകണം. അതായത് കേരളത്തിലെ വില തന്നെയാണ് ഡൽഹിയിലും. കരിമ്പിൻ ജ്യൂസിനും 10 മുതൽ 15 രൂപ വരെ വിലയുണ്ട് ഒരു ഗ്ലാസിന്. വഴിയിലുള്ള ഉന്തുവണ്ടിക്കാരനിൽ നിന്ന് ഉപ്പുചേർത്ത ഒരു ചെറിയ ഗ്ലാസ് നാരങ്ങാ വെള്ളം വാങ്ങിക്കുടിച്ചാലും 5 രൂപ നൽകണം. മീൻചന്തയിൽ മീൻ മുറിച്ചു നൽകുന്നതിന് 5 രൂപ സർവീസ് ചാർജ് നൽകണം. മീനിനും ഡൽഹിയിൽ വിലക്കുറവില്ല. പച്ചക്കറികൾക്ക് സീസൺ വരുമ്പോൾ ഗണ്യമായി അവിടെ വില കുറയും. അപ്പോൾ കേരളത്തിലും സ്വാഭാവികമായും വിലക്കുറവ് അനുഭവപ്പെടാറുണ്ട്. കേരളത്തിലെ ഹോട്ടലുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഡൽഹിയിലുള്ള ഇടത്തരം മലയാളി ഹോട്ടലുകളിൽ ന്യായമായ നിരക്കു മാത്രമേയുള്ളൂ. പെറോട്ടയും ഇഡലിയും ദോശയുമൊക്കെ 5 രൂപയ്ക്ക് ലഭിക്കും. സാധാരണ ഊണിന് 40 രൂപ നൽകണം. മീൻകറി വാങ്ങിയാൽ അത്രയും രൂപ കൂടി നൽകണം. ബിരിയാണിക്ക് ശരാശരി 100 രൂപയാണ് വില. ചിക്കൻകറിക്കും ചിക്കൻ ഫ്രൈയ്ക്കുമൊക്കെ ഏതാണ്ട് 100 രൂപയോളമെത്തി. ഉഴുന്നുവട, പരിപ്പുവട എന്നിവ 6 രൂപയ്ക്കു ലഭിക്കുമെങ്കിലും മസാലദോശയ്ക്ക് 35 രൂപയാണ് ഡൽഹിയിലെ ചില മലയാളി ഹോട്ടലുകളിലെ വില. മലയാളികൾ തിങ്ങിവസിക്കുന്ന സ്ഥലങ്ങളിലെ ഹോട്ടലുകളിലാണ് ഈ നിരക്ക്. എന്നാൽ നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിലുള്ള ഹോട്ടലുകളിൽ ഈ തുകയ്ക്ക് കിട്ടുകയില്ല.

മിക്ക കടകളിലും വില പേശിയാണ് സാധനങ്ങൾ വാങ്ങുന്നത്. പ്രത്യേകിച്ചും മാർക്കറ്റുകളിലെ കടകളിൽ. ബെൽറ്റ്, ബാഗ്, കൂളിംഗ് ഗ്ലാസ് തുടങ്ങിയവയ്ക്കൊക്കെ വിൽക്കാനുദ്ദേശിക്കുന്നതിന്റെ നാലിരട്ടി വില ചോദിക്കുക പതിവാണ്. 500 രൂപ വില ചോദിക്കുന്ന സാധനം 200 രൂപയ്ക്കും ലഭിക്കും. എന്നാൽ fixed price എന്ന് എഴുതിവച്ചിരിക്കുന്ന കടകളും കാണാം. എല്ലാ പ്രമുഖ കമ്പനികളുടെയും ഡൂപ്ലിക്കേറ്റ് സാധനങ്ങൾ യഥേഷ്ടം ലഭ്യമാണ്. റോഡിലൂടെ കൊണ്ടു നടന്നു വിൽക്കുന്ന ബാഗുകൾക്ക് 450 രൂപയായിരിക്കും വില ചോദിക്കുക. 250 രൂപയ്ക്ക് വില പേശി വാങ്ങാം. 900 രൂപ വില ചോദിക്കുന്ന ട്രാവൽബാഗിന് 250 രൂപ തരാമെന്നു പറഞ്ഞാലും ചിലപ്പോൾ കിട്ടിയെന്നിരിക്കും. പക്ഷേ, പ്രമുഖ കമ്പനിയുടേതെന്ന് അവകാശപ്പെട്ടു വിൽക്കുന്ന സാധനം തീർച്ചയായും ഡ്യൂപ്ലിക്കേറ്റ് ആയിരിക്കും. ചിലപ്പോൾ പ്രമുഖ കമ്പനിയുടെ ബ്രാൻഡ് നെയിമിന്റെ ഒരക്ഷരം തെറ്റിച്ചുള്ള ബ്രാൻഡ് നെയിമായിരിക്കും ബാഗിൽ കാണുന്നത്. ഒറ്റ നോട്ടത്തിൽ മനസ്സിലാകുകയില്ല. വലിയ കമ്പനിയുടെ അതേ പേരിൽ ഡ്യൂപ്ലിക്കേറ്റ് സാധനങ്ങളും ലഭ്യമാണ്. അതിനാൽ ഡൽഹിയിൽ ഷോപ്പിംഗിനു പോകുമ്പോൾ നഗരത്തെ പരിചയമുള്ള ഒരാൾ കൂടിയില്ലെങ്കിൽ കബളിപ്പിക്കലിനിരയാകും.

തെരുവിലൂടെ നടക്കുമ്പോൾ ചില പയ്യന്മാർ അവരുടെ മുതലാളിയുടെ കടയിലേക്ക് പിടിച്ചു വലിച്ചുകൊണ്ട് പോയെന്നിരിക്കും. ക്യാൻവാസ് ചെയ്യാനുള്ള പയ്യന്മാർ കേരളത്തിലെ ചില പട്ടണങ്ങളിലെ ചില കടകൾക്കു മുൻപിലും കാണാം.

വടക്കേന്ത്യക്കാരുടെ ഇഷ്ടഭോജനമായ 'റൊട്ടി' (ചപ്പാത്തി) കച്ചവടം നടത്തുന്ന തട്ടുകടക്കാരെ ഓഫീസുകളുടെ മുൻപിലും ജംഗ്ഷനുകളിലുമൊക്കെ കാണാം. പലരും ഇവിടെ നിന്നാണ് 'ഉച്ചയൂണ്' കഴിക്കുന്നത്. ഈ 'ഡ്രൈഡ് ഫുഡി'നോട് കേരളീയർക്ക് തീരെ താൽപര്യമില്ലാത്തതിനാൽ ഇവിടെയെത്തുന്ന മലയാളികൾക്ക് ആഹാരം നൽകാൻ ബന്ധുക്കളോ സുഹൃത്തുക്കളോ ഇല്ലെങ്കിൽ അവരുടെ ആഹാരക്കാര്യം ഗതികേടിലായതു തന്നെ. ഉച്ചയൂണിനായി രണ്ട് ചപ്പാത്തി ഒരു പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ് പോക്കറ്റിലിട്ടുകൊണ്ട് ജോലിക്കുപോകുന്ന തൊഴിലാളികൾക്ക് കൂടുതൽ കറികളെപ്പറ്റിയോ ചോറിനെപ്പറ്റിയോ ഒന്നും ചിന്തിക്കേണ്ടി വരുന്നതേയില്ല. ചപ്പാത്തി കഴിച്ച് കുറച്ച് 'ഠണ്ഡാപാനി' (തണുത്ത വെള്ളം) അകത്താക്കിയാൽ അവിടെയുള്ളവർക്ക് ഉച്ചയൂണ് കെങ്കേമം തന്നെ. ഡൽഹിയുടെ പല ഭാഗങ്ങളിലും തമിഴ്നാട്ടുകാരുടെ ഹോട്ടലുകൾ പണ്ടേയുണ്ടായിരുന്നു. എന്നാൽ എല്ലായിടത്തും തമിഴ്ഹോട്ടലുകൾ ഇല്ലാഞ്ഞതിനാൽ ദക്ഷിണേന്ത്യൻ ആഹാരത്തിനായി 10 കിലോമീറ്റർ വരെ യാത്ര ചെയ്യേണ്ടുന്ന അവസ്ഥ മുൻപുണ്ടായിരുന്നത് ഇപ്പോഴും തുടരുന്നു. ഉദാഹരണമായി കുത്തബ്മിനാർ സ്ഥിതിചെയ്യുന്ന 'മെഹ്റോളി'യിലെത്തുന്നവർക്ക് അല്ലെങ്കിൽ ആ ഭാഗത്തുള്ളവർക്ക് ഇഡലിയും മറ്റും വേണമെന്നുണ്ടെങ്കിൽ 4 കിലോമീറ്റർ അകലെയുള്ള 'യൂസഫ് സരായ്'യിലോ 5 കിലോമീറ്റർ അകലെയുള്ള 'മദൻഗീറി'ലോ എത്തണം. ഇവിടങ്ങളിലുള്ള ദക്ഷിണേന്ത്യൻ ഹോട്ടലുകളെപ്പറ്റി അറിയണമെന്നുണ്ടെങ്കിൽ ഡൽഹിയിൽ നല്ല പരിചയം വേണം. കാരണം ഇവയൊക്കെ തീരെ ചെറിയ ഹോട്ടലുകളാണ്.



റോഡിന്റെ സൈഡിലിരുന്ന് ഒരു പാത്രത്തിൽ ചായയുണ്ടാക്കി വിൽക്കുന്ന ചായക്കച്ചവടക്കാരും ഇവിടെയുണ്ട്. ഇഞ്ചിയിട്ട് നല്ല കടുപ്പത്തിലുള്ള ചായയും ലഭിക്കും. പക്ഷേ ചായ പാത്രത്തിന്റെ 'വൃത്തി' കണ്ടാൽ മനസ്സോടെ ചായ കുടിക്കാൻ സാധിക്കില്ല എന്നതാണ് സത്യം. ചായക്കറകൊണ്ട് പാത്രത്തിന്റെ അകമൊക്കെ ഇരുണ്ട് കറുത്തിരിക്കും. തൊണ്ട നനയാനുള്ള ചായയേ കിട്ടുകയുള്ളു. താൽക്കാലിക ഷെഡിനുള്ളിലെ അല്ലെങ്കിൽ കോർപ്പറേഷന്റെ ബങ്കുകൾക്കുള്ളിലെ 'ടീ ബാറു'കളിൽ സമൂസ, മാവിൽ മുക്കി പൊരിച്ചെടുത്ത ബ്രെഡ്, ബ്രെഡ്- ഓംലെറ്റ് എന്നിവയും ലഭിക്കും. ഇത്തരം കച്ചവടക്കാർ ഓഫീസ് കോംപ്ലക്സുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെയൊക്കെ സമീപത്ത് പ്രവർത്തിക്കുന്നുണ്ട്. ■

(തുടരും...)

*(ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്)*



പഞ്ചായത്ത് രാജ്

പുസ്തക പരിചയം

# ഗ്രാമജീവിത കഥാനാടകഭൂവിൽ ഖനനം ചെയ്യുമ്പോൾ



**കാർഷികാചാരങ്ങൾ കാഴ്ചയും വിചാരവും**
**മുരളീധരൻ തഴക്കര**

പ്രസാധകർ : സാഹിത്യപ്രവർത്തക സഹകരണസംഘം
നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം
വില : ₹ 100.00

**പ്രൊഫ. എ.ജി. ഒലീന**

ഒരു ജനതയുടെ സംസ്ക്കാര പാരമ്പര്യമെന്നാൽ അതാതിടങ്ങളിലെ ജനജീവിതത്തിന്റെ അടിവേരുകളാണ്. ഈ അടിവേരുകൾ നഷ്ടമാകുമ്പോൾ ജീവിതവും ജീവിത ക്രമവും തകിടം മറിയുകയും ജീവിത സാഹചര്യം തന്നെ താറുമാറാകുകയും ചെയ്യും. ഈയൊരു തിരിച്ചറിവ് ഇന്നത്തെ ജനതാ പഠനത്തെ നിർണ്ണായകമായി സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ജനതാ പഠനത്തിന് വംശീയ പഠനങ്ങളും പ്രാദേശിക പഠനങ്ങളും ഒരുപോലെ അനിവാര്യമാകുകയും ചെയ്യുന്നു.

വംശീയ സംസ്ക്കാരവും പ്രാദേശിക സംസ്ക്കാരവും സംസ്ക്കാരങ്ങളായി വിലയിരുത്തപ്പെട്ടുകൊണ്ടുള്ള നിരവധി പഠനങ്ങൾ നമ്മുടെ ഭാഷയിലും നടന്നുവരുന്നു. ജനതാപഠനം അക്കാദമിക രംഗത്തു ഗൗരവമുള്ള പഠനഗവേഷണ മാതൃകയായി ഇതിനകം വികസിച്ചു കഴിഞ്ഞിട്ടുണ്ട്. പക്ഷേ ചിലപ്പോഴെങ്കിലും നമ്മുടെ അക്കാദമിക പഠനങ്ങൾ ഉപരിപ്ലവമോ സിദ്ധാന്തപരമോ ആയിപോകുന്നുവെന്ന പരിമിതി അവഗണിക്കാവുന്നതല്ല. നാട്ടറിവുകളും വിശ്വാസങ്ങളും ആചാരങ്ങളും ജനജീവിതത്തിന്റെ അടിസ്ഥാന ബോധത്തിലും ആഴങ്ങളിലും വിന്യസിക്കപ്പെട്ടിരിക്കുന്നതെങ്ങനെയെന്നും അവയൊക്കെ എപ്രകാരം അന്യമായിപ്പോകുന്നുവെന്നുമുള്ള അന്വേഷണം അതുകൊണ്ടുതന്നെ പ്രധാനവുമാണ്.

ജീവിത സംസ്ക്കാരങ്ങളിൽ കാലാനുസൃതമായി സംഭവിക്കുന്ന മാറ്റങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് ഈ വർത്തമാനങ്ങളെ സമന്വയിപ്പിക്കണമെങ്കിൽ തീർച്ചയായും ഭൂതകാല ജ്ഞാന മാതൃകകളെ വർത്തമാനത്തിലേക്ക് പുനരാനയിക്കേണ്ടതുണ്ട്. നമ്മുടേതുപോലൊരു കാർഷിക സംസ്കൃതിയിൽ ജനജീവിതത്തെ നിർണ്ണയിച്ചിരുന്ന നാട്ടറിവുകളുടെ വറ്റാത്ത സ്രോതസ്സുകളെ വർത്തമാനചരിത്രത്തിലേക്ക് പുനരാനയിക്കുക എന്നതു കൃത്യമായും ഒരു സാംസ്ക്കാരിക ദൗത്യമാണ്. അത്തരമൊരു സാംസ്ക്കാരിക ദൗത്യം കഴിഞ്ഞ ഇരുപത്തഞ്ചിലധികം വർഷങ്ങളായി നിരന്തരം നിർവ്വഹിച്ചുവരുന്ന ഒരു മാധ്യമ പ്രവർത്തകനാണ് മുരളീധരൻ തഴക്കര. നാട്ടുവഴക്കത്തിന്റെയും നാട്ടറിവുകളുടെയും ഗതകാലസ്മൃതികളെ അനാവരണം ചെയ്യുന്ന ഈടുറ്റ ഒരു പുസ്തകമാണ് 'കാർഷികാചാരങ്ങൾ-കാഴ്ചയും വിചാരവും'. കേരള സംസ്ക്കാരത്തിന്റെ ഈടുവെയ്പ്പുകളന്വേഷിക്കുന്ന മറ്റേതൊരു പഠിതാവിനെയുംപോലെ മുരളീധരന്റെ ശ്രദ്ധയും നമ്മുടെ കാർഷിക സംസ്ക്കാരത്തിലെത്തിച്ചേരുകയാണ്. അതുവഴി കേവലം തൊഴിൽ സംസ്ക്കാരത്തിന്റെ ഭാഗം മാത്രമായിട്ടല്ലായെന്ന് ഈ പുസ്തകവും തെളിയിക്കുന്നു. ഓണാട്ടുകരയുടെ കാർഷികാചാരങ്ങളിലേക്ക് അന്വേഷണ വ്യഗ്രതയോടെ നടന്നുകയറുന്ന ഒരു കർഷക മനസ്സ് ഓരോ വാക്കിലും വരിയിലും നിറഞ്ഞുനിൽക്കുന്നുവെന്നാണ് 'കാർഷികാചാരങ്ങൾ-കാഴ്ചയും വിചാരവും' എന്ന പുസ്തകത്തിന്റെ വ്യതിരിക്തത, നമ്മുടെ നാടിന്റെ തനതു സാംസ്കാരിക മുദ്രകളെയും തനിമകളെയും കട്ടെടുത്തും കടപുഴക്കിയും അന്യമാക്കുന്ന പുത്തൻ കമ്പോള സംസ്കൃതിയെ പ്രതിരോധിക്കാൻ നമുക്കിത്തരം പുസ്തകങ്ങൾ കൂടിയേതീരൂ. സാംസ്ക്കാരിക പ്രതിരോധത്തിനുള്ള ബദലുകൾ തേടാൻ നമ്മൾ നിർബന്ധിതരായിരിക്കുന്ന വർത്തമാനകാലത്ത് പുസ്തകങ്ങൾ നിർവ്വഹിക്കേണ്ട ധാർമ്മിക ചുമതലയെക്കുറിച്ചുള്ള മുരളീധരന്റെ അവബോധം ഈ പുസ്തകവും പിൻപറ്റുന്നു.

> **'കുടിയിറങ്ങിയ കുടിപ്പള്ളിക്കൂടങ്ങൾ' മുതൽ കാർഷികാഘോഷങ്ങളുടെ പൊരുൾ തേടൽ വളരെ നീളുന്ന ഗൃഹാതുരമായ ഒട്ടേറെ ഓർമ്മപ്പെടുത്തലുകളാണ് പുസ്തകത്തിൽ നിറയുന്നത്. കേരളീയ ജനതയുടെ നഷ്ടസ്മൃതികളിലൊന്നായ നമ്മുടെ 'ആശാൻ പള്ളിക്കൂടങ്ങളിൽ' രൂപംകൊള്ളുന്ന മാനവസംസ്ക്കാരത്തെക്കുറിച്ചുള്ള പരാമർശം തീർച്ചയായും വായനക്കാരെ മറ്റേതൊക്കെയോ ഓർമ്മത്തുരുത്തുകളിലെത്തിക്കുന്നു.**

'കുടിയിറങ്ങിയ കുടിപ്പള്ളിക്കൂടങ്ങൾ' മുതൽ കാർഷികാഘോഷങ്ങളുടെ പൊരുൾ തേടൽ വളരെ നീളുന്ന ഗൃഹാതുരമായ ഒട്ടേറെ ഓർമ്മപ്പെടുത്തലുകളാണ് പുസ്തകത്തിൽ നിറയുന്നത്. കേരളീയ ജനതയുടെ നഷ്ടസ്മൃതികളിലൊന്നായ നമ്മുടെ 'ആശാൻ പള്ളിക്കൂടങ്ങളിൽ' രൂപംകൊള്ളുന്ന മാനവസംസ്ക്കാരത്തെക്കുറിച്ചുള്ള പരാമർശം തീർച്ചയായും വായനക്കാരെ മറ്റേതൊക്കെയോ ഓർമ്മത്തുരുത്തുകളിലെത്തിക്കുന്നു. തെത്പുകോകുറോ യോനഗിയുടെ 'ടോട്ടോചാൻ' എന്ന തീവണ്ടി ക്ലാസ്സുമുറിയിലേക്കൊക്കെ ആ അധ്യായം നമ്മെ കൊണ്ടെത്തിക്കുന്നു. കേരളത്തിന്റെ ദേശീയോത്സവമായ ഓണസ്മൃതികൾ ഒരു ഓണാട്ടുകരക്കാരന്റെ ഓർമ്മചിത്രമായി തെളിയുമ്പോഴും തിരുവാതിരയുടെ കാർഷിക-സാമൂഹിക പ്രാധാന്യം അനാവരണം ചെയ്യുമ്പോഴും ലേഖകന്റെ കർഷകമനസ്സ് സാമൂഹിക ശാസ്ത്രത്തിന്റെ വിശകലനമാതൃക തേടുന്നതു ശ്രദ്ധേയമാണ്. ഒരു പക്ഷേ കേരള സംസ്കൃതിയിലെ ഒട്ടുമിക്ക ആചാരങ്ങളും വിശ്വാസങ്ങളും മതാനുഷ്ഠാനങ്ങളെക്കാൾ സ്വാധീനം ചെലുത്തുന്നത് നമ്മുടെ കാർഷിക സംസ്ക്കാരത്തിലാണെന്ന ചിന്ത നഷ്ടമായിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ഇത്തരം പുസ്തകങ്ങളുടെ പ്രസക്തി വർധിച്ചതാണ്. മുപ്പത്തിരണ്ടദ്ധ്യായങ്ങളായി ചിട്ടപ്പെടുത്തിയിട്ടുള്ള പുസ്തകത്തിൽ മനുഷ്യജീവിത പരിണാമത്തിലെ നിർണ്ണായക ഘട്ടമായ കൃഷിയും കാർഷിക സങ്കല്പങ്ങളും അതിനോടനുബന്ധിച്ചുള്ള ആചാരങ്ങളും വിശ്വാസങ്ങളും നിറയുമ്പോൾ ജനതാ പഠനത്തിന്റെ വേരുകൾ തേടിയുള്ള യാത്രയായി മാറുന്നു. വിത്തും വിളയും നിറഞ്ഞു നിൽക്കുന്ന ഒരു സംസ്ക്കാരത്തിന്റെ പൈതൃകം തേടുമ്പോൾ അത് 'ഭസ്മം ചൂടാൻ ചാണകമെവിടെ' യെന്നുള്ള ചോദ്യത്തിനപ്പുറം, നെറ്റിത്തടത്തിലെ 'ഭസ്മക്കുറി'യുടെ രാഷ്ട്രീയത്തിനപ്പുറം അതിന്റെ ശാസ്ത്രീയ പ്രാധാന്യത്തിന്റെ അടിത്തറ തേടാനുള്ള ശ്രമമായി മാറുന്നു. ഈ പുസ്തകത്തിലെ പ്രമുഖ ലേഖനങ്ങളെല്ലാം ഈ സ്വഭാവം പിൻപറ്റുന്നു. കേവലമായ അറിവോ വിവരണമോ എന്നതിലുപരി, ലഭ്യമായ അറിവുകളെ അന്വേഷണത്തിനും തുടർ പഠനത്തിനുമുള്ള ഉൽപ്പാദന മാതൃകകളായി വികസിപ്പിക്കാനുള്ള ലേഖകന്റെ ശ്രമം ശ്രദ്ധേയമാണ്. വാസ്തവത്തിൽ നമ്മുടെ നാട്ടറിവുകളിൽ സംഭൃതമായിരിക്കുന്ന ജ്ഞാനമാതൃകകളെ പഠനഗവേഷണ മണ്ഡലങ്ങളിലേക്ക് സന്നിവേശിപ്പിക്കാനുള്ള ശ്രമമെന്ന നിലയിലാണ് ഈ പുസ്തകം വിലയിരുത്തപ്പെടേണ്ടത്. കൃഷിയും വിശ്വാസത്തിന്റെ നാട്ടുപഴമയും കൂട്ടായ്മയുടെ സുവിശേഷങ്ങളായ നമ്മുടെ ആചാരാനുഷ്ഠാനങ്ങളും നമ്മുടെ ജീവിതത്തെ ജീവിതവ്യമാക്കുന്ന അപൂർവ്വം ഊർജ്ജസ്രോതസ്സുകളാണ്. മനുഷ്യമനസ്സുകളിൽ പച്ചപ്പിന്റെ ആർദ്രത തിരിച്ചുപിടിക്കാൻ നമുക്കിനിയുമവശേഷിക്കുന്നത് ഈ ഈടുവയ്പ്പുകൾ മാത്രം. അവയെ വീണ്ടെടുക്കുന്ന സാംസ്ക്കാരിക ദൗത്യമാണ് 'കാർഷികാചാരങ്ങൾ' - കാഴ്ചയും വിചാരവും' നിർവ്വഹിക്കുന്നത്. അതുതന്നെയാണ് ഈ പുസ്തകത്തിന്റെ വ്യതിരിക്തതയും. ■







കവിത

**അശോകൻ സി.ജി.**

## സ്മാർത്ത വിചാരം

നീതി പീഠത്തിന്റെ വിചാരണയ്ക്ക് മുന്നിൽ
മൗനം കൊണ്ടവൾ നാണം മറച്ചു
വാദി-പ്രതി ഭാഗങ്ങളുടെ
മൊഴിയമ്പുകളിൽ,
വീണ്ടും വീണ്ടുമവൾ നഗ്നയായി.
സ്മാർത്ത വിചാരകർ
പടിയിറങ്ങവെ
കാക്കിക്കും ലാത്തിക്കും
കഴുകൻ കണ്ണുകൾക്കുമിടയിൽ
ഒരു ഞരക്കം മാത്രമായവൾ ശേഷിച്ചു
അവസാനം
ബാക്കിപത്രം പകർത്താനെത്തിയവരുടെ-
മുന്നിൽ
മറയ്ക്കാനിനിയൊന്നും ബാക്കിയില്ലല്ലൊ...!
അവൾ വിലപിച്ചു.
ഒളിപ്പിക്കാനിനിയൊന്നും ശേഷിക്കുന്നില്ലല്ലൊ.........!
അവൾ ആശ്വസിച്ചു.

## കാക്ക പറയുന്നത്

**അജിത് എഴക്കാട്**



കുട്ടി - കാക്കേ, കാക്കേ നീയെന്താ-
ണിത്ര വെളുപ്പിനുണർന്നീടാൻ
ഞങ്ങളുറങ്ങും നേരത്ത്
കാ....കാ.........ചൊല്ലിയുണർത്താനോ?

കാക്ക - കുഞ്ഞേ നിന്നെയുണർത്തീടാൻ
കൊക്കര കൊക്കോ കൂവീടും
പൂവൻ കോഴിയതുണ്ടല്ലോ
നാടിൻ ശംഖധ്വനിയായി !



കുട്ടി - പിന്നെന്തിനിങ്ങനെ ചങ്ങാതീ
അതികാലേ നീ കാ........കാ.....കാ...
നിന്നുടെ കുഞ്ഞിനു കൂട്ടായീ
കൂട്ടിനകത്തു കഴിഞ്ഞൂടേ?

കാക്ക - വീട്ടിൽ നിങ്ങൾ വലിച്ചെറിയും
ഉച്ഛിഷ്ടങ്ങൾ പെറുക്കീടാൻ;
നാടതു ശുചിയാക്കീടാനായ്
ഞാനുണരുന്നൂ നേരത്തേ!

# വാർത്തകളും വിശേഷങ്ങളും

## തദ്ദേശസ്വയംഭരണ വകുപ്പ് പ്രവർത്തനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ വകുപ്പ് ഇപ്പോൾ തുടരുന്നതുപോലെ ഒരു വകുപ്പായി തന്നെ തുടരുന്നതിനും വകുപ്പിലെ സെക്രട്ടറിമാർ ഫയലുകൾ ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാർക്ക് സമർപ്പിക്കുന്നതിനും, കൂടാതെ ഏകോപനം ആവശ്യമായി വരുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിലേക്കായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിമാരായ എം.കെ. മുനീർ, പി.കെ. കുഞ്ഞാലിക്കുട്ടി, കെ.സി. ജോസഫ് എന്നിവർ ഉൾപ്പെടുന്ന ഉപസമിതിയെ ചുമതലപ്പെടുത്തിയും ഉത്തരവായി. (സ.ഉ.(എം.എസ്)നം/97/2011/തസ്വഭവ, തീയതി 28.05.2011).

## ആംബുലൻസ് വാടകയ്ക്കെടുക്കുന്നതിന് അനുമതി

സാമൂഹ്യക്ഷേമ വകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് അത്യാവശ്യ ഘട്ടങ്ങളിൽ ആംബുലൻസ് വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായി. വാടകയുടെ നിരക്ക് ജില്ലാ കളക്ടർമാർ നിശ്ചയിച്ചു നൽകേണ്ടതാണ്. നിരക്ക് നിശ്ചയിക്കുന്നതിന്, ഒരു നിശ്ചിത ദൂരം വരെ അടിസ്ഥാന നിരക്കും അതിൽ കൂടുതൽ വരുന്ന ഓരോ കിലോമീറ്റർ ദൂരത്തിനും പ്രത്യേക നിരക്കും എന്ന രീതി അവലംബിക്കാവുന്നതാണ്. വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന അവസരത്തിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി സ്ഥാപനത്തിന്റെ സൂപ്രണ്ട് ഒരു രജിസ്റ്റർ സൂക്ഷിക്കണം. രജിസ്റ്ററിൽ ബന്ധപ്പെട്ട അന്തേവാസിയുടെ പേര്, വയസ്, ഏത് ആശുപത്രിയിലേക്കാണ് കൊണ്ടുപോയത്, ആകെ സഞ്ചരിച്ച ദൂരം, അനുവദിച്ച വാടക മുതലായ വിവരങ്ങൾ രേഖപ്പെടുത്തി സൂപ്രണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. വാടക നൽകുന്നതിന് മെയിന്റനൻസ്, ജനറൽ പർപ്പസ്, തനത് ഫണ്ടുകൾ വിനിയോഗിക്കാവുന്നതാണ്. (സ.ഉ.(സാധാ).നമ്പർ.1207/2011/തസ്വഭവ, തീയതി 13.05.2011.)

## തനത് വരുമാനത്തിന് ഒരു ബാങ്ക് അക്കൗണ്ട് മാത്രം

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകി. (26.05.2011ലെ 58725/എഫ്.എം3/2008/തസ്വഭവ-നംപർ സർക്കുലർ)

## കളി സ്ഥലങ്ങൾക്ക് ധനസഹായം

കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾക്കും വികസനത്തിനും സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം ധനസഹായത്തിനായി താത്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ/സർവ്വകലാശാലകൾ/രജിസ്റ്റേർഡ് സൊസൈറ്റികൾ/സഹകരണ സ്ഥാപനങ്ങൾ/കായിക വികസനത്തിനായി പ്രവർത്തിക്കുന്ന സർക്കാരേതര സ്ഥാപനങ്ങൾ എന്നിവർ ഇതു സംബന്ധിച്ച അപേക്ഷ ഡയറക്ടർ, കായിക യുവജന കാര്യാലയം, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ ജൂലൈ 15നകം സമർപ്പിക്കണം. അപേക്ഷാ ഫോറവും മാർഗ്ഗനിർദ്ദേശങ്ങളും www.dsya.kerala.gov.in വെബ് സൈറ്റിൽ What's new ലിങ്കിൽ നിന്നും ലഭിക്കും.

## ടെണ്ടറില്ലാതെ ഉപകരണങ്ങൾ വാങ്ങുന്നതിന്റെ കാലാവധി നീട്ടി

ഷൊർണൂരിലെ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും സംസ്ഥാന സർക്കാർ, പൊതുമേഖല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ ക്ഷണിക്കാതെ കാർഷികോപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിനുള്ള അനുമതി 2010 ആഗസ്റ്റ് 11 മുതൽ ഒരു വർഷത്തേക്ക് നീട്ടി ഉത്തരവായി. സ്റ്റോർ പർച്ചേസ് മാന്വൽ അടിസ്ഥാനമായി സർക്കാർ നിശ്ചയിച്ച വില പട്ടിക പ്രകാരം വിൽപ്പന വിലയിൽ കൂടാത്ത നിരക്കിലാവണം ഇവ വാങ്ങേണ്ടത്.

## തണ്ണീർത്തട സംരക്ഷണത്തിന് നോഡൽ ഏജൻസി

സംരക്ഷിത വനപ്രദേശങ്ങൾക്ക് പുറത്തുള്ള തണ്ണീർത്തടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും നിയന്ത്രണങ്ങളുടെ മേൽനോട്ടത്തിനുമായി എൻവയൺമെന്റ് ആൻഡ് ക്ലൈമറ്റ് ചേഞ്ച് ഡയറക്ടറേറ്റിനെ നോഡൽ ഏജൻസിയായി നിശ്ചയിച്ചു. സംസ്ഥാനത്തിനുള്ളിലെ തണ്ണീർത്തടങ്ങളെ കണ്ടെത്തി വർഗ്ഗീകരണം നടത്തി കേന്ദ്ര തണ്ണീർത്തട റെഗുലേറ്ററി അതോറിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കാൻ നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തി.

## എം.കെ. ജോസഫിന്റെ ജീവചരിത്രം: അഭ്യർത്ഥന


പ്രഗല്ഭനായ പോലീസ് ഓഫീസർ, നാടക ചിന്തകൻ, കഥാകൃത്ത്, വാഗ്മി, കലാകായിക കേരളത്തിന്റെ പുരസ്കർത്താവ് എന്നീ നിലകളിൽ മറക്കാനാവാത്ത സംഭാവന നൽകിയ മുൻ ഡി.ജി.പി. എം.കെ. ജോസഫിന്റെ ജീവചരിത്രം രചിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലേക്കും സംഭാവനകളിലേക്കും വെളിച്ചം വീശുന്ന കത്തുകളോ മറ്റു രേഖകളോ കൈവശമുള്ളവർ അവയും ഓർമ്മക്കുറിപ്പുകളും അയച്ചുതന്ന് സഹായിക്കണമെന്ന്, സ്മര്യപുരുഷന്റെ ബന്ധുമിത്രാദികളോടും സഹപ്രവർത്തകരോടും അഭ്യർത്ഥിക്കുന്നു. വിലാസം ഡോ. എഴുമറ്റൂർ രാജരാജവർമ്മ, കോവിലകം, എം.പി. അപ്പൻനഗർ, വഴുതക്കാട്, തിരുവനന്തപുരം, 695014 ഫോൺ: 0471-2333815, 2332027. (മൊ)9847125794.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.




ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി




# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**


www.ammini.com
ammini
partnering with tomorrow
ഊർജ്ജസംരക്ഷണത്തിന്റെ
വിജയഗാഥയുമായി
അമ്മിണി എനർജി സിസ്റ്റംസിന്റെ
ലൈട്രോൺ
BIS CERTIFIED
CFL വഴിവിളക്കുകൾ
കേരളത്തിൽ മാത്രം 1.7 ലക്ഷത്തിൽ പരം ഇൻസ്റ്റലേഷൻസ്
700 ൽപരം ലോക്കൽ ബോഡി കസ്റ്റമേഴ്സ്
ഇന്ത്യയിലെ ഏക ISI മാർക്ക്ഡ് CFL സ്ട്രീറ്റ്ലൈറ്റ്
ISO 9001: 2008 സർട്ടിഫൈഡ് ഉത്പാദനപ്രക്രിയ
15 മാസം വാറന്റി; കുറഞ്ഞ പരിപാലന ചെലവ്
വാറന്റിക്കുശേഷം AMC മുഖാന്തിരം മെയിന്റനൻസ്
മൊബൈൽ സർവ്വീസ് യൂണിറ്റുകൾ
സ്റ്റോർ പർച്ചേസ് രജിസ്റ്റേർഡ്
NSIC രജിസ്റ്റേർഡ്
SIDCO രജിസ്റ്റേർഡ്
ഇപ്പോൾ ടെണ്ടർ വിളിക്കാതെ സിഡ്കോ (SIDCO) മുഖാന്തിരം വാങ്ങാവുന്നതാണ്
നിങ്ങളുടെ പഞ്ചായത്തിൽ ലൈട്രോൺ ഉണ്ടോ?
ഇല്ലെങ്കിൽ ഇന്നുതന്നെ ബന്ധപ്പെടുക
തിരുവനന്തപുരം 93871 60215
കൊല്ലം 93871 60215
പത്തനംതിട്ട 93871 60215
ആലപ്പുഴ 93871 60216
കോട്ടയം 93871 60216
ഇടുക്കി 93871 60216
എറണാകുളം 93871 60216
തൃശ്ശൂർ 93871 60217
പാലക്കാട് 93871 60217
മലപ്പുറം 93871 60217
കോഴിക്കോട് 93871 60218
വയനാട് 93871 60218
കണ്ണൂർ 93871 60218
കാസർകോഡ് 93871 60218
അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം - 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
ഇ-മെയിൽ: mail@ammini.com
ammini
partnering with tomorrow
അമ്മിണി എനർജി സിസ്റ്റംസ്
ലൈറ്റിംഗ് രംഗത്ത് 15 വർഷത്തെ സേവന പാരമ്പര്യം
ISO 9001: 2008 CERTIFIED
NSIC
REGISTERED
ONICRA
We Secure Trust
NSIC - ONICRA CREDIT RATED SE2A
CONTACT FOR ALL SUPPORTS (TOLL FREE) : 1800 300 00 600